# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 157** **27.02.2017-ൽ മറുപടിക്ക്**

<u>'അഴിമതി സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിനുള്ള ക്യാബിനറ്റ് സബ് കമ്മിറ്റി'</u>

| ചോദ്യം<br>ശ്രീ.കെ.വി. വിജയദാസ് | | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) | കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുള്ള അഴിമതി സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിനായി ഒരു ക്യാബിനറ്റ് സബ് കമ്മിറ്റിയ്ക്ക് എൽ.ഡി.എഫ്. സർക്കാർ രൂപം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കമ്മിറ്റി കണ്ടെത്തിയിട്ടുള്ള അഴിമതിയുടെ വിശദാംശങ്ങൾ നൽകുമോ; | (എ)&(ബി). 01.01.2016 മുതൽ 30.04.2016 വരെയുള്ള കാലയളവിൽ കഴിഞ്ഞ സർക്കാരിന്റെ മന്ത്രിസഭാ യോഗ തീരുമാനങ്ങൾ പുന:പരിശോധനയ്ക്കായി രൂപീകരിച്ച മന്ത്രിസഭാ ഉപസമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു. ഉപസമിതിയുടെ റിപ്പോർട്ട് 14.03.2017-ന് ചേർന്ന മന്ത്രിസഭായോഗം ചില ഭേദഗതികളോടെ അംഗീകരിച്ചിട്ടുണ്ട്. മന്ത്രിസഭാ യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പോ അല്ലെങ്കിൽ സംക്ഷിപ്ത വിവരങ്ങൾ ഉൾപ്പെടെയുള്ള വിശദ വിവരങ്ങളോ നൽകാമോ; | |
| (സി) | ആയതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സർക്കാർ എടുത്തിട്ടുള്ള എത്ര തീരുമാനങ്ങൾ റദ്ദ് ചെയ്തിട്ടുണ്ട്; വിശദവിവരങ്ങൾ നൽകാമോ? | (സി) 14.03.2017-ന് ചേർന്ന മന്ത്രിസഭാ യോഗം പ്രസ്തുത റിപ്പോർട്ട് ചില ഭേദഗതികളോടെ അംഗീകരിച്ചിട്ടുണ്ട്. ചില തീരുമാനങ്ങൾ റദ്ദ് ചെയ്യുവാനും ചില തീരുമാനങ്ങൾ പുന:പരിശോധിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. പുന:പരിശോധനയ്ക്ക് വിധേയമാക്കുവാൻ മന്ത്രിസഭ തീരുമാനിച്ചിട്ടുള്ള കാര്യങ്ങളിൽ ബന്ധപ്പെട്ട സെക്രട്ടറിമാർ കുറിപ്പുകൾ സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

ഉത്തരവിൻ പ്രകാരം,

Mochalatingr

സെക്ഷൻ ഓഫീസർ

അനുബന്ധം I

# മുൻ മന്ത്രിസഭായോഗ തീരുമാനങ്ങൾ പുനഃപരിശോധിക്കുന്ന മന്ത്രിസഭാ ഉപസമിതി റിപ്പോർട്ട്

## ആമുഖം

കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് 2016 ജനുവരി 1 – ന് ശേഷം എടുത്തിട്ടുള്ള എല്ലാ മന്ത്രിസഭാ യോഗ തീരുമാനങ്ങളും അതാത് വകുപ്പ് സെക്രട്ടറിമാർ പരിശോധിച്ച് പുനഃപരിശോധന ആവശ്യമുള്ളവ മന്ത്രിസഭ ഉപസമിതിയുടെ പരിഗണനയ്ക്ക് നൽകേണ്ടതാണെന്നും ഉപസമിതിയുടെ ശുപാർശയ്ക്കനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണെന്നും 25.05.2016 – ലെ ഇനം നം.9 ആയി മന്ത്രിസഭാ യോഗം തീരുമാനിച്ചു. ബഹു. പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ.കെ.ബാലൻ പ്രസ്തുത ഉപസമിതിയുടെ കൺവീനറും അഡ്വ. വി.എസ്. സുനിൽകുമാർ, ശ്രീ. എ.കെ. ശശീന്ദ്രൻ, ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, അഡ്വ. മാത്യു ടി. തോമസ്, ഡോ. ടി.എം. തോമസ് ഐസക് എന്നീ മന്ത്രിമാർ അംഗങ്ങളുമാണ്.

2016 ജനുവരി 1 മുതൽ 2016 ഏപ്രിൽ 30 വരെ കഴിഞ്ഞ മന്ത്രിസഭ എടുത്ത തീരുമാനങ്ങൾ അടങ്ങിയ ഫയലുകൾ പരിശോധിച്ച ശേഷമുള്ള മന്ത്രിസഭാ ഉപസമിതി റിപ്പോർട്ട്.

## ബഹു. സുപ്രീംകോടതിയുടെ Secretary, State of Karnataka and Others Vs. Uma Devi & Others കേസിലെ വിധിക്ക് വിരുദ്ധമായ തീരുമാനങ്ങൾ

# ക്രമവിരുദ്ധ നിയമനങ്ങൾ

## 1. ANIMAL HUSBANDRY DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 1 (2) | | 8373 തീയതി 18.02.2016 | നിലവിൽ ക്ഷീരവികസന വകുപ്പിലെ 152 ക്ഷീരവികസന യൂണിറ്റുകളിലും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെടുത്തി അനുമതി നൽകി കരാർ അടിസ്ഥാനത്തിൽ തുടർന്നു വരുന്നതും എട്ട് മാസം കാലാവധി പൂർത്തിയാക്കിവരുമായ 152 ഡയറി പ്രൊമോട്ടർമാരെ കാഷ്വൽ ജീവനക്കാരായി മാറ്റുന്നതും തുടർന്ന് ഡയറി പ്രൊമോട്ടർമാരായി നിയോഗിക്കുന്നതിനും തീരുമാനിച്ചു. | ബഹു. സുപ്രീംകോടതിയുടെ Secretary, State of Karnataka Vs. Uma Devi & Others കേസിലെ വിധിയുടേയും കരാർ/ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ നിയമവകുപ്പ് നൽകിയ അഭിപ്രായത്തിന്റേയും ലംഘനമാണ്. തീരുമാനം റദ്ദാക്കേണ്ടതാണ്. |
| 2(4) | 203/എഫ്1/2015/എ.എച്ച് | 8687 തീയതി 02.03.2016 (OA) | കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിൽ അൺസ്കിൽഡ് വർക്കർ കാറ്റഗറിയിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന 12 ജീവനക്കാരെ അനുവദനീയമായ തസ്തികകളിൽ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചു. | തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം നിലവിൽ വന്നതിനാൽ ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഫയലിനാസ്പദമായ വിഷയം ബഹു. സുപ്രീംകോടതിയുടെ Secretary, State of Karnataka Vs. Uma Devi & Others കേസിലെ വിധിയുടേയും കരാർ/ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ നിയമവകുപ്പ് നൽകിയ അഭിപ്രായത്തിന്റേയും ലംഘനമാണ്. തീരുമാനം റദ്ദാക്കേണ്ടതാണ്. |

## 2. ELECTION DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 3 (1) | 2773/ഇ.എ.2/2015/ഇലക്ഷൻ | 8184 തീയതി 03.02.2016 (OA) | ഇലക്ഷൻ വകുപ്പിൽ ചീഫ് ഇലക്ടറൽ ഓഫീസറുടെ ഓഫീസിൽ ഒരു ഡ്രൈവറുടെ തസ്തിക സൃഷ്ടിക്കുന്നതിനും ഈ തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന ശ്രീ. ഡബ്ല്യു. ബാലുവിന് മാനുഷിക പരിഗണന നൽകി സ്ഥിര നിയമനം നൽകുന്നതിനും തീരുമാനിച്ചു. | ഫയലിനാസ്പദമായ വിഷയം ബഹു. സുപ്രീംകോടതിയുടെ Secretary, State of Karnataka Vs. Uma Devi & Others കേസിലെ വിധിയുടേയും കരാർ/ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ നിയമവകുപ്പ് നൽകിയ അഭിപ്രായത്തിന്റേയും ലംഘനമാണ്. തീരുമാനം റദ്ദാക്കേണ്ടതാണ്. |

## 3. CO-OPERATION DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 4 (1) | 2378/ബി1/2014/സഹ | 8248 തീയതി 10.02.2016 | കേരള സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ പ്യൂൺ കം വാച്ച്മാനായി ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. എസ്. സഞ്ജീവ് കുമാർ, ഡ്രൈവർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ജി. ശ്രീകുമാർ എന്നിവരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചതാണ് ഈ ഫയൽ. | ശ്രീ. എസ്. സഞ്ജീവ് കുമാർ, 25.07.2001 മുതലും ശ്രീ. ജി. ശ്രീകുമാർ 26.03.2002 മുതലും പ്രസ്തുത തസ്തികകളിൽ സേവനമനുഷ്ഠിക്കുകയാണ്. ടിയാളുടെ സേവനകാലം കണക്കിലെടുത്ത് പ്രസ്തുത തസ്തികകളിൽ സ്ഥിരപ്പെടുത്തണമെന്നുള്ള സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന്റെ അപേക്ഷ സഹകരണ സംഘം രജിസ്ട്രാർ ശുപാർശ ചെയ്യുകയുണ്ടായി. ഉദ്യോഗസ്ഥഭരണ പരിഷ്കാര, ധനകാര്യ വകുപ്പുകൾ ഈ പ്രൊപ്പോസൽ അംഗീകരിക്കാനാവില്ല എന്ന നിലപാടിലായിരുന്നു. മുൻ മുഖ്യമന്ത്രിയുടെ ഉത്തരവ് |

| | | | | |
|---|---|---|---|---|
| | | | | പ്രകാരം ഈ വിഷയം മന്ത്രിസഭയ്ക്ക് സമർപ്പിച്ചിരുന്നു. ശ്രീ. എസ്. സഞ്ജീവ് കുമാർ, ശ്രീ. ജി. ശ്രീകുമാർ എന്നിവരെ സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷനിൽ സ്ഥിരപ്പെടുത്താൻ മന്ത്രിസഭ അംഗീകാരം നൽകുകയും ചെയ്തു. എന്നാൽ, ഇപ്രകാരം സ്ഥിരപ്പെടുത്തുന്നത് ബഹു. സുപ്രീംകോടതി (Secretary, State of Karnataka Vs. Uma Devi & Others) വിധിക്കെതിരാകുമെന്ന ധനകാര്യ അഡീഷണന്ന ചീഫ് സെക്രട്ടറിയുടെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ ഇതിൻമേൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തീരുമാനം റദ്ദാക്കേണ്ടതാണ്. |

## 3. CULTURAL AFFAIRS DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 5 (4) | 5260/ബി1/2012/സാം.ക.വ | 8321 തീയതി 17.02.2016. | സംസ്ഥാന പുരാവസ്തു വകുപ്പിൽ തൃപ്പൂണിത്തറ ഹിൽപാലസ് മ്യൂസിയത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ഇലക്ട്രീഷ്യനായി ജോലി നോക്കി വരുന്ന ശ്രീ. സത്യപാലൻ. കെ. ആർ - നെ സൂപ്പർ ന്യൂമറി തസ്തിക സൃഷ്ടിച്ച് ഉത്തരവ് തീയതി മുതൽ മുൻകാല പ്രാബല്യമില്ലാതെ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചു. | കേരള പബ്ലിക് സർവ്വീസ് കമ്മീഷനും ധനകാര്യവകുപ്പും നിയമവകുപ്പും എതിരഭിപ്രായം നൽകിയിട്ടുണ്ട്. ബഹു. സുപ്രീംകോടതിയുടെ Secretary, State of Karnataka Vs. Uma Devi & Others കേസിലെ വിധിയുടേയും കരാർ/ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ നിയമവകുപ്പ് നൽകിയ അഭിപ്രായത്തിന്റേയും ലംഘനമാണ്. തീരുമാനം റദ്ദാക്കേണ്ടതാണ്. |

| | | | | |
|---|---|---|---|---|
| 6 (8) | 6183/സി1/2015/സാം.ക.വ | 8517 തീയതി 25.02.2016. | കേരള സംസ്ഥാന സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിൽ ദിവസവേതനത്തിലും കരാർ അടിസ്ഥാനത്തിലുമായി പത്ത് വർഷത്തിലേറെ സർവ്വീസുള്ള അഞ്ച് പേരെ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചു. | ബഹു. സുപ്രീംകോടതിയുടെ Secretary, State of Karnataka Vs. Uma Devi & Others കേസിലെ വിധിയുടെ ലംഘനമാണ്. തീരുമാനം റദ്ദാക്കേണ്ടതാണ്. |
| 7 (9) | 640/ബി2/2015/സാം.ക.വ | 8518 തീയതി 25.02.2016. | മ്യൂസിയവും മൃഗശാലയും വകുപ്പിൽ എട്ട് ഡെയ്‌ലിവേജ് കീപ്പർമാരെ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചു. | ധനകാര്യവകുപ്പിന്റെയും ബഹു. സുപ്രീംകോടതിയുടെ Secretary, State of Karnataka Vs. Uma Devi & Others കേസിലെ വിധിയുടേയും കരാർ/ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ നിയമവകുപ്പ് നൽകിയ അഭിപ്രായത്തിന്റേയും ലംഘനമാണ്. തീരുമാനം റദ്ദാക്കേണ്ടതാണ്. |

## 4. TOURSIM DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 8 (2) | 2106/എ1/2015/ടൂറിസം | 8074 തീയതി 20.01.2016. | വിനോദസഞ്ചാര വകുപ്പിൽ വിവിധ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ പത്തു വർഷത്തിലേറേക്കാലമായി ജോലി ചെയ്തുവരുന്നവരെ പി.എസ്.സി. മുഖേനയല്ലാതെ നികത്തേണ്ട തസ്തികകളിൽ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചു. | ബഹു. സുപ്രീംകോടതിയുടെ Secretary, State of Karnataka Vs. Uma Devi & Others കേസിലെ വിധിയുടേയും കരാർ/ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ നിയമവകുപ്പ് നൽകിയ അഭിപ്രായത്തിന്റേയും ലംഘനമാണ്. ഈ വിഷയത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. തീരുമാനം റദ്ദാക്കേണ്ടതാണ്. |
| 9 (4) | 4866/എ1/2015/ടൂറിസം | 8505 തീയതി 25.02.2016. | ടൂറിസം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ പത്തു വർഷത്തിലേറെ കാലമായി ജോലി | ബഹു. സുപ്രീംകോടതിയുടെ Secretary, State of Karnataka Vs. Uma Devi & Others കേസിലെ വിധിയുടേയും |

| | | | | |
|---|---|---|---|---|
| | | | ചെയ്തുവരുന്ന ശ്രീമതി. മൈമുനയെ ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടന്ന് KS&SSR ഭാഗം II ചട്ടം 9 a (i) വ്യവസ്ഥയിൽ ഇളവു വരുത്തി ചട്ടം 39 ന്റെ ആനുകൂല്യത്തിൽ ടൂറിസം വകുപ്പിന്റെ കീഴിലുള്ള പി.എസ്.സി.യുടെ പരിധിയിൽ വരാത്ത ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചു. | കരാർ/ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ നിയമവകുപ്പ് നൽകിയ അഭിപ്രായത്തിന്റേയും ലംഘനമാകുമെന്നതിനാൽ ടി വിഷയത്തിൽ ഉത്തരവ് പുറപ്പെടുവിക്കാതെ മന്ത്രിസഭായോഗത്തിനു മുൻപാകെ പുന:പരിശോധനക്കായി സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. സേവന ചട്ടങ്ങൾക്കും കോടതി വിധിക്കും എതിരായ തീരുമാനം റദ്ദാക്കേണ്ടതാണ്. |
| 10 (5) | 1613/ബി3/2015/ടൂറിസം | 8675 തീയതി 02.03.2016 (OA) | 2002 ആഗസ്റ്റിൽ മലയാറ്റൂരിൽ പ്രവർത്തനമാരംഭിച്ച കിറ്റ്സിന്റെ ഹോസ്പിറ്റാലിറ്റി ശാഖയായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സ്റ്റഡീസിൽ ജോലി ചെയ്തിരുന്ന താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് Out of Agenda ആയി തീരുമാനിച്ചു. | ബഹു. സുപ്രീംകോടതിയുടെ Secretary, State of Karnataka Vs. Uma Devi & Others കേസിലെ വിധിയുടേയും കരാർ/ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ നിയമവകുപ്പ് നൽകിയ അഭിപ്രായത്തിന്റേയും ലംഘനമാകുമെന്നതിനാൽ ടി വിഷയത്തിൽ ഉത്തരവ് പുറപ്പെടുവിക്കാതെ മന്ത്രിസഭായോഗത്തിനു മുൻപാകെ പുന:പരിശോധനക്കായി സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. സേവന ചട്ടങ്ങൾക്കും കോടതി വിധിക്കും എതിരായ തീരുമാനം. റദ്ദാക്കേണ്ടതാണ്. |

## 5. INDUSTRIES DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 11 (1) | 18149/ജി1/2012/വ്യ.വ | 7300 തീയതി 06.01.2016 | കിൻഫ്രായിൽ താൽക്കാലിക കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചു. | ബഹു. സുപ്രീംകോടതിയുടെ Secretary, State of Karnataka Vs Umadevi & Others. (AIR 2006 SC 1804) കേസിലെ വിധിയെ ലംഘിക്കുന്ന തീരുമാനങ്ങൾ എടുക്കുന്നത് നിയമപരമായി ശരിയല്ലെന്ന് വിശദമാക്കിയിട്ടുള്ള സാഹചര്യത്തിൽ തീരുമാനം റദ്ദാക്കേണ്ടതാണ്. |

## 6. FOREST & WILDLIFE DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 12 (2) | 410855/എഫ്1/16/വനം | 8577 തീയതി 25.02.2016 | വനം വകുപ്പിൽ ഇരുപത് വർഷത്തിലേറെ കാലമായി തുടർച്ചയായി താൽക്കാലിക അടിസ്ഥാനത്തിൽ വാച്ചർ തസ്തികയിൽ ജോലി ചെയ്തിരുന്നവരെ 14.05.2015, 28.12.2015 തീയതികളിലെ യഥാക്രമം സ.ഉ (കൈ) നം. 29/2015/വനം, സ.ഉ (കൈ) നം. 110/2015/വനം ഉത്തരവുകൾ പ്രകാരം സ്ഥിരപ്പെടുത്തിയതിൽ വിട്ടുപോയ 11 പേരേ കൂടി ഉൾപ്പെടുത്തി സൂപ്പർന്യൂമിററി വാച്ചർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്താൻ തീരുമാനിച്ചു. | ധനകാര്യ, നിയമ വകുപ്പുകളുടെ എതിരഭിപ്രായത്തെ മറികടന്നാണ് മന്ത്രിസഭാ യോഗത്തിന് മുമ്പാകെ വിഷയം സമർപ്പിച്ചത്. എന്നാൽ തെരഞ്ഞെടുപ്പിന്റെ മാതൃകാ പെരുമാറ്റച്ചട്ടത്തിന് ശേഷം ഉത്തരവ് പുറപ്പെടുവിക്കാമെന്ന മുൻ വനം വകുപ്പ് മന്ത്രി ഉത്തരവ് പ്രകാരം തസ്തിക സൃഷ്ടിച്ചു കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. താൽക്കാലിക ജീവനക്കാരെ യാതൊരു കാരണവശാലും സർവ്വീസിൽ റഗുലറൈസ് ചെയ്യരുതെന്നും കൂടാതെ മുമ്പ് സ്ഥിരപ്പെടുത്തിയ 234 താൽക്കാലിക ജീവനക്കാരുടെ നിയമനം ബഹു. സുപ്രീം കോടതിയുടെ State of |

| | | | | |
|---|---|---|---|---|
| | | | | Karnataka v. Umadevi & Others കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കപ്പെടേണ്ടതാണെന്നും ധനകാര്യവകുപ്പ് അഭിപ്രായപ്പെടുകയുണ്ടായി. തീരുമാനം പുനഃപരിശോധിക്കണം. |

## 7. LOCAL SELF GOVERNMENT DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 13 (15) | 83/ഡിഡി1/2015/ത.സ്വ.ഭ.വ | 8338 തീയതി 17.02.2016. | കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്പ്മെന്റ് ഏജൻസിയിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീ. എം. റഫീക്ക്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ശ്രീ. സി.ബി. വിനോദ്, പ്യൂൺ (ഓഫീസ് അറ്റൻഡന്റ്) എന്നീ ജീവനക്കാരുടെ സർവ്വീസ് റഗുലറൈസ് ചെയ്യുന്നതിനു തീരുമാനിച്ചു. | ബഹു. സുപ്രീംകോടതിയുടെ Secretary. State of Karnataka Vs. Uma Devi & Others കേസിലെ വിധിയുടേയും കരാർ/ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ നിയമവകുപ്പ് നൽകിയ അഭിപ്രായത്തിന്റേയും ലംഘനമാണ്. തീരുമാനം റദ്ദാക്കേണ്ടതാണ്. |
| 14 (30) | | 8541, തീയതി 25/02/2016 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) - ൽ ദിവസ വേതനാടിസ്ഥാനത്തിൽ താല്ക്കാലികമായി ജോലി ചെയ്തു വരുന്ന എട്ട് ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചു. | ബഹു. സുപ്രീംകോടതിയുടെ Secretary, State of Karnataka Vs. Uma Devi & Others കേസിലെ വിധിയുടേയും കരാർ/ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ നിയമവകുപ്പ് നൽകിയ അഭിപ്രായത്തിന്റേയും ലംഘനമാണ്. തീരുമാനം റദ്ദാക്കേണ്ടതാണ്. |
| 15 (35) | | 8546, തീയതി 25/02/2016 | പത്ത് വർഷം പൂർത്തിയാക്കിയ പെരിന്തൽമണ്ണ നഗരസഭയിലെ ശ്രീ. കെ അയ്യപ്പൻ, ശ്രീ. ബി. അയ്യപ്പൻ, ശ്രീ. പി.പി. സുബ്രഹ്മണ്യൻ, ശ്രീ. ആർ.ടി. സുരേഷ് ബാബു, ശ്രീ. പി. കുഞ്ഞൻ, ശ്രീ. കെ. ശശികുമാർ, ശ്രീ. കെ. ശിവദാസൻ എന്നീ ഏഴ് കൊതുക് നിവാരണ തൊഴിലാളികളെയും, കോട്ടയ്ക്കൽ | പത്ത് വർഷം പൂർത്തിയാക്കിയ പെരിന്തൽമണ്ണ നഗരസഭയിലെ ശ്രീ. എം. പ്രശാന്തിനെ എൽ.ഡി. ക്ലാർക്ക് തസ്തികയിലും, പൊന്നാനി നഗരസഭയിലെ ശ്രീമതി സരസ്വതി പത്തന കത്ത് എന്നിവരെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലും, മലപ്പുറം നഗരസഭയിലെ ശ്രീ. കെ. പി. നൗഷാദ് റഹ്മാനെ വാച്ച്മാൻ തസ്തികയിലും സ്ഥിരപ്പെടുത്താൻ തീരുമാനിച്ചു |

| | | | | |
|---|---|---|---|---|
| | | | നഗരസഭയിലെ ശ്രീ. എ.വി. വിജയൻ, ശ്രീ.എം. മുഹമ്മദ്, തിരൂർ നഗരസഭയിലെ ശ്രീ. വി. നഫ്സു റഹ്മാൻ, കണ്ണൂർ നഗരസഭയിലെ കെ. ദിനേശൻ എന്നീ കണ്ടിജന്റ് തൊഴിലാളികളെയും അതാത് നഗരസഭകളുടെ പകരം തൊഴിലാളികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി ഒഴിവ് വരുന്ന മുറയ്ക്ക് സ്ഥിരപ്പെടുത്താൻ തീരുമാനിച്ചു. | മന്ത്രിസഭായോഗ തീരുമാനത്തിനു ശേഷം ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരായുകയും പ്രസ്തുത വകുപ്പിന്റെ അഭിപ്രായ പ്രകാരം ഫയലിനാസ്പദമായ വിഷയം ബഹു. സുപ്രീംകോടതിയുടെ Secretary, State of Karnataka Vs. Uma Devi & Others കേസിലെ വിധിയുടേയും കരാർ/ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ നിയമവകുപ്പ് നൽകിയ അഭിപ്രായത്തിന്റേയും ലംഘനമാണ്. ടി വിഷയത്തിൽ **ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതുമാകുന്നു.** തീരുമാനം റദ്ദാക്കേണ്ടതാണ്. |
| 16 (36) | 9163/ഐഎ.2/2015/ ത.സ്വ.ഭ.വ | 8629, തീയതി 01/03/2016 | കെ.എസ്.യു.ഡി.പി.യിൽ കരാറടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററായി ജോലി ചെയ്യുന്ന ശ്രീ. സാവിയോ സജിയെ തിരുവനന്തപുരം വികസന അതോറിറ്റിയിൽ (ട്രിഡ) നിലവിലുള്ള എൽ.ഡി. ക്ലാർക്ക് തസ്തികയിൽ സ്ഥിരനിയമനം നൽകുന്നതിന് തീരുമാനിച്ചു. | മന്ത്രിസഭായോഗ തീരുമാനത്തിനു ശേഷം ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരായുകയും പ്രസ്തുത വകുപ്പിന്റെ അഭിപ്രായ പ്രകാരം ഫയലിനാസ്പദമായ വിഷയം ബഹു. സുപ്രീംകോടതിയുടെ Secretary, State of Karnataka Vs. Uma Devi & Others കേസിലെ വിധിയുടേയും കരാർ/ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ നിയമവകുപ്പ് നൽകിയ അഭിപ്രായത്തിന്റേയും ലംഘനമാണ്. ടി വിഷയത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതുമാകുന്നു. തീരുമാനം റദ്ദാക്കേണ്ടതാണ്. |
| 17 (42) | | 8711, തീയതി 02/03/2016 (O.A) | എസ്.ആർ. വിഷ്ണുവിന് കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയുടെ നിലവിലുള്ള ഒഴിവിൽ പ്യൂൺ നിയമനം നൽകുന്നതിന് തീരുമാനിച്ചു. | മന്ത്രിസഭായോഗ തീരുമാനത്തിനു ശേഷം ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരായുകയും പ്രസ്തുത വകുപ്പിന്റെ അഭിപ്രായ പ്രകാരം ഫയലിനാസ്പദമായ വിഷയം ബഹു. സുപ്രീംകോടതിയുടെ Secretary, State of Karnataka Vs. Uma Devi & Others കേസിലെ വിധിയുടേയും കരാർ/ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ നിയമവകുപ്പ് നൽകിയ അഭിപ്രായത്തിന്റേയും ലംഘനമാണ്. ടി വിഷയത്തിൽ **ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതുമാകുന്നു.** തീരുമാനം റദ്ദാക്കേണ്ടതാണ്. |

## 8. GENERAL EDUCATION DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 18 (5) | 61178/എൻ1/2014/പൊ.വി.വ | 8087<br>തീയതി 20.01.2016. | കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയിൽ 10 വർഷം പൂർത്തിയാക്കിയ കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചു. | State of Karnataka vs. Uma devi & Others കേസിലെ ബഹു. സുപ്രീംകോടതിയുടെ വിധിയുടെ ലംഘനമാണ്.<br>തീരുമാനം റദ്ദാക്കേണ്ടതാണ്. |
| 19 (36) | 27109/ഡി.2/15/പൊ.വി.വ | 8467<br>തീയതി 25.02.2016 | സർവ ശിക്ഷാ അഭിയാനിൽ കരാറടിസ്ഥാനത്തിൽ ഡ്രൈവറായി ജോലി നോക്കിവരുന്ന ശ്രീ. തങ്കരാജിനെ പാങ്ങപ്പാറ സി. എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചാലഞ്ച്ഡ് എന്ന സ്ഥാപനത്തിൽ നിലവിലുള്ള പി.എസ്.സി. ക്കു വിടാത്ത തസ്തികയിൽ നിയമനം നൽകി സർക്കാർ സർവീസിൽ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനമായി. | ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പും ധനകാര്യവകുപ്പും കരാറടിസ്ഥാനത്തിൽ നിയമിതനായ ജീവനക്കാരന് സ്ഥിരനിയമനം നൽകുന്നതിനോട് യോജിപ്പില്ലെന്ന് അഭിപ്രായപ്പെടുകയുണ്ടായി. ബഹു. മുൻ മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം ധനകാര്യവകുപ്പിന്റെ അഭിപ്രായം വീണ്ടും ആരാഞ്ഞപ്പോൾ പി.എസ്.സി ക്കു വിടാത്ത അംഗീകൃത തസ്തികയിൽ ശ്രീ.തങ്കരാജിന് നിയമനം നൽകി സ്ഥിരപ്പെടുത്താൻ തീരുമാനിച്ചു. State of Karnataka vs. Uma devi & Others കേസിലെ ബഹു. സുപ്രീംകോടതിയുടെ വിധിന്യായത്തെ അടിസ്ഥാനമാക്കിയുള്ള നിയമവകുപ്പിന്റെ ഉപദേശം മറികടന്നാണ് സർവ ശിക്ഷാ അഭിയാനിൽ കരാറടിസ്ഥാനത്തിൽ ഡ്രൈവറായി ജോലി നോക്കിവരുന്ന ശ്രീ. തങ്കരാജിനെ പാങ്ങപ്പാറ സി. എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചാലഞ്ച്ഡ് എന്ന സ്ഥാപനത്തിൽ നിലവിലുള്ള പി.എസ്.സി. ക്കു വിടാത്ത തസ്തികയിൽ നിയമനം നൽകി സർക്കാർ സർവീസിൽ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനമായത്.<br>തീരുമാനം റദ്ദാക്കേണ്ടതാണ്. |

## 9. GENERAL ADMINISTRATION DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 20 (18) | 74593/സി1/2014/പൊ.ഭ.വ | 8082 തീയതി 15.02.2016. | ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യം സംബന്ധിച്ചുള്ള ഫയലാണ്. | State of Karnataka vs. Uma devi & Others കേസിലെ ബഹു. സുപ്രീംകോടതിയുടെ വിധിയുടെ ലംഘനമാണ്. തീരുമാനം റദ്ദാക്കേണ്ടതാണ്. |

## 10. FISHERIES & PORTS DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 21 (12) | 10169/ഡി1/2015/മ.തു.വ | 8428 തീയതി 24.02.2016. | തുറമുഖ വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ.ഗണേശന് തുറമുഖവകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സ്ഥിരനിയമനം നൽകാൻ തീരുമാനിച്ചു. | ധനകാര്യവകുപ്പിന്റെയും ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പിന്റെയും നിയമവകുപ്പിന്റെയും അഭിപ്രായം അവഗണിച്ചുകൊണ്ടാണ് മന്ത്രിസഭായോഗത്തിൽ തീരുമാനമെടുത്തിട്ടുള്ളത്. ശ്രീ. ഗണേശന് 17 വർഷത്തെ മിലിറ്ററി സർവ്വീസ് ഉണ്ടെന്ന് ഭരണവകുപ്പിന്റെ ഫയലിൽ പറയുന്നുണ്ട്. ശ്രീ.ഗണേശന് തുറമുഖവകുപ്പിൽ സ്ഥിരനിയമനം നൽകിയാൽ ആയത് ബഹു. സുപ്രീംകോടതിയുടെ Secretary, State of Karnataka Vs Umadevi & Others. (AIR 2006 SC 1804) കേസിലെ വിധിയുടെ ലംഘനമാകുമെന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ടതിനാൽ തീരുമാനം റദ്ദാക്കേണ്ടതാണ്. |
| 22 (15) | 102/എ2/2016/മ.തു.വ | 8513 തീയതി 25.02.2016 | 26.12.2001 -മുതൽ ADAK ന്റെ പൊയ്യ ഫാമിൽ അക്കൗണ്ട്സ് സെക്ഷനിൽ അക്കൗണ്ട്സ് അസിസ്റ്റന്റായി | അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തികയിൽ നിയമിക്കപ്പെടുവാനുള്ള യോഗ്യത ഇല്ലാത്തതിനാലാണ് സ്റ്റോർ അറ്റൻഡർ |

| | | | | |
|---|---|---|---|---|
| | | | ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീമതി.വി.ബി.ലതയെ അവരുടെ പരിതാപാർഹമായ സാഹചര്യം കണക്കിലെടുത്ത് സ്റ്റോർ അറ്റൻഡർ തസ്തികയിൽ 8960-14260 രൂപ ശമ്പള സ്കെയിലിൽ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചു. 21 | തസ്തികയിൽ നിയമനം നൽകാൻ ഔട്ട് ഓഫ് അജണ്ടയായി മന്ത്രിസഭായോഗം മുമ്പാകെ ഫയൽ സമർപ്പിച്ചത്. ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എല്ലാ വകുപ്പ് തലവൻമാർക്കും നൽകിയ കുറിപ്പിന്റെ അടിസ്ഥാനത്തിൽ ബഹു. സുപ്രീംകോടതിയുടെ Secretary, State of Karnataka Vs Umadevi & Others. (AIR 2006 SC 1804) കേസിലെ വിധിയെ ലംഘിക്കുന്ന തീരുമാനങ്ങൾ എടുക്കുന്നത് നിയമപരമായി ശരിയല്ലെന്ന് വിശദമാക്കിയിട്ടുള്ള സാഹചര്യത്തിൽ തീരുമാനം റദ്ദാക്കേണ്ടതാണ്. |
| 23 (20) | 6333/എ1/2015/മ.തു.വ | 8593 തീയതി 02.03.2016 | ആലപ്പുഴ മത്സ്യകർഷക വികസന ഏജൻസിയിൽ കഴിഞ്ഞ 20 വർഷക്കാലമായി ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർ തസ്തികയിൽ ജോലി നോക്കി വരുന്ന ശ്രീ. നൗഷാദ്.ഐ.യെ പ്രസ്തുത തസ്തികയിൽ മാനുഷിക പരിഗണന നൽകി സ്ഥിരപ്പെടുത്തി നിയമനം നൽകാൻ തീരുമാനിച്ചു. 22 | തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്ന സാഹചര്യത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല. ധനകാര്യവകുപ്പിന്റെ അഭിപ്രായം അവഗണിച്ചു കൊണ്ടാണ് മന്ത്രിസഭായോഗത്തിൽ തീരുമാനമെടുത്തിട്ടുള്ളത്. ആയത് ബഹു. സുപ്രീംകോടതിയുടെ Secretary, State of Karnataka Vs Umadevi & Others. (AIR 2006 SC 1804) കേസിലെ വിധിയുടെ ലംഘനമായതിനാൽ തീരുമാനം റദ്ദാക്കേണ്ടതാണ്. |

## 11. AGRICULTURE DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 24 (12) | | 8707 തീയതി 02.03.2016 (OA) | ഹോർട്ടിക്കോർപ്പിൽ പത്ത് വർഷത്തിലേറെക്കാലമായി താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന 57 ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചു. | താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് ബഹു. സുപ്രീംകോടതിയുടെ Secretary, State of Karnataka Vs Umadevi & Others. (AIR 2006 SC 1804) കേസിലെ വിധിയുടെ ലംഘനമാണ്. തീരുമാനം റദ്ദാക്കേണ്ടതാണ്. |

## 12. HEALTH & FAMILY WELFARE DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 25 (12) | 13398/ബി3/2015/ആ.കു.വ | 8251<br>തീയതി 10.02.2016 | ആരോഗ്യവകുപ്പിലും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലുമായി കഴിഞ്ഞ 15 വർഷമായി കരാർ അടിസ്ഥാനത്തിൽ പേഴ്സണൽ അസിസ്റ്റന്റ് ആയി ജോലി ചെയ്തു വരുന്ന ശ്രീമതി ജയശ്രീക്ക് സ്ഥിരനിയമനം നൽകാൻ തീരുമാനിച്ചു. | പ്രസ്തുത തീരുമാനം State of Karnataka vs. Uma devi & Others കേസിലെ ബഹു. സുപ്രീംകോടതി വിധിയുടെ ലംഘനമാണ്. തീരുമാനം റദ്ദാക്കേണ്ടതാണ്. |
| 26 (16) | 5338/ജെ1/2013/ആ.കു.വ | 6635<br>തീയതി<br>15.02.2016 | തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താല്ക്കാലിക അടിസ്ഥാനത്തിൽ ജോലി നോക്കിയവരും, തുടർന്ന് ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്നവരുമായ ജീവനക്കാർക്ക് സ്ഥിര നിയമനം നൽകാൻ തീരുമാനിച്ചു. | പ്രസ്തുത തീരുമാനം State of Karnataka vs. Uma devi & Others കേസിലെ ബഹു. സുപ്രീംകോടതി വിധിയുടെ ലംഘനമാണ്. തീരുമാനം റദ്ദാക്കേണ്ടതാണ് |
| 27 (21) | 17707/എസ്1/2015/ആ.കു.വ | 8564<br>തീയതി<br>25.02.2016 | എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ കരാർ ദിവസ വേതന ജീവനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഉൾകൊള്ളിക്കുന്നതിന് വേണ്ടിയുള്ള തസ്തിക സൃഷ്ടിക്കാൻ തീരുമാനിച്ചു. | പ്രസ്തുത തീരുമാനം State of Karnataka vs. Uma devi & Others കേസിലെ ബഹു. സുപ്രീംകോടതി വിധിയുടെ ലംഘനമാണ്. തീരുമാനം റദ്ദാക്കേണ്ടതാണ്. |

# മുൻ മന്ത്രിസഭായോഗ തീരുമാനങ്ങൾ പുനഃപരിശോധിക്കുന്ന മന്ത്രിസഭാ ഉപസമിതി റിപ്പോർട്ട്

## റവന്യുവകുപ്പ്

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 28 (2) | 41515/എ1/15/റ.വ | 7852 തീയതി 13.01.2016 | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം നൽകുന്നതിലേക്കായി പാലക്കാട് ജില്ലയിൽ അഞ്ചിരട്ടി ഭൂമി വാങ്ങിത്തരാമെന്ന് ഉറപ്പിൻമേൽ പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ പെരിങ്ങനാട് വില്ലേജിൽ ബ്ലോക്ക് നം.11, 12 ൽ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ടതും കല്ലട ഇറിഗേഷൻ പ്രോജക്ടിനായി ഏറ്റെടുത്തതുമായ 183.07 ആർ ഭൂമി മുൻ ഉടമകൾക്ക് തിരിച്ച് നൽകുന്നതിന് ഉത്തരവായി. 21 | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ മറവിൽ ഭൂവുടമകൾക്ക് അഞ്ചിരട്ടി ഭൂമി മുൻ ഉടമകൾക്ക് തരികെ നൽകുവാൻ നിശ്ചയിച്ചത്. വാങ്ങിത്തരാമെന്ന ഉറപ്പിൻമേലാണ് മുൻപ് സർക്കാർ ഏറ്റെടുത്ത ഭൂമി മുന്നുടമകൾക്ക് തിരികെ നൽകുവാൻ തീരുമാനിച്ചത്. അഞ്ചിരട്ടി ഭൂമി എവിടെയെങ്കിലും വാങ്ങിയിട്ടുണ്ടോ എന്ന വിവരം ഫയലിൽ ലഭ്യമല്ല Northern Glass Industries Vs Jaswant Singh and Ors. 2002 Supp(3) SCR 534 കേസിൽ കളക്ടർ അവാർഡ് പാസ്സാക്കിയ ശേഷം സർക്കാരിൽ നിക്ഷിപ്തമായ ഭൂമി തിരികെ ഉടമക്ക് ലഭ്യമാക്കുന്നത് ശരിയല്ലെന്ന് അസന്നിഗ്ധമായി പ്രസ്താവിക്കുകയുണ്ടായി. നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ല. സർക്കാരിൽ നിക്ഷിപ്തമായ ഭൂമി മുൻ ഉടമകൾക്ക് തിരിച്ചുനല്കുന്നതുവഴി സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുമോ എന്ന കാര്യം ധനവകുപ്പുമായി ആലോചിക്കാതെ ചെയ്ത നടപടി ശരിയല്ല. Land Assignment Rules 24-ാം ചട്ടപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ ഭൂമി Sachidanand Pandey v. State of West Bengal (1987) (2 SCC 295), New India Public School v. HUDA (1996) (5 SCC 510) എന്നീ വിധികൾക്കനുസൃതമായി മാത്രമേ നൽകാൻ പാടുള്ളൂ. തീരുമാനം റദ്ദാക്കേണ്ടതാണ്. |
| 29 (22) | 38628/എൻ2/2013/റ വ | 8255 തീയതി 10.02.2016 | റാന്നി താലൂക്കിൽ വടശ്ശേരിക്കര വില്ലേജിൽ ബ്ലോക്ക് നം. 31 – ലെ റീ സർവ്വേ നം. 453 – ൽ 22 ഏക്കർ ഭൂമി സ്വാശ്രയ അടിസ്ഥാനത്തിൽ ദന്തൽ ഫാർമസി, നഴ്സിംഗ് കോളേജ് എന്നിവ ആരംഭിക്കുന്നതിനായി | പ്രസ്തുത കോളേജ് ആരംഭിക്കുന്നതിനായി ആരോഗ്യവകുപ്പിൽ നിന്നും നിരാക്ഷേപസർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. മെഡിക്കൽ കൗൺസിലിന്റേയും മറ്റ് സ്ഥാപനങ്ങളുടേയും ക്ലിയറൻസ് |

| | | | | |
|---|---|---|---|---|
| | | | കേരള ഭൂപരിഷ്കരണ നിയമം സെ.81(3) പ്രകാരം ഇളവ് അനുവദിക്കണമെന്ന് പി.എസ്.എൻ. എഡ്യുക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റിന്റെ ആവശ്യം നിബന്ധനകൾക്ക് വിധേയമായി മന്ത്രിസഭായോഗം അംഗീകരിച്ചു. | ലഭ്യമാക്കിയതിനുശേഷം പി.എസ്.എൻ എഡ്യുക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റിന് കേരള ഭൂപരിഷ്കരണ നിയമം സെ.81(3) പ്രകാരമുള്ള ഇളവ് നൽകാവുന്നതാണെന്ന വിഷയം കാബിനറ്റ് മുമ്പാകെ സമർപ്പിച്ച കാബിനറ്റ് നോട്ടിൽ റവന്യു സെക്രട്ടറി വ്യക്തമാക്കിയിരുന്നു. പ്രസ്തുത വിഷയത്തിൽ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. തീരുമാനം റദ്ദാക്കേണ്ടതാണ്. |
| 30 (56) | 16938/A1/2016/റ. വ. | 8440 തീയതി 24.02.2016 (OA) | പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ തണ്ണിത്തോട്, വില്ലേജിൽ സർവ്വെ നമ്പർ 295, 292-ൽപ്പെട്ട 74.01 ആർ ഭൂമി, തണ്ണിത്തോട് ബഥേൽ മാർത്തോമാ സഭയ്ക്ക് സൗജന്യമായി പതിച്ചുനൽകുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടർക്ക് അനുമതി നൽി ഉത്തരവായി. | ഭൂപതിവ് നിയമമനുസരിച്ച് മുഖവില ഈടാക്കി നൽകുകയോ ദീർഘകാല പാട്ടത്തിന് നൽകുകയോ ആണ് നിയമപരമായ മാർഗം. സൗജന്യമായി ഭൂമി പതിച്ചു നൽകാൻ സാധ്യമല്ല. തീരുമാനം പുന;പരിശോധിക്കേണ്ടതാണ്. |
| 31 (57) | 16939/A1/2016/റ. വ. | 8441 തീയതി 24.02.2016 (OA) | പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ തണ്ണിത്തോട്, വില്ലേജിൽ സർവ്വെ നമ്പർ 1294/1/3-ൽപ്പെട്ട 40.47 ആർ ഭൂമി, തണ്ണിത്തോട് എസ്.എൻ.ഡി.പി 1421-ാം നമ്പർ ശാഖായോഗത്തിന് സൗജന്യമായി പതിച്ചു നൽകുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവായി. | ഭൂപതിവ് നിയമമനുസരിച്ച് മുഖവില ഈടാക്കി നൽകുകയോ ദീർഘകാല പാട്ടത്തിന് നൽകുകയോ ആണ് നിയമപരമായ മാർഗം. സൗജന്യമായി ഭൂമി പതിച്ചു നൽകാൻ സാധ്യമല്ല. തീരുമാനം പുന;പരിശോധിക്കേണ്ടതാണ്. |
| 32 (58) | 16940/A1/2016/റ. വ. | 8442 തീയതി 24.02.2016 (OA) | പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ കൂടൽ, വില്ലേജിൽ റീ-സർവ്വെ നമ്പർ 246/2-ൽപ്പെട്ട 71.85 ആർ ഭൂമി, എലിക്കോട് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിക്ക് സൗജന്യമായി പതിച്ചുനൽകുന്നതിന് പത്തനംതിട്ട ജില്ാ കളക്ടർക്ക് അനുമതി നൽകി ഉത്തരവായി. | ഭൂപതിവ് നിയമമനുസരിച്ച് മുഖവില ഈടാക്കി നൽകുകയോ ദീർഘകാല പാട്ടത്തിന് നൽകുകയോ ആണ് നിയമപരമായ മാർഗം. സൗജന്യമായി ഭൂമി പതിച്ചു നർകാൻ സാധ്യമല്ല. തീരുമാനം പുന;പരിശോധിക്കേണ്ടതാണ്. |
| 33 (59) | 16936/A1/2016/റ. വ. | 8662 തീയതി 02.03.2016 (OA) | പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ ചീറ്റാർ, വില്ലേജിലെ സർവ്വെ നമ്പർ 968/1-3/8-ൽപ്പെട്ട 1.75 ആർ ഭൂമി, എസ്.എൻ.ഡി.പി 1182-ാം നമ്പർ ശാഖായോഗത്തിന് പതിച്ചു നൽകി ഉത്തരവായി. | ഭൂപതിവ് നിയമമനുസരിച്ച് മുഖവില ഈടാക്കി നൽകുകയോ ദീർഘകാല പാട്ടത്തിന് നൽകുകയോ ആണ് നിയമപരമായ മാർഗം. സൗജന്യമായി ഭൂമി പതിച്ചു നൽകാൻ സാധ്യമല്ല. തീരുമാനം പുന;പരിശോധിക്കേണ്ടതാണ്. |
| 34 (60) | 16943/അ1/2016/റ. വ. | 8444 തീയതി 24.02.2016 (ഷഅ) | പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ തണ്ണിത്തോട്, വില്ലേജിൽ സർവ്വെ നമ്പർ 399/2,3-ൽപ്പെട്ട 40.02 ആർ ഭൂമി, കരിമാൻതോട് മലങ്കര കത്തോലിക്കാ പള്ളിക്ക് സൗജന്യമായി പതിച്ചുനൽകുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവായി. | ഭൂപതിവ് നിയമമനുസരിച്ച് മുഖവില ഈടാക്കി നൽകുകയോ ദീർഘകാല പാട്ടത്തിന് നൽകുകയോ ആണ് നിയമപരമായ മാർഗം. സൗജന്യമായി ഭൂമി പതിച്ചു നൽകാൻ സാധ്യമല്ല. തീരുമാനം പുന;പരിശോധിക്കേണ്ടതാണ്. |
| 35 | 16935/അ1/2016/റ. വ. | 8445 തീയതി 24.02.2016 | പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ കലഞ്ഞൂർ, വില്ലേജിൽ സർവ്വെ നമ്പർ 71,62,44,45,76,58,21,26,72,150, 34-ൽപ്പെട്ടതും | പട്ടയം നൽകിയത് സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. പുറമ്പോക് ഭൂമി കൈവശ ക്കാ ർ ക്ക് |

| | | | | |
|---|---|---|---|---|
| (61) | | | കൂടൽ വില്ലേജിൽ സർവ്വെ നമ്പർ 307-ൽപ്പെട്ടതുമായ കെ.ഐ.പി പുറമ്പോക്ക് ഭൂമിയിലെ കൈവശക്കാരായ 55 പേർക്ക് സൗജന്യനിരക്കിൽ പട്ടയം നൽകുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവായി. | പതിച്ചു നൽകാൻ നിയമപരമായി കഴിയുകയില്ല. നിയമപരമായി ന്യൂനതയുള്ള ഭൂമി പതിച്ചു നൽകിയാൽ ആ നടപടിക്ക് നിയമ പരിരക്ഷ കിട്ടുകയുമില്ല. അത്തരക്കാരെ ഭൂരഹിതരായി കണക്കാക്കി പകരം ഭൂമി നൽകുകയായിരുന്നു വേണ്ടത്. നിയമവിരുദ്ധമായ തീരുമാനം. പുന:പരിശോധിക്കേ്താണ്. |
| 36 (62) | 16937/അ1/2016/റ.വ. | 8446 തീയതി 24.02.2016 (ഷരഅ) | പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ തണ്ണിത്തോട് വില്ലേജിലെ സർവ്വെ നമ്പർ 8/2 വസ്തുവിന്റെ തെക്ക് പടിഞ്ഞാറ് സ്ഥിതിചെയ്യുന്നതും മലങ്കര കത്തോലിക്കാ പള്ളിയുടെ കൈവശത്തിൽ ഇരിക്കുന്നതുമായ 01.58.12 ഹെക്ടർ ഭൂമി, മണ്ണീറ മലങ്കര കത്തോലിക്കാ പള്ളിക്ക് സൗജന്യമായി പതിച്ചു നൽകുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവായി. | ഭൂപതിവ് നിയമമനുസരിച്ച് മുഖവില ഈടാക്കി നൽകുകയോ ദീർഘകാല പാട്ടത്തിന് നൽകുകയോ ആണ് നിയമപരമായ മാർഗം. സൗജന്യമായി ഭൂമി പതിച്ചു നൽകാൻ സാധ്യമല്ല. തീരുമാനം പുന;പരിശോധിക്കേണ്ടതാണ്. |
| 37 (63) | 16944/അ1/2016/റ.വ. | 8447 തീയതി 24.02.2016 (ഷരഅ) | 1963 മുതൽ സെന്റ്തോമസ് സ്കൂൾ പ്രവർത്തിച്ചു വരുന്നതും, പ്രസ്തുത സ്കൂളിന്റെ കൈവശമുള്ളതുമായ തണ്ണിത്തോട് വില്ലേജിൽ സർവ്വെ 2/2-ൽപ്പെട്ട 10.60 ആർ ഭൂമി സൗജന്യമായി പതിച്ചു നൽകുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവായി. | ഭൂപതിവ് നിയമമനുസരിച്ച് മുഖവില ഈടാക്കി നൽകുകയോ ദീർഘകാല പാട്ടത്തിന് നൽകുകയോ ആണ് നിയമപരമായ മാർഗം. സൗജന്യമായി ഭൂമി പതിച്ചു നൽകാൻ സാധ്യമല്ല. തീരുമാനം പുന;പരിശോധിക്കേണ്ടതാണ്. |
| 38 (64) | 16942/അ1/2016/റ.വ. | 8448 തീയതി 24.02.2016 (ഷരഅ) | 65 വർഷമായി തണ്ണിത്തോട് സെന്റ് ആന്റണീസ് ഓർത്തഡോക്സ് വലിയപള്ളി കൈവശം വച്ച് അനുഭവിച്ചു വരുന്ന 1.2675 ഹെക്ടർ ഭൂമി സൗജന്യമായി പതിച്ചു നൽകുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവായി. | ഭൂപതിവ് നിയമമനുസരിച്ച് മുഖവില ഈടാക്കി നൽകുകയോ ദീർഘകാല പാട്ടത്തിന് നൽകുകയോ ആണ് നിയമപരമായ മാർഗം. സൗജന്യമായി ഭൂമി പതിച്ചു നൽകാൻ സാധ്യ മ ല്ല. തീരുമാനം പുന;പരിശോധിക്കേണ്ടതാണ്. |
| 39 (65) | 16941/അ1/2016/റ.വ. | 8449 തീയതി 24.02.2016 (ഷരഅ) | കത്തോലിക്കാസഭ പത്തനംതിട്ട ഭദ്രാസനം കൈവശം വച്ചു വരുന്നതും പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ തണ്ണിത്തോട് വില്ലേജിൽ സർവ്വെ നമ്പർ 294/1-ൽപ്പെട്ട 59.85 ആർ, 294/1-ൽ 67.65 ആർ, 229/3-ൽ 28.27 ആർ, 244/2-ൽ 8.77 ആർ എന്നീ ഭൂമികൾ സൗജന്യമായി പതിച്ചു നൽകുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവായി. | ഭൂപതിവ് നിയമമനുസരിച്ച് മുഖവില ഈടാക്കി നൽകുകയോ ദീർഘകാല പാട്ടത്തിന് നൽകുകയോ ആണ് നിയമപരമായ മാർഗം. സൗജന്യമായി ഭൂമി പതിച്ചു നൽകാൻ സാധ്യമല്ല. തീരുമാനം പുന;പരിശോധിക്കേണ്ടതാണ്. |
| 40 (111) | ക്യാ. ഡി.നം. 8701 തീയതി 02/03/16 | 8701 തീയതി 02.03.2016 | അടൂർ ഏനാദി മംഗലം കിൻഫ്രാ പാർക്കിൽ നിന്നും 5 ഏക്കർ ഭൂമി കോളേജ് സ്ഥാപിക്കുന്നതിനായി അടൂർ താലൂക്ക് എൻ.എസ്.എസ്. യൂണിയന് സൗജന്യമായി പതിച്ചു നൽകുന്നത് സംബന്ധിച്ച ഫയലാണ്. | ഭൂപതിവ് നിയമമനുസരിച്ച് മുഖവില ഈടാക്കി നൽകുകയോ ദീർഘകാല പാട്ടത്തിന് നൽകുകയോ ആണ് നിയമപരമായ മാർഗം. സൗജന്യമായി ഭൂമി പതിച്ചു നൽകാൻ സാധ്യമല്ല. തീരുമാനം പുന;പരിശോധിക്കേണ്ടതാണ്. |

# മുൻ മന്ത്രിസഭായോഗ തീരുമാനങ്ങൾ പുന:പരിശോധിക്കുന്ന മന്ത്രിസഭാ ഉപസമിതി റിപ്പോർട്ട്

## റവന്യൂവകുപ്പ്

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/ തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 41 (3) | 57266/എൻ 1/2014/റ.വ | 7866 തീയതി 13.01.2016 | തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്കിൽ പുഴയ്ക്കൽ വില്ലേജിൽ സർവ്വേ നം.9/2 ൽ ഉൾപ്പെട്ടതും പാട്ടക്കാലാവധി കഴിഞ്ഞ് അമല കാൻസർ ഹോസ്പിറ്റൽ സൊസൈറ്റി കൈവശം വച്ചിരിക്കുന്നതുമായ 1.9250 ഹെക്ടർ (4.76 ഏക്കർ) ഭൂമിക്ക് പകരമായി പാലക്കാട് ജില്ലയിൽ 9.1756 ഹെക്ടർ (22.67 ഏക്കർ) ഭൂമിയും തൃശ്ശൂർ 18.93 ഏക്കർ ഭൂമിയും പ്രസ്തുത സ്ഥാപനം വാങ്ങി റവന്യൂ വകുപ്പിലേയ്ക്ക് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയ്ക്കായി വിട്ടൊഴിഞ്ഞ് നൽകുന്ന മുറയ്ക്ക്, പ്രസ്തുത ഭൂമിയിൽ നിന്നും 2.12 ഏക്കർ ഭൂമി പതിച്ചും ബാക്കി 2.64 ഏക്കർ ഭൂമി **പാട്ടക്കുടിശ്ശികയായ 2,24,46111 രൂപ** അടയ്ക്കുന്ന മുറയ്ക്ക് 30 വർഷത്തേയ്ക്ക് ആറൊന്നിന് 100/- രൂപ നിരക്കിൽ പാട്ടത്തിന് നൽകാനും തീരുമാനിച്ചു. | ധനകാര്യവകുപ്പുമായി കൂടിയാലോചിച്ചിട്ടില്ല. നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ല. 514 ഭൂരഹിതർക്ക് സ്ഥലം നൽകിയോയെന്നത് പരിശോധിക്കേണ്ട വസ്തുതയാണ്. പാട്ടക്കുടിശ്ശിക അടയ്ക്കുന്ന മുറയ്ക്ക് പാട്ടം പുതുക്കി നൽകുന്നതിൽ അപാകതയില്ല. പ്രസ്തുത വിഷയത്തത്തിൽ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ [redacted]. |
| 42 (8) | 12852/എൽ3/15/റ.വ | 8133 തീയതി 27.01.2016 | തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്ക് ചൊവ്വന്നൂർ വില്ലേജിൽ റീ സർവ്വേ നം.108/2 -ൽപ്പെട്ട 0.6580 ഹെക്ടർ സ്ഥലം S.N.D.P കുന്നംകുളം ശാഖ ശ്മശാന കമ്മിറ്റിയുടെ പേരിൽ ശ്മശാനമായി തന്നെ നിലനിർത്തണമെന്ന വ്യവസ്ഥയിൽ സൗജന്യമായി പട്ടയം പതിച്ചു നൽകുവാൻ ഉത്തരവായി. | പ്രസ്തുത ഉത്തരവ് 1995 - ലെ കേരള മുനിസിപ്പൽ-കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്ന ചട്ടങ്ങൾ ചട്ടം 21 (ii) പ്രകാരമുള്ള സർക്കാരിന്റെ സവിശേഷ അധികാരം വിനിയോഗിച്ചാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ധനകാര്യ വകുപ്പുമായും നിയമവകുപ്പുമായും കൂടിയാലോചിച്ചിട്ടില്ല. സൗജന്യമായി പതിച്ചു നൽകുന്നതിനു പകരം മുഖവില ഈടാക്കി നൽകാവുന്നതാണ്. |
| 43 (10) | 51276/എൻ2/2014/റ.വ | 8135 തീയതി 27.01.2016 | കൊച്ചി മണീട് വില്ലേജിൽ ടെലിവിഷൻ, വിദ്യാഭ്യാസം, സിനിമ, വേൾഡ് ഇവന്റ് എന്നീ മേഖലകൾ ഉൾപ്പെടുന്ന മാധ്യമ സംരംഭം ആരംഭിക്കുന്നതിനായി ഇൻസൈറ്റ് മീഡിയ സിറ്റി (ഇന്ത്യ പ്രൈവറ്റ്) ലിമിറ്റഡ് കമ്പനിയുടെ പേരിൽ വാങ്ങാൻ പോകുന്ന 26.81 ഏക്കർ ഭൂമിയ്ക്ക് കേരള ഭൂപരിഷ്കരണ നിയമത്തിലെ 81 (3) | നിലവിലുള്ള നിയമപ്രകാരം ഈ സംരംഭത്തിന് കേരള ഭൂപരിഷ്കരണ നിയമത്തിലെ 81 (3) വകുപ്പ് പ്രകാരം ഇളവ് നൽകുന്നതിന് സാധ്യമല്ല എന്ന് നിയമവകുപ്പ് 01.07.2015 - ന് അഭിപ്രായപ്പെട്ടിരുന്നു. തുടർന്ന് നിയമവകുപ്പിന്റെ ടി അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ള ഒരു ക്യാബിനറ്റ് നോട്ടാണ് |

| | | | | |
|---|---|---|---|---|
| | | | വകുപ്പ് പ്രകാരം മുൻകൂർ ഇളവ് അനുവദിക്കണമെന്ന ആവശ്യം നിബന്ധനകൾക്ക് വിധേയമായി അംഗീകരിച്ചു. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിച്ചത്. 27.01.2016 -ൽ മന്ത്രിസഭാ യോഗം പ്രസ്തുത പ്രോജക്ടിന് വ്യവസ്ഥകൾക്ക് വിധേയമായി ഇളവ് നൽകാൻ തീരുമാനിച്ചു. ഇതിന്റെ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. തീരുമാനം നിയമപരമായി നിലനിൽക്കാത്തതിനാൽ റദ്ദാക്കേണ്ടതാണ്. |
| **44** (16&34) | 25887/എ3/14/റ.വ | 8169<br>തീയതി<br>27.01.16 (OA)<br><br>8293<br>തീയതി<br>10.02.2016 (OA) | സെന്റ് ആൽബർട്ട്സ് കോളേജിന്റെ പാട്ടക്കുടിശ്ശിക എഴുതി തള്ളുന്നതിനും 88 സെന്റ് സ്ഥലം പതിച്ചു നൽകുന്നതിനും തീരുമാനിച്ചു. | സർക്കാർ ഉത്തരവ് പ്രകാരം പാട്ടത്തിനനുവദിച്ച ഭൂമി ജി.സി.ഡി.എ യുമായി പരസ്പര ധാരണയിൽ സർക്കാരിന്റെ അനുമതിയില്ലാതെ കൈമാറ്റം നടത്തിയതിനു ശേഷം സെന്റ് ആൽബർട്സിന്റെ കൈവശമുള്ള ഭൂമിക്കു പകരം ഭൂമി നൽകണമെന്ന ആവശ്യം ന്യായീകരിക്കുവാൻ സാധിക്കാത്തതാണ്. കൂടാതെ സെന്റ് ആൽബർട്സിന് അനുവദിച്ച ലീസ് ഭൂമി റോയൽ ഗാർഡൻസ് എന്ന നഴ്സറിക്ക് സബ് ലീസ് ചെയ്തിരുന്നതും ആയത് ഒഴിപ്പിച്ചെടുത്തിട്ടുള്ളതുമാണ്. മേൽപ്പറഞ്ഞ പരസ്പര കൈമാറ്റങ്ങളെല്ലാം ലീസ് നിയമങ്ങൾക്ക് വിരുദ്ധമാണ്. 1995 - 2004 കാലയളവിൽ **1,81,57,446/- രൂപ പാട്ടക്കുടിശ്ശിക** ഉള്ളതായി തിട്ടപ്പെടുത്തിയിട്ടു്. അതിന്റെ **25% ആയ 45,39,366/- രൂപ** സെന്റ് ആൽബർട്ട്സ് കോളേജിൽ നിന്നും ഈടാക്കുവാനും തീരുമാനിച്ചിരുന്നു. എന്നാൽ പ്രസ്തുത തുക സെന്റ് ആൽബർട്ട്സ് കോളേജ് അധികൃതർ ഒടുക്കിയിട്ടില്ല. 2004 മുതലുള്ള പാട്ടക്കുടിശ്ശിക കണക്കാക്കിയിട്ടുമില്ല.<br>കൊച്ചി മെട്രോക്ക് വേണ്ടി 53.92 ആർ (133.23 സെന്റ്) സ്ഥലം ഏറ്റെടുത്തിട്ടുണ്ടെങ്കിലും സെന്റ് ആൽബർട്സുമായി സ്ഥലം വച്ചു മാറിയതുകൊണ്ടാണ് ജി.സി.ഡി.എ. ക്ക് കൂടുതൽ സ്ഥലം നഷ്ടം വരുന്നതായി കാണുന്നത്. ജില്ലാ കളക്ടർ ഇപ്രകാരം റിപ്പോർട്ട് നൽകിയതാണ്. എന്നാൽ മന്ത്രിസഭായോഗ തീരുമാന പ്രകാരം ലീസിനുള്ള സ്ഥലത്തിനുപകരം പ്രൈം ലാന്റ് പതിച്ചു നൽകിയത് അനുചിതവും നിയമപരമായി ശരിയല്ലാത്തതുമാകുന്നു. സർക്കാരിന് കനത്ത സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്ന വിധത്തിൽ പാട്ടക്കുടിശ്ശിക എഴുതി തള്ളിയതിനും നിയമത്തിന്റെ പിൻബലമില്ല. പാട്ടം പുതുക്കി നൽകാവുന്നതാണ്. തീരുമാനം പുന:പരിശോധിക്കേണ്ടതാണ്. |

| | | | | |
|---|---|---|---|---|
| 45 (17) | 69998/എ2/08/റ.വ | 7717<br>തീയതി 15.02.2016 | ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ കണ്ണമംഗലം വില്ലേജിൽ സർവ്വേ നം.1/1, 1/8, 1/10 ൽ പ്പെട്ടതും 18.08.2005 - ലെ സ.ഉ(കൈ)നം.256/05/റവ പ്രകാരം നോർക്ക വകുപ്പിന് പതിച്ച് നൽകിയിരുന്ന ഭൂമി തിരിച്ചെടുത്ത് റവന്യു വകുപ്പിൽ പുനർനിക്ഷിപ്തമാക്കുന്നതും മെ.ക്ലോറൈറ്റ്സ് & കെമിക്കൽസ് ഫാക്ടറിയുടെ പേരിൽ നിലനിൽക്കുന്ന സർക്കാരുമായി ബന്ധപ്പെട്ട ബാധ്യതകൾ എഴുതിത്തള്ളി ഉത്തരവായി. | ടി വസ്തു നോർക്കക്ക് കൈമാറിയപ്പോൾ ഫാക്ടറി വരുത്തിയ കുടിശ്ശിക തുകയായ 1,48,01,404/- രൂപ സർക്കാരിലേക്ക് ഈടാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തണമെന്ന് ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടന്നാണ് തീരുമാനം എടുത്തിട്ടുള്ളത്, **മന്ത്രിസഭായോഗ തീരുമാനം പിൻവലിച്ചതിനാൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.**<br>തീരുമാനം റദ്ദാക്കേണ്ടതാണ്. |
| 46 (19) | 43035/എൻ1/2013/റ വ | 8225<br>തീയതി 03.02.2016<br>(OA) | കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ ബലാൽ വില്ലേജിൽ എം.എസ്. പ്രകാശ് പ്ലാന്റേഷൻ ലിമിറ്റഡിന് കേരള ഭൂപരിഷ്കരണ നിയമത്തിലെ 81 (3) പ്രകാരം പ്ലാന്റേഷനായി ഇളവ് അനുവദിച്ചിരുന്ന 275 ഏക്കർ ഭൂമിയിൽ നിന്നും 256.41 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങി കൈവശം വച്ച് വരുന്ന 205 കുടുംബങ്ങളിൽ നിന്നും കൈവശ ഭൂമിയുടെ നികുതി, ഈ വിഷയത്തിൽ താലൂക്ക് ലാന്റ് ബോർഡ് പുറപ്പെടുവിക്കുന്ന അന്തിമതീരുമാനത്തിന് വിധേയമായി തുടർന്ന് കരം സ്വീകരിക്കുന്നതിന് മന്ത്രിസഭാ യോഗം അനുമതി നൽകി. | M/s പ്രകാശ് പ്ലാന്റേഷൻ, തോട്ടത്തിന് നിയമ വിരുദ്ധമായി ലാന്റ് ട്രൈബ്യൂണലിൽ നിന്നും ക്രയ സർട്ടിഫിക്കറ്റ് സമ്പാദിക്കുകയും ഭൂമി തുണ്ടം തുണ്ടമായി പലർക്കും വിൽക്കുകയും ചെയ്തു. കേരള ഭൂപരിഷ്കരണ നിയമത്തിലെ 74 വകുപ്പുപ്രകാരം പട്ടയങ്ങൾ അസാധുവാണ്. കേരള ഭൂപരിഷ്കരണ ആക്റ്റിന്റെ 3 -ാം വകുപ്പു പ്രകാരം തോട്ടം ഭൂമിക്ക് 72 ാം വകുപ്പ് പ്രകാരം ക്രയ സർട്ടിഫിക്കറ്റ് നൽകുന്നത് നിയമപരമല്ല. ഈ ക്രയ സർട്ടിഫിക്കറ്റുകൾ അസാധുവാണെന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. എന്നിരുന്നാലും കൈവശക്കാരിൽ നിന്നും താലൂക്ക് ലാന്റ് ബോർഡിന്റെ അന്തിമ തീരുമാനത്തിനു വിധേയമായി ഭൂനികുതി വാങ്ങുവാൻ തീരുമാനമുണ്ടായി. ഭൂഉടമക്കും ക്രയ സർട്ടിഫിക്കറ്റ് നൽകിയ ഉദ്യോഗസ്ഥർക്കെതിരെയും നിയമപരമായ നടപടി സ്വീകരിക്കേണ്ടതിന് പകരം പ്രസ്തുത ഭൂമി ഇടപാടുകൾ സാധൂകരിക്കാനാകും വിധം നികുതി സ്വീകരിക്കാൻ ഉത്തരവ് നൽകിയ തീരുമാനം പുനഃപരിശോധിക്കേണ്ടതാണ്. |
| 47 (23) | 2558/എൽ.3/16/റ വ | 8256<br>തീയതി 10.02.2016 | വയനാട് ജില്ലാ വൈത്തിരി താലൂക്ക കൽപ്പറ്റ വില്ലേജിൽ പഴയ സർവ്വെ നമ്പർ 634 -ൽപ്പെട്ട 0.40 ഏക്കർ ഭൂമി ദേശീയ മഹിളാ സമാജത്തിന് വനിതാ ഹോസ്റ്റൽ നിർമ്മിക്കുവാൻ സൗജന്യമായി പതിച്ച് നൽകാൻ അനുമതി നൽകി. 0.40 ഏക്കർ ഭൂമി മഹിളാ സമാജത്തിന് വനിതാ ഹോസ്റ്റൽ നിർമ്മിക്കുവാൻ സൗജന്യമായിട്ടാണ് പതിച്ചു നൽകിയത്. | ഈ വിഷയത്തിൽ ധനകാര്യവകുപ്പിന്റേയും നിയമവകുപ്പിന്റേയും അഭിപ്രായം ആരാഞ്ഞിട്ടില്ല. സ്വകാര്യ വ്യക്തി നടത്തുന്ന സംരംഭമാണ്. കെ.എസ്.ആർ.റ്റി.സി അന്നത്തെ വിലയ്ക്ക് കമ്പോളവില നൽകി ഏറ്റെടുത്ത വസ്തു സ്വകാര്യവ്യക്തി നടത്തുന്ന സ്ഥാപനത്തിനായി സൗജന്യമായി നൽകിയതിന് നിയമസാധുതയില്ല. റദ്ദ്ചെയ്യേണ്ടതാണ്. |
| 48(26) | 68108/എ3/15/റ വ | 8269 | സ.ഉ(കൈ)നം.506/15/റവ തീയതി 29.09.2015 | ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിനു |

| | | | | |
|---|---|---|---|---|
| | | തീയതി 10.02.2016 | പ്രകാരം നിശ്ചയിച്ച പാട്ടത്തുക, നാമമാത്ര തുകയായി കുറച്ച് നൽകണമെന്ന മാർ ഗ്രിഗോറിയോസ് യാക്കോബൈറ്റ് സിറിയൻ പള്ളി അധികൃതരുടെ ആവശ്യം അംഗീകരിച്ച് ഉത്തരവായി. | വിരുദ്ധമായാണ് തീരുമാനം എടുത്തിട്ടുള്ളത്. തീരുമാനം പുന:പരിശോധിക്കേണ്ടതാണ്. |
| 49 (28) | 48599/യു.1/2013/റ.വ | 8272<br>തീയതി 10.02.2016 | തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ പാങ്ങാപ്പാറ വില്ലേജിൽ റീസർവ്വേ 596/1 -ൽപ്പെട്ട 3 ആർ. ഭൂമി, മലബാർ മാർത്തോമാ സിറിയൻ ക്രിസ്ത്യൻ സുവിശേഷ പ്രസംഗ സംഘത്തിന് പതിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചത്. റോഡ് വികസനത്തിന് ഭാവിയിൽ ആവശ്യം വന്നാൽ യാതൊരു വിധത്തിലുള്ള നഷ്ടപരിഹാരവും കൂടാതെ നിരുപാധികം വിട്ടുനൽകണമെന്ന വ്യവസ്ഥയിൽ നിലവിലുള്ള കമ്പോളവില ഒഴിവാക്കി മലബാർ മാർത്തോമ സിറിയൻ സുവിശേഷ സംഘത്തിന് പതിച്ചു നൽകാൻ അനുമതി നൽകി. | ബി.റ്റി.ആർ. പ്രകാരം പ്രസ്തുത സ്ഥലം സർക്കാർ പുറംപോക്കാണ്. 1995-ലെ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടം 21 (ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചാണ് ഭൂമി പതിച്ചു നൽകാൻ തീരുമാനിച്ചത്. പ്രസ്തുത ചട്ടം 5 പ്രകാരം മുൻസിപ്പൽ പ്രദേശങ്ങളിൽ 5 സെന്റ് വരെയും കോർപ്പറേഷൻ പ്രദേശങ്ങളിൽ 3 സെന്റും മാത്രമേ പതിച്ചു നൽകാൻ സാധിക്കുകയുള്ളൂ എന്ന് വ്യവസ്ഥയുണ്ട്. ടി വിഷയം പരിഗണിക്കാൻ നിർവ്വാഹമില്ലെന്നും ധനകാര്യവകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. കൂടാതെ ഉത്തരവ് അക്കൗണ്ടന്റ് ജനറലിന് എൻഡോഴ്സ് ചെയ്യാനും നിർവ്വാഹമില്ലെന്ന് ധനകാര്യവകുപ്പ് അറിയിച്ചിരുന്നു. ഫയലിൽ നിയമവകുപ്പിന്റെ ഉപദേശം ആരാഞ്ഞിട്ടില്ല. തീരുമാനം പുന:പരിശോധിക്കേണ്ടതാണ്. |
| 50 (35) | 28431/എൻ.സി.എ3/13/അഗ്രി | 5939<br>തീയതി<br>15.02.2016 (OA) | ശോഭ സീനിയർ സ്കൂൾ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി ശ്രീ. കുറുമ്പ ട്രസ്റ്റ് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച ഫയൽ കൃഷി വകുപ്പിന്റേതാണ്. | 2008 - ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിന്റെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിയമവിരുദ്ധമായതിനാൽ തീരുമാനം [illegible]ക്കേണ്ടതാണ്. |
| 51 (37) | 7054/എൽ2/16/റവ | 8316<br>തീയതി 17.02.2016 | കണ്ണൂർ തളിപ്പറമ്പ് താലൂക്ക് പട്ടുവം അംശം അരിയിൽ ദേശത്ത് റ്റി.സി.132/1, 78/9 ൽപ്പെട്ട 7.28403 ഏക്കർ സ്ഥലം, 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ചു കൊണ്ട് പട്ടുവം ദീനസേവനസഭയ്ക്ക് നാമമാത്രമായ നിരക്കിൽ പതിച്ചു നൽകുന്നതിന് ഉത്തരവായി. 7.28403 ഏക്കർ സ്ഥലം, പാട്ടക്കുടിശ്ശിക ഒഴിവാക്കി ആർ ഒന്നിന് 100/- രൂപ എന്ന നാമമാത്രമായ നിരക്കിൽ പട്ടുവം ദീനസേവനസഭയ്ക്ക് പതിച്ചു നൽകുന്നതിന് ഉത്തരവായി. | നിയമവകുപ്പിന്റേയും ധനവകുപ്പിന്റേയും അഭിപ്രായം ആരാഞ്ഞിട്ടില്ല. തീരുമാനം പുന:പരിശോധിക്കേണ്ടതാണ്. ഏക്കർ ഒന്നിന് 1000/- രൂപ നിശ്ചയിച്ച പാട്ടത്തുക ആർ ഒന്നിന് 100/- രൂപ എന്ന നിരക്കിൽ മാറ്റുകയുണ്ടായി. പാട്ടക്കുടിശ്ശിക ഒഴിവാക്കാൻ വ്യവസ്ഥയില്ല സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുമെന്നതിനാൽ, തീരുമാനം പുന:പരിശോധിക്കേണ്ടതാണ്. |

| | | | | |
|---|---|---|---|---|
| 52 (38) | 47837/എൻ2/2014/ റവ | 8318<br>തീയതി 17.02.2016<br><br>8829<br>തീയതി 06.04.2016 | ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ 540/1986-ന്റെ നിരീക്ഷണങ്ങളുടെയും സർക്കാർ മുമ്പാകെ ഹോപ്പ് പ്ലാന്റേഷൻ സമർപ്പിച്ചിട്ടുള്ള രേഖകളുടെ അടിസ്ഥാനത്തിൽ ഹോപ്പ് പ്ലാന്റേഷൻ എന്ന കമ്പനി കൈവശം വച്ചു വരുന്ന 724.01 ഏക്കർ ഇന്ധന മേഖലയിൽ ഉൾപ്പെട്ടതും ഏല കൃഷി ചെയ്തു വരുന്നതുമായി 421.15 ഏക്കർ ഭൂമിയും റെസ്റ്റഡ് ടീ ഏര്യ എന്ന ഇനത്തിലുൾപ്പെട്ട 136.12 ഏക്കർ ഭൂമിക്ക് കേരള ഭൂപരിഷ്കരണ നിയമം സെ.81(3) പ്രകാരം ഇളവ് അനുവദിക്കുന്നതിനും അവശേഷിക്കുന്ന 302.76 ഏക്കർ ഭൂമിയിൽ 151 ഏക്കർ ഭൂമി ഹോപ്പ് പ്ലാന്റേഷനിൽ നിന്നും ഏറ്റെടുത്ത് പൊതു ആവശ്യത്തിനായി നീക്കി വയ്ക്കേണ്ടതാണെന്നുമുള്ള ഭേദഗതിയോടെ തീരുമാനിക്കുകയും ആയത് റദ്ദാക്കുകയും ചെയ്തു. | ബഹു. സുപ്രീം കോടതി, ഹോപ്പ് പ്ലാന്റേഷൻ കമ്പനി കൈവശം വച്ച ഏലകൃഷി ചെയ്തുവരുന്ന ഭൂമിയും റെസ്റ്റിഡ് ടി ഏര്യ എന്ന ഇനത്തിൽപ്പെട്ട ഭൂമിയുടെ ഇളവ് നൽകാനും ഭൂമിയുടെ വ്യാപ്തി നിർണ്ണയിയ്ക്കാനും ആവശ്യപ്പെടുകയുണ്ടായി. അതുപ്രകാരം, മുൻ റവന്യൂ സെക്രട്ടറി എല്ലാ വശങ്ങളും പരിശോധിച്ച് ഹോപ്പ് പ്ലാന്റേഷൻ കമ്പനിയെ നേരിൽ കേട്ടശേഷം 302.7 ഏക്കർ ഭൂമി ഏറ്റെടുക്കാൻ ശുപാർശ ചെയ്തു. എന്നാൽ ക്യാബിനറ്റ് തീരുമാനം 151 ഏക്കർ ഭൂമി മാത്രം തിരിച്ചെടുത്താൽ മതിയെന്നായിരുന്നു പ്രസ്തുത തീരുമാനത്തിന് നിയമസാധുതയില്ല. ഇത് പ്രകാരം 151 ഏക്കർ ഭൂമി അനർഹമായി ഹോപ്പ് പ്ലാന്റേഷന് ലഭിക്കുന്ന സ്ഥിതി വന്നു. വിവാദങ്ങളെ തുടർന്ന് മുൻ സർക്കാരിന് തീരുമാനം റദ്ദ് ചെയ്യേണ്ടി വന്നു. |
| 53 (39) | 38058/A3/2 015/ റവ | 8322<br>തീയതി 17.02.2016<br>(OA) | എറണാകുളം ജില്ലയിൽ ചിലവന്നൂർ ബണ്ട് റോഡ്, വികസനത്തിനായി ശ്രീ. തോമസ് അഗസ്റ്റിൻ ജി.സി.ഡി.എ- യ്ക്ക് വിട്ടുനൽകിയ സ്വകാര്യ ഭൂമിയ്ക്ക് പകരം ശ്രീ. തോമസ് അഗസ്റ്റിന് ജി.സി.ഡി.എ കാലാവധിക്ക് മുൻപ് 3.68 ആർ ഭൂമി കൈമാറിയ നടപടി പ്രത്യേക കേസായി പരിഗണന നൽകി സാധൂകരിച്ച് ഉത്തരവായി. | നിയമ, ധനകാര്യ വകുപ്പുകളുടെ അഭിപ്രായം സ്വീകരിച്ചിട്ടില്ല. 1995 – ലെ കേരള മുനിസിപ്പൽ-കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്ന ചട്ടങ്ങൾ ചട്ടം 11 അനുസരിച്ച് 12 വർഷങ്ങൾക്ക് ശേഷം മാത്രമേ പട്ടയം ലഭിച്ച ഭൂമി കൈമാറാൻ അവകാശമുള്ളൂ. പ്രസ്തുത ചട്ടത്തിൽ ഇളവ് നൽകാൻ ചട്ടം 21 (ii) പ്രകാരം വ്യവസ്ഥയില്ല. ആയത് നിയമവിരുദ്ധമായതിനാൽ തീരുമാനം റദ്ദാക്കേണ്ടതാണ്. |
| 54 (74) | 17779/A1/2016/റ. വ. | 8488<br>തീയതി 25.02.2016<br>(OA) | കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ നാട്ടകം വില്ലേജിൽ ചിങ്ങവനം കരയിൽ പുത്തൻതോട് പുറമ്പോക്ക് റവന്യൂ വകുപ്പിലേയ്ക്ക് ഡീവെസ്റ്റ് ചെയ്ത് പ്രസ്തുത പുറമ്പോക്കിൽ താമസിച്ചു വരുന്ന 38 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് കോട്ടയം ജില്ലാ കളക്ടർക്ക് അനുമതി നൽകാൻ തീരുമാനിച്ചു. | നിയമ, ധനകാര്യ വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിട്ടില്ല. തോട് പുറമ്പോക്ക് ഭൂമി പതിച്ചുനൽകുന്ന വിഷയം സുപ്രീംകോടതി വിധിക്കെതിരായതിനാൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. പുറമ്പോക് ഭൂമി കൈവശ ക്കാ ർക്ക് പതിച്ചു നൽകാൻ നിയമപരമായി കഴിയുകയില്ല. നിയമപരമായി ന്യൂനതയുള്ള ഭൂമി പതിച്ചു നൽകിയാൽ ആ നടപടിക്ക് നിയമ പരിരക്ഷ കിട്ടുകയുമില്ല. അത്തരക്കാരെ ഭൂരഹിതരായി കണക്കാക്കി പകരം ഭൂമി നൽകുകയായിരുന്നു വേണ്ടത്. നിയമവിരുദ്ധമായ തീരുമാനം. പുനഃപരിശോധിക്കേണ്ടതാണ്. |
| 55 (76) | 17689/N1/2016/ റവ | 8490<br>തീയതി 25.02.2016 | M/s കൃഷി പ്രോപ്പർട്ടി ഡവലപ്പ്മെന്റ് പ്രൈവറ്റ് ലിമിറ്റഡിന് ഹൈടെക്ക്/ഐ.റ്റി. പാർക്കുകൾ സ്ഥാപിക്കുന്നതിനായി എറണാകുളം ജില്ലയിലെ | 2008 – ലെ നെൽവയൽ തണ്ണീർതട ആക്ടിന് വിരുദ്ധമാണ്. വിവാദത്തെ തുടർന്ന് മുൻ സർക്കാർ കാലത്ത് ഭരണകക്ഷികളിൽ നിന്നും പൊതു സമൂഹ |

| | | | | |
|---|---|---|---|---|
| | | 8852 തീയതി 13.04.2016 (OA) | വടക്കൻ പറവൂരിലെ പുത്തൻവേലിക്കര വില്ലേജിലെ 95.44 ഏക്കർ സ്ഥലത്തിനും തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിലെ മടത്തുംപടി വില്ലേജിലെ 32.41 ഏക്കർ സ്ഥലത്തിനും കേരള ഭൂപരിഷ്കരണ നിയമത്തിന്റെ 81(3) വകുപ്പു പ്രകാരമുള്ള ഇളവ് നൽകാൻ മന്ത്രിസഭായോഗം തീരുമാനിക്കുകയുണ്ടായി. | ത്തിൽ നിന്നും എതിർപ്പ് ഉയർന്നു വന്ന സാഹചര്യത്തിൽ ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്. വിജിലൻസ് നടപടി നിലവിലുണ്ട്. |
| 56 (83) | 71066/U1/2012/റ.വ | 8497 തീയതി 25.2.2016 (OA) | തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ശാസ്തമംഗലം വില്ലേജിൽ സർവ്വേ നം. 191, 192, 194, 195, 210, 211 എന്നീ സർവ്വെ നമ്പരുകളിൽ ഉൾപ്പെട്ടതും തിരുവനന്തപുരം ടെന്നീസ് ക്ലബിന്റെ കൈവശവുള്ളതുമായ 4 ഏക്കർ 27 സെന്റ് ഭൂമി, പാട്ടക്കുടിശ്ശിക തുകയുടെ 0.2% ഈടാക്കിക്കൊണ്ട് നിലവിലുള്ള കമ്പോളവിലയുടെ 5% വാർഷിക പാട്ടനിരക്കിൽ 30 വർഷത്തേക്ക് ഓരോ മൂന്ന് വർഷം കൂടുന്തോറും പാട്ടം പുതുക്കി നിജപ്പെടുത്തേണ്ടതാണെന്ന വ്യവസ്ഥയോടെയും മറ്റ് നിബന്ധനകളോടെ പാട്ടം പുതുക്കി നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ദീർഘകാലമായി പ്രസ്തുത ഭൂമി ക്ലബിന്റെ കൈയ്യിലാണെന്നുള്ള കാര്യം കണക്കിലെടുത്താണ് പാട്ടക്കുടിശ്ശികയിൽ ഇളവ് നൽകി നിയമാനുസൃത നിബന്ധനകളോടെ പാട്ടം പുതുക്കി നൽകുവാൻ ഉത്തരവായത്. തുടർന്ന് 01.03.2016 - ലെ മന്ത്രിസഭായോഗത്തിൽ ആകെയുള്ള പാട്ടക്കുടിശ്ശിക ഒടുക്കി തീർക്കുന്ന മുറയ്ക്ക് ക്ലബിന്റെ കൈവശമുള്ള ഭൂമിയുടെ ഉപയോഗം മാറ്റരുതെന്നും സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ കൈമാറ്റം നടത്താൻ പാടുള്ളതല്ലെന്നുമുള്ള നിബന്ധനകളോടെ പതിച്ചു നൽകുന്നതിന് തീരുമാനിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത തീരുമാനം നടപ്പാക്കിയിട്ടില്ല. | പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടില്ല. ഉത്തരവ് അക്കൗണ്ടന്റ് ജനറലിന് എൻഡോഴ്സ് ചെയ്യാൻ നിർവ്വാഹമില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. പാട്ടക്കുടിശ്ശിക ഈടാക്കുന്നതിന് ഭൂമി തിരിച്ചെടുക്കുന്നതിനും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ശക്തമായി ശുപാർശ ചെയ്തിട്ടുള്ളതാണ്. ഭൂമി തിരിച്ചെടുക്കുവാനും പാട്ടക്കുടിശ്ശിക ഈടാക്കുവാനും നടപടി സ്വീകരിക്കാൻ ജില്ലാകളക്ടർക്ക് നിർദേശം നൽകിയിരുന്നതും അത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. ഈ വിഷയം നിയമവകുപ്പുമായി കൂടിയാലോചിച്ചിട്ടില്ല. **31.03.2016-ലെ കണക്കനുസരിച്ച് 11,09,10,955/- രൂപ പാട്ടക്കുടിശ്ശിക** യായുള്ളതും പ്രസ്തുത തുകയുടെ 0.2% ഈടാക്കിക്കൊണ്ട് നിലവിലുള്ള കമ്പോളവിലയുടെ 5% വാർഷിക പാട്ടനിരക്കിൽ 30 വർഷത്തേക്ക് ഓരോ മൂന്ന് വർഷം കൂടുന്തോറും പാട്ടം പുതുക്കി നിജപ്പെടുത്തേണ്ടതാണെന്നും വ്യവസ്ഥയോടെയും മറ്റ് നിബന്ധനകളോടെ പാട്ടം പുതുക്കി നൽകാനാണ് മന്ത്രിസഭായോഗം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചത്. പാട്ടക്കുടിശ്ശികയിൽ ഇളവ് നൽകേണ്ട സാഹചര്യമോ അർഹതയോ ഇല്ല. തീരുമാനം പുന:പരിശോധിക്കേണ്ടതാണ്. |
| 57 (84) | 58349/U1/2004/റ.വ | 8498 തീയതി 25.02.2016 | തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ YMCA കൈവശം വച്ചിരിക്കുന്ന വഞ്ചിയൂർ വില്ലേജിൽ സർവ്വേ നമ്പർ 2836 -ൽ ഉൾപ്പെട്ട 78 സെന്റ് സ്ഥലം പാട്ടക്കുടിശ്ശിക തുകയുടെ 0.2% ഈടാക്കിക്കൊണ്ട് നിയമാനുസൃത നിബന്ധനകളോടെ പാട്ടം പുതുക്കി നൽകിയാണ് ഉത്തരവ് പുറപ്പെടുവിച്ചത്. | 1995 -ലെ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടം റൂൾ 12 സബ് റൂൾ (5) (8) (ii) (ജി. ഒ(പി) നം. 64/2016/റ.വ) (28.01.2016 ലെ SRO No. 96/2016) പ്രകാരം ഭേദഗതി വരുത്തിയതിന് അനുസൃതമായി നിലവിലുള്ള കമ്പോളവിലയുടെ 2 % വാർഷിക പാട്ടനിരക്കിൽ, 30 |

| | | | | |
|---|---|---|---|---|
| | | | | വർഷത്തേയ്ക്ക് ഓരോ 3 വർഷം കൂടുന്തോറും പാട്ടം പുതുക്കി നിജപ്പെടുത്തേണ്ടതാണെന്ന വ്യവസ്ഥയോടേയും മറ്റ് നിയമാനുസൃത നിബന്ധനകളോടെയുമാണ് തിരുവനന്തപുരം YMCA ക്ക് പാട്ടം പുതുക്കി നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചത്.<br><br>പ്രസ്തുത വിഷയത്തിൽ തിരുവനന്തപുരം പ്രിൻസിപ്പൽ സബ് കോടതി മുമ്പാകെ പാട്ടക്കുടിശ്ശിക ഈടാക്കുന്നതിനെതിരെ ഫയൽ ചെയ്ത ഒ.എസ്. നം. 162/2005 എന്ന കേസ് ഇപ്പോഴും നിലവിലുണ്ട്. കൂടാതെ 1977 മുതലുള്ള പാട്ടതുക അടക്കാത്ത YMCA യുമായുള്ള ഉടമ്പടി കരാർ റദ്ദാക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനം എടുക്കേണ്ടതാണെന്ന് WP (c ) 9698/2008 എന്ന കേസിൽ ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു. ലാന്റ് റവന്യു കമ്മീഷ്ണറുടെ നടപടി ക്രമത്തിനെതിരെ YMCA ബഹു. ഹൈക്കോടതിയിൽ WP (c ) 14469/08 എന്ന കേസ് ഫയൽ ചെയ്യുകയും ആയത് ഇപ്പോഴും ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുമാണ്. ഈ വിഷയത്തിൽ നിയമവകുപ്പുമായിട്ടോ ധനകാര്യവകുപ്പുമായിട്ടോ കൂടിയാലോചിച്ചിട്ടില്ല. 22.03.2003-ലെ കണക്കനുസരിച്ച് 3,62,29,062/- രൂപ പാട്ടക്കുടിശ്ശികയായുള്ളതായി ഫയലിൽ കാണുന്നു. പ്രസ്തുത തുകയുടെ 0.2% ഈടാക്കിക്കൊണ്ട് നിലവിലുള്ള കമ്പോളവിലയുടെ 5% വാർഷിക പാട്ടനിരക്കിൽ പാട്ടം പുതുക്കി നൽകാനാണ് മന്ത്രിസഭായോഗം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചത്. ധനകാര്യവകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മന്ത്രിസഭായോഗ തീരുമാനപ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് അക്കൗണ്ട് ജനറലിന് എൻഡോഴ്സ് ചെയ്യാൻ മുൻ റവന്യു വകുപ്പ് സെക്രട്ടറി ഉത്തരവായി. എന്നാൽ പ്രസ്തുത ഉത്തരവ് അക്കൌണ്ടന്റ് ജനറലിന് എൻഡോഴ്സ് ചെയ്യാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുകയുണ്ടായി. പുന:പരിശോധിക്കേണ്ടതാണ്. |

| | | | | |
|---|---|---|---|---|
| 58 (85) | 75094/U1/2015/റ.വ | 8499<br>തീയതി 25.02.2015 | തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നമ്പർ 3041 –ൽ ഉൾപ്പെട്ടതും മുസ്ലീം അസോസിയേഷന് പാട്ടത്തിന് നൽകിയിരുന്നതുമായ 27 സെന്റ് സ്ഥലത്തിന്റെ നിലവിലുള്ള പാട്ടക്കുടിശ്ശിക തുകയുടെ 0.2% ഈടാക്കിക്കൊണ്ട് നിയമാനുസൃതമായ നിബന്ധനകളോടെ പാട്ടം പുതുക്കി നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. | മുസ്ലീം അസോസിയേഷന് 30 വർഷത്തേക്ക് പാട്ടത്തിന് നൽകിയിരുന്ന ഭൂമി പാട്ടക്കുടിശ്ശിക ഈടാക്കുന്നതിനായി ജില്ലാകളക്ടർ നൽകിയ ഡിമാന്റ് നോട്ടീസിനെതിരെ പ്രസ്തുത സ്ഥാപനം ഫയൽ ചെയ്ത WP (c) No. 35532/09 നമ്പർ കേസിൽ പാട്ടക്കുടിശ്ശിക മാർക്കറ്റ് വിലയുടെ 20% ആയി വർധിപ്പിച്ച് മുൻകാല പ്രാബല്യത്തോടെ അടയ്ക്കണമെന്ന് ഉത്തരവായിരുന്നതായും അതിനെതിരെ സ്ഥാപനം ഫയൽ ചെയ്ത 2164/2015 റിട്ട് അപ്പീൽ ഇപ്പോഴും നില നിൽക്കുന്നതായി കാണുന്നു. 2005 –ൽ പ്രസ്തുത ഭൂമി പതിച്ചുനൽകാൻ ഉത്തരവുണ്ടാകണമെന്ന് മുസ്ലീം അസോസിയേഷൻ സർക്കാർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും പാട്ടക്കാരാർ നിബന്ധനയായ പാട്ട കുടിശ്ശിക അടയ്ക്കാത്തതിനാലാണ് ആയത് നിരസിച്ച് 27.12.2010–ൽ ഉത്തരവായിട്ടുള്ളത്. **31.03.2016 –ലെ കണക്കനുസരിച്ച് 2,59,20,418/- രൂപ പാട്ടക്കുടിശ്ശികയായുള്ളതായി** ഫയലിൽ കാണുന്നു. പ്രസ്തുത തുകയുടെ 0.2% ഈടാക്കിക്കൊണ്ട് നിലവിലുള്ള കമ്പോളവിലയുടെ 5% വാർഷിക പാട്ടനിരക്കിൽ പാട്ടം പുതുക്കി നൽകാനാണ് മന്ത്രിസഭായോഗം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചത്. പുന:പരിശോധിക്കേണ്ടതാണ്. |
| 59 (86) | 60241/U1/2010/റ.വ | 8500<br>തീയതി 25.02.2016 | തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂരിൽ സർവ്വേ നമ്പർ 2836/31 – ൽ ഉൾപ്പെട്ട 1.01 ഏക്കർ സ്ഥലം, നിലവിലുള്ള പാട്ടക്കുടിശ്ശിക തുകയുടെ 0.2% തുക ഈടാക്കിക്കൊണ്ട് മെമ്മോറിയൽ നാഷണൽ ക്ലബിന് നിയമാനുസൃതമായ നിബന്ധനകളോടെ പാട്ടം പുതുക്കി നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. ൽന്ന | പ്രസ്തുത വിഷയത്തിൽ ജില്ലാ കളക്ടറുടെ റിപ്പോർട്ടുപ്രകാരം 3.9963 ലക്ഷം പാട്ടക്കുടിശ്ശികയായി ലഭിക്കാനുണ്ടെന്നും ആയത് ലഭിച്ചതിനുശേഷം പാട്ടക്കരാർ പാട്ടം പുതുക്കി നൽകുന്ന വിഷയത്തിൽ തീരുമാനം എടുക്കാവുന്നതാണെന്നും മുൻ റവന്യു സെക്രട്ടറി അഭിപ്രായപ്പെടുകയുണ്ടായി. പാട്ടക്കുടിശ്ശിക ഈടാക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർ നൽകിയ ഡിമാന്റ് നോട്ടീസിനെതിരെ മന്നം മെമ്മോറിയൽ നാഷണൽ ക്ലബ് സമർപ്പിച്ച റിവിഷൻ പെറ്റീഷൻ WP (c) No. 33710/10 നമ്പർ കേസിന് ബഹു. ഹൈക്കോടതിയുടെ 9/11/10 – ലെ വിധിയിൽ സർക്കാരിനോട് തീരുമാനമെടുക്കാൻ ഉത്തരവാകുകയും പ്രസ്തുത വിധിക്ക് |

| | | | | |
|---|---|---|---|---|
| | | | | അനുസൃതമായാണ് മന്ത്രിസഭാ യോഗം തീരുമാനം എടുത്തിട്ടുള്ളത്. **31.03.2016-ലെ കണക്കനുസരിച്ച് 3,99,63,499/- രൂപ പാട്ടക്കുടിശ്ശികയായുള്ളതായി** ഫയലിൽ കാണുന്നു. പ്രസ്തുത തുകയുടെ 0.2% ഈടാക്കിക്കൊണ്ട് നിലവിലുള്ള കമ്പോളവിലയുടെ 5% വാർഷിക പാട്ടനിരക്കിൽ പാട്ടം പുതുക്കി നൽകാനാണ് മന്ത്രിസഭായോഗം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചത്. ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടില്ല. അക്കൗണ്ടന്റ് ജനറലിന് എൻഡോഴ്സ് ചെയ്യാൻ നിർവ്വാഹമില്ലായെന്നും ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. നിയമ വകുപ്പിന്റെ അഭിപ്രായം മേൽവിഷയത്തിൽ ആരാഞ്ഞിട്ടില്ല. പുന:പരിശോധിക്കേണ്ടതാണ്. |
| 60 (87) | 15014/പി1/2016/റവ | 8501<br>തീയതി<br>25.02.2016 (OA) | മെത്രാൻ കായലിന്റെ തീരപ്രദേശത്തുള്ള നെൽവയൽ റക്കിൻഡോ കുമരകം റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡ് ഏറ്റെടുത്ത് ഇക്കോടൂറിസം പദ്ധതിയ്ക്ക് തരം മാറ്റുവാൻ അനുവാദം നൽകിക്കൊണ്ട് 25-02-2016-ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 01-03-2016-ലെ സ.ഉ.(കൈ)198/16/റവന്യു എന്ന ഉത്തരവ് പുറപ്പെടുവിയ്ക്കുകയുണ്ടായി. | 20-02-2016-ന് മുൻ റവന്യു സെക്രട്ടറി നൽകിയ നോട്ടിൽ പ്രസ്തുത പ്രോജക്ടിന് അനുമതി നൽകാൻ സാദ്ധ്യമല്ലെന്ന് പറയുകയുണ്ടായി. വയൽ നികത്തൽ പ്രസ്തുത പ്രോജക്ടിന്റെ ഭാഗമാകയാൽ നെൽവയൽ തണ്ണീർത്തട നിയമപ്രകാരം പാരിസ്ഥിതിക ഘടകത്തിന് അനുയോജ്യമല്ലെന്ന് അഭിപ്രായപ്പെട്ട് മുൻ ചീഫ് സെക്രട്ടറിയ്ക്ക് സമർപ്പിക്കുകയും മുൻ ചീഫ് സെക്രട്ടറി അപ്രൂവൽ കൊടുത്ത് നോട്ട് എഴുതുകയും അതേതുടർന്ന് 25-02-2016-ലെ മന്ത്രിസഭായോഗത്തിൽ ഔട്ട് ഓഫ് അജണ്ടയായി പരിഗണിക്കുകയും ചെയ്തു. ആര് മുഖേനയാണ് ഫയൽ മന്ത്രിസഭായോഗത്തിന് മുൻപാകെ സമർപ്പിച്ചതെന്ന് ഫയലിൽ വ്യക്തമല്ലാത്തതാണ്. തുടർന്ന് 09-03-2016 ലെ ക്യാബിനറ്റ് യോഗം വ്യാപകമായ പത്ര-ദൃശ്യ മാധ്യമങ്ങളിൽ വന്ന പ്രതിഷേധത്തിന്റെ അടിസ്ഥാനത്തിൽ 15-03-2016-ലെ സ.ഉ.(കൈ) 279/16/റവന്യു എന്ന ഉത്തരവ് പ്രകാരം ടി തീരുമാനം റദ്ദാക്കി. ഈ വിഷയത്തിൽ നിയമവകുപ്പിന്റെ ഉപദേശം തേടിയിരുന്നില്ല. മുൻ സർക്കാർ കാലത്ത് ഭരണ കക്ഷി നേതാക്കളിൽ നിന്നും പൊതുസമൂഹത്തിൽ നിന്നും എതിർപ്പ് ഉയർന്നതിനെ തുടർന്നാണ് ഉത്തരവ് റദ്ദാക്കിയത്. |

20

| | | | | |
|---|---|---|---|---|
| 61 (88) | 30883/എ3/2015/റവ | 8502<br>തീയതി<br>25.02.2016 (OA) | എറണാകുളം ജില്ല, കണയന്നൂർ താലൂക്ക്, മരട് വില്ലേജ്, തോട്ടൂർ ദേശത്ത് റീസർവ്വേ നം.216/5, 217/6-ൽപ്പെട്ട തോട് പുറമ്പോക്ക് മാറ്റുന്നത് സംബന്ധിച്ച ഫയലാണ്.<br>2) | ഭൂമി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അധീനതയിലായതിനാൽ പ്രസ്തുത ഫയൽ തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട് നിയമപരമായി ന്യൂനതയുള്ള ഭൂമി കൊടുക്കുന്നതിന് പകരം ഭൂമി കണ്ടെത്തുകയായിരുന്നു പോംവഴി. തോട് പുറമ്പോക്ക് divest ചെയ്യുന്നതും പതിച്ചു നൽകുന്നതുമായ തീരുമാനം നിയമപരമായി ശരിയല്ല |
| 62 (89) | 28750/പി 1/2016/റവ | 8503<br>തീയതി<br>25.02.2016 (OA) | എറണാകുളം ജില്ലയിലെ കടമക്കുടി ഗ്രാമ പഞ്ചായത്തിൽപ്പെട്ട 47 ഏക്കർ ഭൂമിയിൽ സംസ്ഥാനത്തെ മെഡിക്കൽ ടൂറിസം അഭിവൃദ്ധിപ്പെടുത്തുന്നതിന് മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതാണ് വിഷയം. | വിഷയത്തിൽ നിയമ സെക്രട്ടറിയുടെ ഉപദേശം ആരായുകയും താഴെ പറയുന്ന പ്രകാരം വിശദമായ അഭിപ്രായം നൽകുകയുമുണ്ടായി.<br>*'ബഹു.സുപ്രീംകോടതി Revenue Divisional Officer, Fort & others V. Jalaja Dileep & others (2015 (1) KLT 984 (SC) കേസിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് പ്രാബല്യത്തിൽ വരുന്നതിനു മുൻപ് നികത്തപ്പെട്ട പാടശേഖരങ്ങൾ സംബന്ധിച്ചുള്ള നിയമം Essential Commodities Act-ന് കീഴിൽ പാസ്സാക്കിയ 1967-ലെ Kerala Land Utilisation Order ആണെന്നും പ്രസ്തുത ആക്ടിൽ സെക്ഷൻ 3 എ പ്രകാരം കൊണ്ടുവന്ന ഭേദഗതി Kerala Land Utilisation Order-ന് വിരുദ്ധമാകയാൽ ആയത് ഭരണഘടനാപരമായി ഉചിതമാണോ എന്ന് പരിശോധിക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.*<br><br>കൂടാതെ പ്രസ്തുത മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി ഒരു സ്വകാര്യ സംരഭമായതിനാൽ ആയത് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ *Public Purpose* എന്ന നിർവ്വചനത്തിൽ ഉൾപ്പെടാത്തതിനാൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനായി ഒരു കരട് ബിൽ തയ്യാറാക്കി ഭരണ വകുപ്പിന് നൽകിയിരുന്നു. |

| | | | | |
|---|---|---|---|---|
| | | | | എന്നാൽ 02-03-2016-ലെ സ.ഉ.(കൈ)206/16/റവന്യു എന്ന ഉത്തരവ് പ്രകാരം കടമക്കുടി ഗ്രാമ പഞ്ചായത്തിൽ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കുന്നതിന് ഭരണ വകുപ്പ് അനുമതി നൽകി. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ വ്യവസ്ഥകൾ ലംഘിച്ചു കൊണ്ടുള്ള ടി ഉത്തരവ് വിവാദമായ സാഹചര്യത്തിൽ 09-03-2016-ലെ സ.ഉ.(കൈ)278/16/റവന്യു ഉത്തരവ് പ്രകാരം അനുമതി നൽകിയത് പിൻവലിച്ചിരുന്നു. |
| 63 (90) | 37367/എ1/15/റവ | 8504<br>തീയതി<br>25.02.2016 (OA) | കോട്ടയം ജില്ലയിലെ മേലുകാവ്, തലനാട്, മൂന്നിലവ് വില്ലേജുകളിലായി ആരംഭിക്കുന്ന ഗ്രീൻ ടൂറിസം സർക്യൂട്ട് പദ്ധതിക്കായി ആവശ്യമായി വരുന്ന റവന്യു പുറമ്പോക്ക് ഭൂമി, പ്രസ്തുത ടൂറിസം സർക്യൂട്ടിനായി വിട്ടു നൽകാൻ തീരുമാനിച്ചു. | മുൻ റവന്യു വകുപ്പിൽ വസ്തുവിന്റെ ഉടമസ്ഥാവകാശം നിലനിർത്തികൊണ്ട് ഗ്രീൻ ടൂറിസം പദ്ധതി തുടങ്ങാനായിരുന്നു റവന്യു സെക്രട്ടറി ശുപാർശ ചെയ്തിരുന്നത് പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. ഗ്രീൻ ടൂറിസം സർക്യൂട്ട് തുടങ്ങുന്ന കിഷൻ ചന്ദ് എന്ന CEO യുടെ വൈദഗ്ധ്യത്തെക്കുറിച്ചോ എപ്രകാരം വസ്തു ഉപയോഗിക്കുന്നോ ഉള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. നിയമ, ധനകാര്യവകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിട്ടില്ല. ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെങ്കിലും തീരുമാനം പുനഃപരിശോധിക്കേണ്ടതാണ്. |
| 64 (108) | 19389/എ3/16/റവ | 8677<br>തീയതി<br>02.03.2016 (OA) | എറണാകുളം ജില്ലാ കൊച്ചി താലൂക്കിൽ ഫോർട്ട് കൊച്ചി വില്ലേജിൽ സർവ്വെ 552/1-ൽപ്പെട്ട 50 സെന്റ് ഭൂമി **6,92,00,513 രൂപ** പാട്ടക്കുടിശ്ശിക ഒറ്റത്തവണയായി തീർപ്പാക്കി. മെ. ബൊസ്വാങ്കറ്റ് എക്സ്പോർട്സ് ലിമിറ്റഡിന് പാട്ടത്തിന് നൽകി ഉത്തരവായി. | ടൂറിസത്തിന്റെ എന്ത് ആവശ്യമാണെന്ന് ക്യാബിനറ്റ് ഡിസിഷനിൽ വ്യക്തമല്ല. ധനകാര്യ, നിയമവകുപ്പുകളുമായി കൂടിയാലോചിച്ചിട്ടില്ല. [illegible] റദ്ദാക്കേണ്ടതാണ്. |
| 65 (109) | 19394/എ3/16/റവ | 8679<br>തീയതി<br>02.03.2016 (OA) | എറണാകുളം പള്ളുരുത്തി വില്ലേജ് കോർപ്പറേഷൻ വക പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന കോളനി നിവാസികൾക്കും, രാമേശ്വരം വില്ലേജിൽ ഗ്രൗണ്ട് റെന്റ് ഭൂമിയിൽ താമസിക്കുന്ന വ്യാസപുരം കോളനി നിവാസികൾക്കും പള്ളുരുത്തി വില്ലേജിൽ തോട് പുറമ്പോക്കിൽ താമസിക്കുന്ന തോട്ടിപ്പുര കോളനി നിവാസികൾക്കും, പള്ളുരുത്തി വില്ലേജിൽ തോട് പുറമ്പോക്കിൽ താമസിക്കുന്ന തോട്ടിപ്പുര കോളനി നിവാസികൾക്കും, മണകുന്നം വില്ലേജിലെ ശ്രീമതി ജാനകി കുമാരനും, നടമ തെക്കുംഭാഗം വില്ലേജിൽ വണിക വൈശ്യ സംഘത്തിനും ഭൂമി പതിച്ചു | ധനകാര്യവകുപ്പിന്റേയും ലാന്റ് റവന്യു കമ്മീഷണറുടേയും അഭിപ്രായം ആരാഞ്ഞിട്ടില്ല. പുറമ്പോക് ഭൂമി കൈവശക്കാർക്ക് പതിച്ചു നൽകാൻ നിയമപരമായി കഴിയുകയില്ല. നിയമപരമായി ന്യൂനതയുള്ള ഭൂമി പതിച്ചു നൽകിയാൽ ആ നടപടിക്ക് നിയമ പരിരക്ഷ കിട്ടുകയുമില്ല. അത്തരക്കാരെ ഭൂരഹിതരായി കണക്കാക്കി പകരം ഭൂമി നൽകുകയായിരുന്നു വേണ്ടത്. നിയമവിരുദ്ധമായ തീരുമാനം. പുനഃപരിശോധിക്കേണ്ടതാണ്. |

| | | | | |
|---|---|---|---|---|
| | | | നൽകുവാൻ വേണ്ടി അടിയന്തിര നടപടി സ്വീകരിക്കുവാൻഎറണാകുളം ജില്ലാ കളക്ടർ നിർദ്ദേശം നൽകി ഉത്തരവായി. | |
| 66 (110) | 19391/എ3/16/റവ | 8691<br>തീയതി<br>02.03.2016 (OA) | എറണാകുളം ജില്ലയിൽ ആലുവ താലൂക്കിൽ ആലുവ ഈസ്റ്റ് വില്ലേജിൽ 82/1 –ൽപ്പെട്ടതും സർവ്വെ ശ്രീ കെ.പി.ഹരിഹരൻ നായർ, കെ.പി.ജഗത് സിംഗ്, പി.എം.ഇസ്മയിൽ, പി.ബി.അബ്ദുൾ അസീസ്, ശ്രീമതി പോളി പോൾ എന്നിവർ വിവിധ അളവുകളിലായി നേരത്തെ തന്നെ കൈവശം വച്ചിരുന്നതുമായ റോഡ് പുറമ്പോക്ക് ഇനത്തിൽപ്പെടുന്ന ഭൂമി പതിച്ച് നൽകുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവായി. | നിയമപ്രകാരം റോഡ് പുറമ്പോക്ക് പതിച്ച് നൽകാവുന്നതല്ല. ലാന്റ് റവന്യു കമ്മീഷണറുടെയും ധനകാര്യവകുപ്പിന്റെയും അഭിപ്രായം വാങ്ങാതെ പുറപ്പെടുവിച്ച ഉത്തരവ് അക്കൗണ്ടന്റ് ജനറലിനു എൻഡോഴ്സ് ചെയ്യാൻ നിർവ്വാഹമില്ലെന്ന് ധനകാര്യവകുപ്പ് അറിയിക്കുകയുണ്ടായി. [illegible] ക്കേണ്ടതാണ്. |
| 67 (114) | 492/എ3/16/റവ | 8726<br>തീയതി<br>02.03.2016 (OA) | എറണാകുളം ജില്ലയിൽ പറവൂർ താലൂക്കിൽ വരാപ്പുഴ വില്ലേജിൽ എൻ.എസ്.എസ്. കരയോഗം 30 വർഷത്തേക്ക് പാട്ടമായി കൈവശം വച്ച് അനുഭവിച്ചു വരുന്ന സർവ്വെ നം. 326/9–ൽ ഉൾപ്പെട്ട 03.74 ആർ (9.230 സെന്റ്) ഭൂമി കരയോഗത്തിന്റെ പേരിൽ പതിച്ചു നൽകുവാൻ എറണാകുളം ജില്ലാ കളക്ടർക്ക് അനുമതി നൽകാൻ തീരുമാനിച്ചു. | ധനകാര്യവകുപ്പ്, ലാന്റ് റവന്യു കമ്മീഷണർ എന്നിവരുടെ അഭിപ്രായം ആരാഞ്ഞിട്ടില്ല. ഭൂപതിവ് നിയമമനുസരിച്ച് മുഖവില ഈടാക്കി നൽകുകയോ ദീർഘകാല പാട്ടത്തിന് നൽകുകയോ ആണ് നിയമപരമായ മാർഗം. സൗജന്യമായി ഭൂമി പതിച്ചു നൽകാൻ സാധ്യമ ല്ല.<br>തീരുമാനം പുന:പരിശോധിക്കേണ്ടതാണ്. |
| 68 (118) | 70325/എൻ3/2014/റവ | 8768<br>തീയതി<br>16.03.2016 (OA) | നെല്ലിയാമ്പതി വില്ലേജിലെ പോബ്സ് എസ്റ്റേറ്റിന്റെ കൈവശ ഭൂമി സംബന്ധിച്ച് 01.03.2016 ലെ സ.ഉ.(എം.എസ്) നം.195/2016/ആർ.ഡി ഉത്തരവ് ഭേദഗതി വരുത്തുന്നതിന് 16.03.2016 – ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചു. | നെല്ലിയാമ്പതി വില്ലേജിലെ പോബ്സ് എസ്റ്റേറ്റിന്റെ കൈവശ ഭൂമി സംബന്ധിച്ചും വനം വകുപ്പിന്റെ കൈവശഭൂമി സംബന്ധിച്ചും തർക്കം ഉയർന്നുവന്നതിനാൽ, ലാന്റ് ബോർഡ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു അന്വേഷണ ടീമിനെ നിയോഗിച്ചു ഉത്തരവാകുകയും ലാന്റ് ബോർഡ് സെക്രട്ടറി അന്വേഷണം നടത്തി 07.08.2014 – ൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു.<br>ഈ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 12.11.2014 – ലെ സ.ഉ. (സാധാ) നം. 5473/14/റവ. ഉത്തരവ് പ്രകാരം പാലക്കാട് നെല്ലിയാമ്പതിയിൽ തർക്കഭൂമിയുമായി ബന്ധപ്പെട്ട മുഴുവൻ ഭൂമിയും സർവ്വെ നടത്തുന്നതിന് ഉത്തരവായി. സർക്കാർ ഉത്തരവുകൾക്കെതിരെ പോബ്സ് എസ്റ്റേറ്റ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP (C) No. 34072/2014 |

| | | | | |
|---|---|---|---|---|
| | | | | ആയി കേസ് ഫയൽ ചെയ്യുകയുണ്ടായി. ഈ കേസിൽ സർക്കാർ സർവ്വെ നടത്തുന്നതിനെതിരെ പോബ്സ് എസ്റ്റേറ്റ് നൽകിയ ഹർജിയിൽ ബഹു. ഹൈക്കോടതി, 26.02.2015 -ൽ സർക്കാർ സർവ്വെ നടത്തുന്നതു കൊണ്ട് ഹർജിക്കാരന് ബുദ്ധിമുട്ടുണ്ടാവില്ലെന്നും സർവ്വെ തുടർന്ന് ഹർജിക്കാരനെതിരെ നടപടികൾ ഹൈക്കോടതിയുടെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ കൈക്കൊള്ളാൻ പാടുള്ളൂവെന്നും നിഷ്കർഷിക്കുകയുണ്ടായി.<br><br>ഇതിനിടെ 31.08.2015 ന് മുമ്പ് പോബ്സ് എസ്റ്റേറ്റ് തങ്ങളുടെ കൈവശമുള്ള ഭൂമിയിൽ 2015 - 2016 വർഷത്തേയ്ക്കുള്ള നികുതി സ്വീകരിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചു. 2014 ൽ ലാന്റ്ബോർഡ് സെക്രട്ടറിയായിരുന്ന ശ്രീമതി. മേരിക്കുട്ടി ഐഎഎസ് സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ ഈ ഭൂമി ലാന്റ് റിഫോംസ് ആക്ട് പ്രകാരം പാട്ടക്കാലാവധി അസാനിച്ച 1964 ന് ശേഷം സർക്കാരിൽ നിക്ഷിപ്തമാക്കേണ്ടതാണെന്നും പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ പിന്നീട് സൃഷ്ടിക്കപ്പെട്ട രേഖകൾ ശരിയല്ലെന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യം കാണിച്ച് നികുതി സ്വീകരിക്കുന്നതിനുള്ള അപേക്ഷ നിരാകരിക്കാമായിരുന്നിട്ടും ഇതെല്ലാം മറച്ച് വെച്ച് പോബ്സ് കമ്പനിയുടെ അപേക്ഷയിൻമേൽ ലാന്റ് ബോർഡ് സെക്രട്ടറിയുടെ അഭിപ്രായം ആരായുകയുണ്ടായി. കേരള ഭൂപരിഷ്കരണ നിയമപ്രകാരം സീലിംഗ് കേസിലുൾപ്പെട്ട തോട്ടഭൂമിയാണെങ്കിൽപ്പോലും കരം സ്വീകരിയ്ക്കാതിരിക്കാൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലായെന്ന് ലാന്റ് ബോർഡ് സെക്രട്ടറി റിപ്പോർട്ട് ചെയ്തു.<br><br>കോടതി ഉത്തരവിനെതുടർന്നുള്ള സർവ്വെയിൽ പോബ്സ് എസ്റ്റേറ്റ് അവകാശപ്പെടുന്ന 833 ഏക്കർ ഭൂമി സർക്കാർ ഭൂമി അല്ല എന്ന് കണ്ടെത്തുകയുണ്ടായി. ഇതുകൂടാതെ അവരുടെ കൈവശം 15 ഏക്കർ നിക്ഷിപ്ത വനഭൂമിയും കൈവശമുണ്ട് എന്ന് കണ്ടെത്തുകയുണ്ടായി. ഈ റിപ്പോർട്ട് പ്രകാരം 833 ഏക്കറിന് കരം |

| | | | | |
|---|---|---|---|---|
| | | | | സ്വീകരിക്കുന്നതിൽ യാതൊരു തടസ്സവുമില്ല എന്ന് ലാന്റ് ബോർഡ് സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചു. അതേതുടർന്ന് കരം ഒടുക്കുന്നതിനെപ്പറ്റി നിയമവകുപ്പിന്റെ ഉപദേശം റവന്യു വകുപ്പ് ആരാഞ്ഞു.<br>ഇതേ തുടർന്നാണ് 01.03.2016 ൽ G.O. (Ms) No. 195/2016/RD ഉത്തരവ് പുറപ്പെടുവിച്ചത്. ഈ ഉത്തരവിൽ കരം സ്വീകരിക്കുന്നതിന് മുമ്പ് 4 ഉപാധികൾ പറയുകയുണ്ടായി.<br><br>1. കരം സ്വീകരിക്കുന്നതിനു മുമ്പ് പോബ്സ് എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം സ്ഥാപിക്കുന്ന അസ്സൽ രേഖകൾ പരിശോധിക്കേണ്ടതാണ്.<br>2. രേഖകൾ പരിശോധിച്ച് അവ നിയമാനുസൃതമായ രേഖകളാണോ അപ്രകാരം ഉടമസ്ഥതയുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതാണ്.<br>3. കരം സ്വീകരിക്കുന്നതിനു മുമ്പ് ഭൂമിയെ സംബന്ധിച്ചുള്ള കുടിക്കട സർട്ടിഫിക്കറ്റ് (Encumbrance Certificate) പരിശോധിക്കേണ്ടതാണ്.<br>4. ഇതെല്ലാം പരിശോധിച്ച് ശേഷം നെല്ലിയാമ്പതി വില്ലേജ് ഓഫീസർ കരം സ്വീകരിക്കാൻ തീരുമാനമെടുക്കുകയാണെങ്കിൽ പ്രസ്തുത തീരുമാനം WP (C) No. 34072/2014 ലെ വിധിക്ക് വിധേയമായിരിക്കും എന്ന് തീരുമാനിക്കുകയുണ്ടായി.<br><br>പൊതുസമൂഹത്തിൽ നിന്നുള്ള എതിർപ്പിനെ തുടർന്ന് നെല്ലിയാമ്പതി വില്ലേജിലെ പോബ്സ് എസ്റ്റേറ്റിന്റെ കൈവശ ഭൂമി സംബന്ധിച്ച് 01.03.2016 - ലെ സ.ഉ.(എം,എസ്) 195/2016/ആർ.ഡി എന്ന ഉത്തരവ് ഹൈക്കോടതി മുമ്പാകെ നിലവിലുള്ള WP (C) No. 34072/2014 കേസിന്റെ അന്തിമ വിധിക്കുശേഷം മാത്രമേ പോബ്സ് എസ്റ്റേറ്റിന്റെ |

| | | | | |
|---|---|---|---|---|
| | | | | ഉടമസ്ഥതയിലുള്ള ഭൂമിയുടെ കരം സ്വീകരിക്കുകയുള്ളൂ എന്ന് ഭേദഗതി ചെയ്യാൻ തീരുമാനിച്ചു. **മുഴുവൻ സ്ഥലവും സർവ്വേ ചെയ്യേണ്ടതാണ്. Title deed കൂടി പരിശോധിക്കേണ്ടതാണ്.**<br>ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള തർക്കം തീർപ്പാക്കാതെ നികുതി സ്വീകരിക്കേണ്ട കാര്യമില്ല. വ്യവസ്ഥകൾക്ക് വിധേയമായി നികുതി സ്വീകരിക്കാനുള്ള ആദ്യ ഉത്തരവും അതിന് പിന്നീട് വരുത്തി ഭേദഗതിയും തോട്ട ഉടമകളെ സഹായിക്കാനെന്ന് വ്യക്തമാണ്. ഈ കേസിൽ നികുതി സ്വീകരിക്കുന്നതിന് അനുവദിച്ച് കൊണ്ടുള്ള എല്ലാ ഉത്തര വുകളും പുനഃപരിശോധിക്കേണ്ടതാണ്. |
| 69 (123) | 7546/പി 2/2016/റവ | | കോഴിക്കോട് ചേന്ദമംഗല്ലൂർ ദേശത്ത് കേരള - പ്രൈവറ്റ് ഫോറസ്റ്റ് വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ് ആക്ട് പ്രകാരം പതിച്ചു നൽകപ്പെട്ടിരുന്നതും പട്ടയ വ്യവസ്ഥ ലംഘിച്ച് കൈമാറ്റം ചെയ്യപ്പെട്ടതുമായ 25.84 ഏക്കർ സ്ഥലം വനം വകുപ്പിന്റെ അഭിപ്രായത്തിന് അനുസൃതമായി അർഹരാണെന്ന് കണ്ടെത്തിയ 108 പേർക്ക് (നമസ്കാര പള്ളി ഉൾപ്പെടെ) 10 സെന്റ് വീതം പതിച്ചു നൽകാനും മുക്കം ഗവ. പോളിടെക്നിക്കിനു വേണ്ടി 5 ഏക്കർ ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി മാറ്റിവയ്ക്കാനും തീരുമാനിച്ചു. | മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ നിലവിൽ കൈവശവുള്ള അർഹരായി കണ്ടെത്തിയ 108 പേർക്ക് 10 സെന്റ് വീതം നൽകണമെന്നാണ് ശുപാർശ ചെയ്തിട്ടുള്ളത്. റീ സർവ്വെ 91 - ൽ ഉൾപ്പെട്ട പ്രസ്തുത ഭൂമി റവന്യൂ രേഖകളിൽ ദേവസ്വം ഭൂമി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ നിലവിലെ കൈവശക്കാരിൽ അർഹർ എന്ന് കണ്ടെത്തിയ 108 പേർക്ക് 1974 - ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ട് പ്രകാരം പതിച്ചു നൽകാനാണ് തീരുമാനിച്ചിരുന്നത് മേൽ സാഹചര്യത്തിൽ പ്രസ്തുത ഭൂമിയെ സ്വകാര്യ വനമായിട്ടാണോ ദേവസ്വം ഭൂമിയായിട്ടാണോ കണക്കാക്കേണ്ടതെന്നതും 108 പേരെ എന്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് കണ്ടെത്തിയതെന്നും പരിശോധിക്കേണ്ടതായിട്ടുണ്ട്. ബഹു. ഹൈക്കോടതി ദേവസ്വം വക ഭൂമികൾ ഒരു കാരണവശാലും WP (c) No.27910/2015 അന്യാധീനപ്പെടുത്തരുതെന്ന് വിധിച്ചിട്ടുണ്ട്.<br><br>കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ട് പ്രകാരം സ്വകാര്യ വനഭൂമി കൃഷിക്കും ഭവനനിർമ്മാണത്തിനുമാണ് വിട്ട് നൽകാൻ വ്യവസ്ഥയുള്ളത്. ആയത് നമസ്കാരപള്ളിക്കും ഗവ. പോളിടെക്നിക്കിനുമായി പതിച്ചു നൽകുന്ന വിഷയം നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കേണ്ടതായിട്ടുണ്ട്. ഭരണവകുപ്പ് മേൽ |

| | | | | |
|---|---|---|---|---|
| | | | | വിഷയത്തിൽ ഉത്തരവു പുറപ്പെടുവിച്ചിട്ടില്ലാത്തതും വനം വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുള്ളതുമാണ്. വനംഭൂമി മറ്റാവശ്യങ്ങൾക്ക് മാറ്റി ഉപയോഗിക്കണമെങ്കിൽ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. പ്രസ്തുത ഫയൽ നിയമവകുപ്പിന്റെ അഭിപ്രായത്തിനായി നൽകിയിട്ടുണ്ട് |

# മുൻ മന്ത്രിസഭായോഗ തീരുമാനങ്ങൾ പുന:പരിശോധിക്കുന്ന മന്ത്രിസഭാ ഉപസമിതി റിപ്പോർട്ട്

## 1. ANIMAL HUSBANDRY DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 70(3) | 8/ഇ2/2016/എ.എച്ച് | 8553, തീയതി 25.02.2016 | കണ്ണൂർ ജില്ലയിലെ പാറാട്ട് വെറ്ററിനറി ഡിസ്പെൻസറിയിൽ 2006 ജൂലൈ മുതൽ കാഷ്വൽ സ്വീപ്പർ ആയി ജോലി നോക്കി വരുന്ന ശ്രീമതി കെ. ബേബിയെ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 05.11.2015 മുതൽ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചു. | 25.11.2005 - ലെ സ.ഉ. (പി) 501/2005/ഫിൻ എന്ന ഉത്തരവ് പ്രകാരം ഉത്തരവ് തീയതിയിലോ അതിനുമുൻപോ തൂപ്പുജോലി ചെയ്തിരുന്ന വ്യക്തിയെ മാത്രമേ പാർട്ട്ടൈം തസ്തികയിൽ സ്ഥിരപ്പെടുത്താൻ നിർവ്വാഹമുള്ളൂ. 05.11.2015 മുതലാണ് പാറാട്ട് വെറ്ററിനറി ഡിസ്പെൻസറി 100 ച.മീറ്ററിൽ കൂടുതൽ സ്വീപ്പിംഗ് ഏര്യ ഉള്ള കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നത്. മേൽ സാഹചര്യത്തിലാണ് കണ്ണൂർ ജില്ലയിലെ പാറാട്ട് വെറ്ററിനറി ഡിസ്പെൻസറിയിൽ 2006 ജൂലൈ മുതൽ കാഷ്വൽ സ്വീപ്പർ ആയി ജോലി നോക്കി വരുന്ന ശ്രീമതി കെ. ബേബിയെ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് 05.11.2015 മുതൽ നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗ രേഖകൾക്കും അനുസൃതമായി സ്ഥിരപ്പെടുത്തുന്നതിനാണ് തീരുമാനിച്ചത്. **ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ധനകാര്യവകുപ്പിന്റെയും നിയമവകുപ്പിന്റെയും അഭിപ്രായം ആരാഞ്ഞിട്ടില്ല. [illegible]ക്കേണ്ടതാണ്.** |

## 2. ELECTION DEPARTMENT

**പുനഃപരിശോധിക്കേണ്ട ഫയലുകളില്ല.**

## 3. CO-OPERATION DEPARTMENT

**പുനഃപരിശോധിക്കേണ്ട ഫയലുകളില്ല.**

## 4. PLANNING AND ECONOMIC AFFAIRS DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 71 (4) | 9922/ബി2/20115/ ആ. സാ. വ | | സംസ്ഥാന ആസൂത്രണ ബോർഡിൽ താൽക്കാലിക അടിസ്ഥാനത്തിൽ റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. വി.റ്റി. ഗോപൻ പിള്ളയുടെ സേവനം ക്രമവൽക്കരിക്കുന്നതിന് തീരുമാനിച്ചു. | 31.05.2015 – ന് സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. ഗോപൻ പിള്ളയുടെ സർവീസ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലേക്കായി ഫയൽ ധനകാര്യവകുപ്പിലേക്ക് നൽകിയതായി ഭരണവകുപ്പ് അറിയിച്ചിരിക്കുന്നു. താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന വ്യക്തിയായതിനാൽ തീരുമാനം [illegible]ണ്ടതാണ്. |

## 5. PERSONNEL AND ADMINISTRATIVE REFORMS DEPARTMENT

**പുനഃപരിശോധിക്കേണ്ട ഫയലുകളില്ല.**

## 6. CULTURAL AFFAIRS DEPARTMENT

**പുനഃപരിശോധിക്കേണ്ട ഫയലുകളില്ല.**

## 7. COASTAL SHIPPING AND INLAND NAVIGATION DEPARTMENT

പുന:പരിശോധിക്കേണ്ട ഫയലുകളില്ല.

## 8. NORKA DEPARTMENT

പുന:പരിശോധിക്കേണ്ട ഫയലുകളില്ല.

## 9. INFORMATION AND PUBLIC RELATIONS DEPARTMENT

പുന:പരിശോധിക്കേണ്ട ഫയലുകളില്ല.

## 10. SCIENCE AND TECHNOLOGY DEPARTMENT

പുന:പരിശോധിക്കേണ്ട ഫയലുകളില്ല.

## 11. HOUSING DEPARTMENT

പുന:പരിശോധിക്കേണ്ട ഫയലുകളില്ല.

## 12. GENERAL ADMINISTRATION (MINORITY WELFARE) DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 72 (1) | 93377/എം.ഡബ്ല്യു 1/13/പൊ.ഭ.വ | 8092, തീയതി 20.01.2016 | ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ഡയറക്ടറായി പാങ്ങോട്, മന്നാനിയ ആർട്ട്സ് ആന്റ് സയൻസ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.പി. നസീറിനെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചത് സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച ഫയലാണ്. 19 | ധനകാര്യവകുപ്പിന്റെയും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെയും നിയമവകുപ്പിന്റെയും എതിരഭിപ്രായം മറികടന്നാണ് ഫയൽ മന്ത്രിസഭായോഗം മുമ്പാകെ സമർപ്പിച്ചത്. **പ്രസ്തുത ഉദ്യോഗസ്ഥൻ 31.05.2016 – ൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് 01.06.2016 – ൽ മാതൃവകുപ്പിൽ ജോലിയിൽ പ്രവേശിച്ചു.** പ്രൈവറ്റ് കോളേജിൽ നിന്നും അന്യത്ര സേവനത്തി ൽ ജോലി ചെയ്യുന്ന ഒരാളെ സ്ഥിരപ്പെടുത്താൻ ചട്ടമില്ല. അനുവദിക്കാൻ ചട്ടമില്ല. **തീരുമാനം റദ്ദാക്കേണ്ടതാണ്.** |
| 73 (2) | 4307/എം.ഡബ്ല്യു 1/16/പൊ.ഭ.വ | 8547 തീയതി 25.02.2016 | 25.02.2016 ലെ മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പ് (Out of Agenda) ഇനം നമ്പർ 8547 – ാം പ്രകാരം സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിലും, ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലും ന്യൂനപക്ഷ കമ്മീഷനിലും ജോലിചെയ്തു വരുന്ന കരാർ ജീവനക്കാരുടെ കരാർ കാലാവധി മൂന്ന് വർഷത്തേക്ക് ദീർഘിപ്പിക്കുന്നതിന് തീരുമാനിച്ചു. 26 | ദിവസവേതനാടിസ്ഥാനത്തിലുള്ള ജീവനക്കാരെ ഒഴിവാക്കാനും 10.08.2015 ലെ സ.ഉ (പി) നം. 217/15/പൊ.ഭ.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5 പ്രിൻസിപ്പൽമാരുടെ കരാർ കാലാവധി 3 വർഷം നീട്ടുന്നത് അംഗീകരിക്കാനാവില്ലെന്നും കരട് ഉത്തരവ് സൂക്ഷ്മ പരിശോധന നടത്തിയപ്പോഴുള്ള ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മുസ്ലീം യുവജന പരിശീലന കേന്ദ്രങ്ങളിലെ 5 പ്രിൻസിപ്പൽമാരെയും ദിവസവേതനാടിസ്ഥാനത്തിലുള്ള ജീവനക്കാരെയും ഒഴിവാക്കിക്കൊണ്ടും കരാർ അടിസ്ഥാനത്തിൽ മാത്രം നിയമിക്കപ്പെട്ടവരുടെ കരാർ കാലാവധി മൂന്ന് വർഷത്തേക്ക് ദീർഘിപ്പിക്കുന്നതിനും തീരുമാനമായി. എന്നാൽ തെരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റ ചട്ടം നിലനിന്നിരുന്നതിനാൽ ഈ വിഷയത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ല നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം പരിഗണിക്കാവുന്നതാണ്. പുനഃപരിശോധിക്കേണ്ടതാണ്. |
| 74 (3) | 412148/എം.ഡബ്ല്യു 1/13/പൊ.ഭ.വ | 8610 തീയതി 02.03.2016 | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തുവരുന്ന കേരള വനിതാ വികസന കോർപ്പറേഷനിലെ റീജിയണൽ മാനേജരായ ശ്രീ. ഫൈസൽ മുനീറിനെ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ആഗിരണം ചെയ്യുന്നതാണ് വിഷയം 25 | ധനകാര്യവകുപ്പിന്റേയും ആസൂത്രണ സാമ്പത്തികകാര്യവകുപ്പിന്റേയും എതിരഭിപ്രായം അവഗണിച്ചുകൊണ്ടാണ് 02.03.2016 – ലെ ഇനം നമ്പർ 8610 തീരുമാനം എടുത്തിട്ടുള്ളത്. ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല, എന്നാൽ പ്രസ്തുത തീരുമാനം റദ്ദാക്കേണ്ടതാണ്. |

## 13. ENVIRONMENT DEPARTMENT

പുനഃപരിശോധിക്കേണ്ട ഫയലുകളില്ല.

## 14. TOURSIM DEPARTMENT

പുനഃപരിശോധിക്കേണ്ട ഫയലുകളില്ല.

## 15. WATER RESOURCES DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 75 (1) | 25216/ബി3/2010/ജ.വി.വ | 7936 തീയതി 06.01.2016 | കേരള വാട്ടർ അതോറിറ്റിയിലെ ഇനിയും സ്ഥിരപ്പെടുത്താൻ ബാക്കിയുള്ള 22 എൻ.എം.ആർ (Non-Muster Roll) ജീവനക്കാരെ റഗുലർ എസ്റ്റാബ്ലിഷ്മെന്റിൽ ആഗിരണം ചെയ്തുകൊണ്ട് സ്ഥിരപ്പെടുത്തുന്നതാണ് ഫയലിലെ വിഷയം. | കേരള വാട്ടർ അതോറിറ്റിയുടെ റിപ്പോർട്ടിന്റെയും, കേരള വാട്ടർ അതോറിറ്റിയിലെ എൻ.എം.ആർ ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുള്ള മുൻകാല ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ എൻ.എം.ആർ സർവ്വീസിൽ ഉൾപ്പെട്ട 22 എൻ.എം.ആർ ജീവനക്കാരെ അവർ എൻ.എം.ആർ സർവ്വീസിൽ 10 വർഷം പൂർത്തിയാക്കിയ തീയതി മുതലും സാമ്പത്തികാനുകൂല്യങ്ങൾ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതലും മറ്റ് ആനുകൂല്യങ്ങൾ റഗുലറൈസ് ചെയ്യപ്പെടുന്ന തീയതി മുതലും എന്നീ നിബന്ധനകൾക്കു വിധേയമായി കേരള വാട്ടർ അതോറിറ്റി റഗുലർ എസ്റ്റാബ്ലിഷ്മെന്റിൽ ആഗിരണം ചെയ്യുന്നതിന് മന്ത്രിസഭായോഗത്തിൽ തീരുമാനമെടുക്കുകയും ഉത്തരവു പുറപ്പെടുവിക്കുകയുമുണ്ടായി. Jacob M. Puthuparambil and Others v. Kerala Water Authority & Others (AIR 1990 SC 2228) എന്ന കേസിലെ ബഹു. സുപ്രീംകോടതി വിധിക്കനുസൃതമായി അതിനുശേഷമുള്ള ബഹു. ഹൈക്കോടതിയുടെ വിധികളനുസരിച്ചുമാണ് എൻ.എംആർ ജീവനക്കാരെ റഗുലർ എസ്റ്റാബ്ലിഷ്മെന്റിൽ ആഗിരണം ചെയ്തുകൊണ്ട് സ്ഥിരപ്പെടുത്തി ഉത്തരവായിട്ടുള്ളത്. എന്നാൽ 1985 ൽ |

| | | | | |
|---|---|---|---|---|
| | | | | പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തി ഉത്തരവു പുറപ്പെടുവിച്ച് മൂന്ന് പതിറ്റാണ്ടിനു ശേഷവും പി.എസ്.സി വഴി ജീവനക്കാരെ നിയമിക്കുന്നതിനു പകരം എൻ.എം.ആർ കാറ്റഗറിയിൽ നിയമനം നടത്തുന്ന കേരള ജല അതോറിറ്റിയുടെ നടപടി നിയമപരമായി ന്യായീകരിക്കത്തക്കതല്ല.<br>തീരുമാനമെടുക്കേണ്ടതാണ്. |

## 16. BACKWARD CLASSES DEVELOPMENT DEPARTMENT

പുനഃപരിശോധിക്കേണ്ട ഫയലുകളില്ല.

## 17. INFORMATION TECHNOLOGY DEPARTMENT

പുനഃപരിശോധിക്കേണ്ട ഫയലുകളില്ല.

## 18. SCHEDULED CASTE SCHEDULED TRIBE DEVELOPMENT DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 76 (6) | 20654/ എഫ് 1/2015/പ.ജ.പ.വ.വി.വ | 8385<br>തീയതി 18.02.2016 | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പാലക്കാട് പ്രവർത്തിക്കുന്ന പാലക്കാട് മെഡിക്കൽ കോളേജിലേക്ക് സ്പെഷ്യൽ ഓഫീസർ നടത്തിയ നിയമനങ്ങൾ സ്ഥിരപ്പെടുത്തിയും തസ്തികകൾ സൃഷ്ടിക്കുന്നതിനും തീരുമാനിച്ചു. | പാലക്കാട് മെഡിക്കൽ കോളേജിൽ നിയമിക്കപ്പെട്ട മുൻ സർക്കാർ കാലത്ത് നിയമിക്ക്പപെട്ട സ്പെഷ്യൽ ഓഫീസർ നിയമ പ്രകാരം തസ്തികകൾ സൃഷ്ടിക്കാതെ 175 സ്ഥിര നിയമനങ്ങൾ 10 താൽക്കാലിക നിയമനങ്ങളും 2014 ൽ നടത്തുകയുണ്ടായി. പട്ടികജാതി വികസന വകുപ്പിന്റെ ഇന്റേണൽ ഓഡിറ്റ് വിംഗ് ഇക്കാര്യം അന്വേഷിച്ച് അപാകത ഉള്ളതായി കാണുകയും തുടർന്ന് വിശദമായ അന്വേഷണത്തിന് 15.10.2015 ലെ സർക്കാർ ഉത്തരവ് 81/2015/ടഇടഠഉഉ പ്രകാരം ഒരു എക്സ്പർട്ട് കമ്മിറ്റിയെ നിയമിക്കുകയും ചെയ്തു. അഡീഷണൽ സെക്രട്ടറി എസ്സി,എസ്ടി വകുപ്പ്, അഡീഷണൽ സെക്രട്ടറി ഫിനാൻസ്, ഡയറക്ടർ പട്ടികജാതി വകുപ്പ്, ഡെപ്യൂട്ടി ഡയറക്ടർ പട്ടികജാതി വകുപ്പ് എന്നിവർ അടങ്ങുന്നതായിരുന്നു പ്രസ്തുത കമ്മിറ്റി. എക്സ്പർട്ട് കമ്മിറ്റി 7.1.2016 ന് സമർപ്പിച്ച റിപ്പോർട്ടിൽ തസ്തികകൾ സൃഷ്ടിക്കാതെ നടത്തിയ നിയമനം ക്രമവിരുദ്ധമാണെന്നും എംസിഐ |

| | | | | |
|---|---|---|---|---|
| | | | | നോംസ് പ്രകാരമുള്ള തസ്തികകളിൽ മാത്രം നിയമനം നടത്താവു എന്നും സ്പെഷ്യൽ ഓഫീസർ നടത്തിയ നിയമനങ്ങൾ റദ്ദ് ചെയ്യണമെന്നും പറഞ്ഞിരുന്നു. കൂടാതെ സ്പെഷ്യൽ ഓഫീസർക്കെതിരായി നടപടിയും ശുപാർശ ചെയ്തിരുന്നു. എന്നാൽ ഈ റിപ്പോർട്ട് അട്ടിമറിക്കുന്നതിനായി 12.2.2016 ന് സർക്കാർ ഉത്തരവ് 20/2016/ SഇഡOഉള്ള ആയി മറ്റൊരു കമ്മിറ്റിയെ നിയോഗിക്കുകയും 7.01.2006 ന് എക്സ്പർട്ട് കമ്മിറ്റി റിപ്പോർട്ട് പുനഃപരിശോധിക്കുന്നതിന് നിശ്ചയിക്കുകയും ചെയ്തു. ക്രമവിരുദ്ധ നിയമനങ്ങൾ നടത്തിയ സ്പെഷ്യൽ ഓഫീസർ ശ്രീ. സുബ്ബയ്യയെയും എസ്‌സി ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥനും അടങ്ങുന്നതായും ഈ കമ്മിറ്റിയെ കൊണ്ട് അനുകൂല റിപ്പോർട്ടുണ്ടാക്കി ഇന്റേണൽ ഓഡിറ്റ് വിംഗും എക്സ്പർട്ട് കമ്മിറ്റിയും അനധികൃതമെന്ന് കണ്ടെത്തിയതിൽ ധനകാര്യ വകുപ്പിന്റെ അനുമതിയില്ലാതെ നിയമിച്ചതുമായ നിയമനങ്ങൾ അംഗീകരിച്ചും തസ്തികകൾ സൃഷ്ടിച്ചും 18.2.2016 ന് മന്ത്രിസഭാ തീരുമാനം കൈക്കൊണ്ടു. ഇത് വിജിലൻസ് കേസിൽ ഉൾപ്പെട്ടിരിക്കുകയാണ്. പിന്നീട് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എംസിഐ നോംസ് പ്രകാരം ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ഫയൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി ചട്ടങ്ങൾ പാലിച്ച് 30.11.2016 ന് മന്ത്രിസഭാ യോഗത്തിൽ ആകെ 281 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായി. എന്നാൽ മുൻ സ്പെഷ്യൽ ഓഫീസർ നടത്തിയ നിയമനങ്ങൾ ഉടൻ റദ്ദ് ചെയ്യണമെന്ന് എക്സ്പർട്ട് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളതിനാൽ അതിന് വിരുദ്ധമായി ഉണ്ടായ 18.02.2016 ലെ ഉത്തരവ് റദ്ദ് ചെയ്യുന്നതാണ്. 18.02.2016 ലെ [illegible] തീരുമാനം റദ്ദ് ചെയ്യേണ്ടതാണ്. |

## 19. LAW DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 77 (36) | 3353/ഇൻസ്പെ.1/2016/നിയമം | 8845<br>തീയതി<br>13.04.2016 | അഡ്വ. സുധീർ ജേക്കബിനെ 19.04.2016 മുതൽ മൂന്ന് വർഷത്തേക്കു കൂടി കൊല്ലം ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറായി പുനർനിയമിച്ചത് സംബന്ധിച്ച 17.02.2016 – ലെ സ.ഉ.(കൈ) 40/16/നിയമം നമ്പർ ഉത്തരവ് സാധൂകരിക്കാൻ തീരുമാനിച്ചു. | അഡ്വ. സുധീർ ജേക്കബ് പ്രസ്തുത തസ്തികയിൽ തുടരാൻ സന്നദ്ധനാണെന്ന് കൊല്ലം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിരുന്നു. കൊല്ലം ജില്ലാ ജഡ്ജിയുടെ 01.02.2016 – ലെ റിപ്പോർട്ട് താഴെപ്പറയും പ്രകാരമാണ്.<br>" My remark with regard to Shri. Sudheer Jacob, District Government Pleader and Public Prosecutor is that barring his impression that District Government Pleader and Public Prosecutor has no responsibility to |

| | | | | |
|---|---|---|---|---|
| | | | | the court and the reluctance to accept the principle that the Public Prosecutor must be fair to the accused also who is facing trial, he is capable to hold the post of District Government Pleader and Public Prosecutor"<br><br>കൊല്ലം ജില്ലാ ജഡ്ജിയുടെ റിപ്പോർട്ട് സഹിതം കൊല്ലം ജില്ലാ കളക്ടർ അഡ്വ. സുധീർ ജേക്കബ്ബിന്റെ സേവന കാലാവധി 3 വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കുന്നതിന് 03.02.2016 - ലെ കത്ത് മുഖേന ശിപാർശ ചെയ്തിരുന്നു. ജില്ലാ ജഡ്ജിയുടെ അഭിപ്രായത്തെ മറികടന്ന് അഡ്വ. സുധീർ ജേക്കബ്ബിനെ ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറായി പുനർനിയമിച്ചത് ബഹു. സുപ്രീം കോടതിയുടെ Kumari Shrilekha Vidyarthi v. State Of U.P & others (AIR 1991 SC 537), State of U.P & Anr v. Johri Mal (MANU SC 0396/2004) എന്നീ കേസുകളിലെ വിധിന്യായത്തിനെതിരാണ്. **തീരുമാനം റദ്ദാക്കേണ്ടതാണ്.** |

## 20. HOME DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 78 (32) | | 8560,<br>തീയ്യതി<br>25/02/2016 | 2012 -13 വർഷം ശബരിമല മഹോത്സവത്തോടനുബന്ധിച്ച് എരുമേലിയിലും പമ്പയിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ച വകയിൽ ശ്രീ. വി.എൻ. ഗോപാലകൃഷ്ണൻ നായർ, ജി.കെ. ഗ്രൂപ്പ്, കോട്ടയം എറയാൾക്ക് നാല്പത്തിനാലുലക്ഷത്തി അറുപത്തിയയ്യായിരത്തി അറുന്നൂറ്റി അൻപത് രൂപ അനുവദിക്കുന്നതിന് തീരുമാനിച്ചു. | ശ്രീ. വി.എൻ. ഗോപാലകൃഷ്ണൻ നായർ 2012-13 വർഷം ശബരിമല മഹോത്സവത്തോടനുബന്ധിച്ച് എരുമേലിയിൽ 117 ക്യാമറകൾ, 67 ദിവസത്തേയ്ക്ക് സ്ഥാപിച്ചതിന്റെ വാടക ഇനത്തിൽ 29,21,200/- രൂപയുടേയും പമ്പയിൽ 23 ക്യാമറകൾ, 49 ദിവസത്തേയ്ക്ക് സ്ഥാപിച്ചതിന്റെ വാടക ഇനത്തിൽ 15,44,450/- രൂപയുടേയും രണ്ട് ബില്ലുകൾ ഹാജരാക്കുകയും പ്രസ്തുത തുക എത്രയും വേഗം അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.<br>ശ്രീ. വി.എൻ. ഗോപാലകൃഷ്ണൻ നായരുടെ ആവശ്യം വിശദമായി പരിശോധിച്ചതിൽ ഈ പ്രവർത്തിക്കായി ശ്രീ. വി.എൻ. ഗോപാലകൃഷ്ണൻ നായർക്ക് വർക്ക് ഓർഡറോ, നിർദ്ദേശമോ നൽകിയിട്ടില്ലാത്തതിനാലും ഇതിനായി പോലീസ് വകുപ്പിന് പ്രത്യേകം ഫണ്ട് ഒന്നും തന്നെ നൽകിയിട്ടില്ലാത്തതിനാലും ടിയാൻ ക്ലെയിം ചെയ്തിട്ടുള്ള 44,65,650/- രൂപയുടെ ബിൽ പാസ്സാക്കി നൽകുവാൻ നിർവ്വാഹമില്ലെന്ന് പോലീസ് മേധാവി അറിയിച്ചിരുന്നു.<br>ഇതു സംബന്ധിച്ച് ധനകാര്യവകുപ്പിന്റെ അഭിപ്രായം |

| | | | | |
|---|---|---|---|---|
| | | | | ആരാഞ്ഞപ്പോൾ, സുതാര്യമായ നടപടിക്രമങ്ങൾ പാലിക്കപ്പെടാതെ തെരഞ്ഞെടുത്ത ഒരു കമ്പനിക്ക് ക്യാമറ സ്ഥാപിച്ച വകയിൽ തുക നൽകുവാൻ നിർവ്വാഹമില്ലായെന്നും ഭരണവകുപ്പിന് ഇക്കാര്യത്തിൽ യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്യാമറകൾ സ്ഥാപിക്കുന്നതിന് ഉത്തരവ് നൽകിയത് ആരാണെന്ന് വ്യക്തമല്ലാത്തതിനാലും സംസ്ഥാന പോലീസ് മേധാവി ഇക്കാര്യത്തിൽ ശുപാർശ നൽകിയിട്ടില്ലാത്തതിനാലും ഇക്കാര്യത്തിന് ദേവസ്വം വകുപ്പ് അനുമതി നൽകിയിട്ടുണ്ടോയെന്ന് ആരായുന്നതിന് മുൻ ചീഫ് സെക്രട്ടറി ഉത്തരവ് നൽകിയിരുന്നു. ഈ പദ്ധതി നടപ്പാക്കാൻ സർക്കാ ർ അനുമതി ഉണ്ടോ എന്ന് പോലും വ്യക്തമല്ലാത്ത സാഹചര്യത്തി ൽ ശ്രീ. വി.എൻ. ഗോപാലകൃഷ്ണൻ നായരുടെ അപേക്ഷ പ്രകാരം 44,65,650/- രൂപ അനുവദിക്കുന്ന വിഷയം ഓഡിറ്റിന് വിധേയമാക്കേണ്ടതും തീരുമാനം റദ്ദാക്കേണ്ടതുമാണ്. |

## 21. VIGILANCE DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 79 (5) | 9326/ഇ1/2015/വിജി.വ | 8601 തീയതി 09/03/2016 | മുൻ ധനകാര്യവും നിയമവും വകുപ്പ് മന്ത്രിക്കെതിരെയുള്ള കേസിൽ നിയമോപദേശം നൽകിയതിനുള്ള ഫീസ് അനുവദിക്കുന്നതിന് മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചു. | കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസിലെ റൂൾ 59(1) പ്രകാരം എല്ലാ ഭരണ വകുപ്പുകളും നിയമപരമായ വിഷയങ്ങളിൻമേൽ നിയമവകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണ്. ഇതു കൂടാതെ കേരള സെക്രട്ടേറിയറ്റ് ഓഫീസ് മാനുവലിലെ 112-ാം ഖണ്ഡിക പ്രകാരം നിയമോപദേശം ആവശ്യമായ സന്ദർഭങ്ങളിൽ നിയമ വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതും ഭരണ വകുപ്പുകൾ അഡ്വക്കേറ്റ് ജനറലിനോട് ഉപദേശം ആരായുന്ന കത്തുകൾ നിയമ വകുപ്പിന്റെ സൂക്ഷ്മപരിശോധനക്ക് നൽകേണ്ടതുമാണ്. ഭരണ വകുപ്പ് മേധാവികൾ അപ്രകാരം പ്രവർത്തിക്കാതെ സ്വന്തം നിലയിൽ പുറമെയുള്ള അഭിഭാഷകരുടെ അഭിപ്രായം ആരായുന്നത് ചട്ടവിരുദ്ധവും അതിൻമേൽ ഉണ്ടാകുന്ന ബാദ്ധ്യതകൾക്ക് നിയമ വകുപ്പ് ഉത്തരവാദിയുമല്ല. സ്വന്തം നിലക്ക് കേസ് നടത്തിപ്പിനായി അഡ്വക്കേറ്റ് ജനറലിന്റെ അനുമതിയില്ലാതെ ബഹു. സുപ്രീംകോടതിയിലെ മുതിർന്ന അഭിഭാഷകന്റെ ഉപദേശം സ്വീകരിച്ച വകുപ്പ് മേധാവിയുടെ നടപടി നിയമവിരുദ്ധമാണ്. പുനഃപരിശോധിക്കേണ്ടതാണ്. |

## 22. INDUSTRIES DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 80(25) | | 8368 8366 തീയതി 18.02.2016 | കിൻഫ്രാ പാർക്ക് സ്ഥാപിക്കുന്നതിനായി ഏറ്റെടുക്കുവാൻ ഭരണാനുമതി നൽകിയ തൃശ്ശൂർ ജില്ല മുകുന്ദപുരം താലൂക്ക് എടത്തിരി വില്ലേജിലെ 80 ഏക്കർ സ്ഥലം റംസർ ഉടമ്പടി വ്യവസ്ഥകൾ ഒഴിവാക്കി തുടർ നടപടി സ്വീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവായി. | 2008 – ലെ നെൽവയൽ തണ്ണീർതട സംരക്ഷണ ആക്ടിന്റെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിയമവിരുദ്ധമായതിനാൽ തീരുമാനം റദ്ദാക്കേണ്ടതാണ് |

## 23. FOREST & WILDLIFE DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 81 (3) | 16065/എഫ് 2/2014/വനം | 8578 തീയതി, 25.02.2016 | വനം – വന്യജീവി വകുപ്പിലെ ക്ലാർക്കായ ശ്രീ. അനീഷ് രവീന്ദ്രന് അന്തർജില്ലാ സ്ഥലമാറ്റ വ്യവസ്ഥയിലെ അഞ്ച്വർഷത്തെ കാലപരിധിയിൽ ഇളവ് അനുവദിച്ച് തിരുവനന്തപുരം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലമാറ്റം അനുവദിക്കാൻ തീരുമാനിച്ചു. | അഞ്ചു വർഷത്തെ സേവനത്തിനു ശേഷം മാത്രമേ അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കാൻ ചട്ടമുള്ളൂ. മതിയായ കാരണങ്ങളില്ലാതെ അന്തർജില്ലാ സ്ഥലംമാറ്റം നടത്തിയ തീരുമാനം റദ്ദാക്കേണ്ടതാണ് |

## 24. TAXES DEPARTMENT

പുനഃപരിശോധിക്കേണ്ട ഫയലുകളില്ല

## 25. FINANCE DEPARTMENT

**പുന:പരിശോധിക്കേണ്ട ഫയലുകളില്ല**

## 26. LOCAL SELF GOVERNMENT DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 82 (8) | 3565/എ1/2015/ഐ & പി.ആർ.ഡി | 8174<br>തീയതി 27.01.2016 | ഐ & പി.ആർ.ഡി വകുപ്പിലെ മുൻ ഡയറക്ടറായിരുന്ന ശ്രീ.എ.ഫിറോസിനെതിരെ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ഒരു ക്രിമിനൽ കേസ് നിലവിലുണ്ടായിരുന്നതിനെ തുടർന്ന് ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു. | സസ്പെൻഷൻ റിവ്യു കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 06.4 2015 – ലെ ജി.ഒ.(ആർ.റ്റി) നം. 2448/2015/ജി.എ.ഡി. ഉത്തരവ് പ്രകാരം ടിയാനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിരുന്നുവെങ്കിലും നിയമനം നൽകേണ്ട തസ്തിക പിന്നീട് തീരുമാനിക്കും എന്നാണ് ഈ ഉത്തരവിൽ വ്യക്തമാക്കിയിരുന്നത്. ശ്രീ.ഫിറോസിനെ തിരുവനന്തപുരം ജില്ലയ്ക്കു പുറത്ത് അപ്രധാനമായ തസ്തികയിൽ നിയമിക്കുന്നതിനാണ് സസ്പെൻഷൻ റിവ്യു കമ്മിറ്റി ശുപാർശ ചെയ്തിരുന്നത്. ശ്രീ.ഫിറോസിന്റെ വകുപ്പ് ഡയറക്ടറായുള്ള നിയമനം സ്ഥിരനിയമനം അല്ലാത്തതിനാൽ ടിയാൻ മുമ്പ് വഹിച്ചിരുന്ന അഡീഷണൽ ഡയറക്ടർ തസ്തികയിലേയ്ക്കായിരുന്നു ടിയാന് നിയമനം ലഭിക്കേണ്ടിയിരുന്നത്. വകുപ്പിൽ അഡീഷണൽ ഡയറക്ടറുടെ രണ്ട് തസ്തികകൾ ഡയറക്ടറേറ്റിലാണ് നിലവിവിലുണ്ടായിരുന്നത് എന്നതിനാൽ ടിയാന് ടി തസ്തികയിൽ നിയമനം നൽകുവാൻ കഴിഞ്ഞിരുന്നില്ല. വകുപ്പിന്റെ കീഴിലുള്ള കൊച്ചിയിലെ കേരള മീഡിയാ അക്കാദമി സെക്രട്ടറിയായി ടിയാനെ നിയമിക്കുന്ന കാര്യം പരിശോധിച്ചിരുന്നെങ്കിലും ടി തസ്തിക സെൻസിറ്റീവ് ആയ തസ്തികയാണ് എന്നതിനാൽ അപ്രകാരം നിയമനം നൽകേണ്ടതില്ലാ എന്നാണ് തീരുമാനമായത്. തുടർന്ന് ടിയാന് ഉചിതമായ നിയമനം നൽകാൻ സർക്കാർ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയായിരുന്നു. |

| | | | | |
|---|---|---|---|---|
| | | | 46 | മേൽ സാഹചര്യത്തിൽ ചീഫ് സെക്രട്ടറിയുടെ നിർദ്ദേശാനുസരണം ശ്രീ.ഫിറോസിനെ ശുചിത്വ മിഷൻ ഡയറക്ടറായി മുൻ മുഖ്യമന്ത്രിയുടെ അനുവാദത്തോടെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമനം നൽകിക്കൊണ്ട് 29.12.2015 - ലെ ജി.ഒ.(ആർ.റ്റി) നം. 9187/2015/ജി.എ.ഡി പ്രകാരം ഉത്തരവായത്. തുടർന്ന് ടിയാനെ നിയമിക്കുന്നതിന് ശുചിത്വ മിഷനിൽ ഡയറക്ടറുടെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിനായി ക്യാബിനറ്റിന്റെ അംഗീകാരത്തോടെ തീരുമാനിച്ചു. ശ്രീ. ഫിറോസിനെ നിയമിക്കുന്നതിനായി ശുചിത്വ മിഷനിൽ ഡയറക്ടറുടെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച നടപടി ശരിയല്ല. തീരുമാനം റദ്ദാക്കേണ്ടതാണ്. |
| 83 (9) | 3252/ആർ.സി.2/2013/ **ത.സ്വ.ഭ.വ.** | 7728 തീയതി 03.02.2016 | ഭാരതീയ മസ്ദൂർ സേവാ കേന്ദ്രത്തിന്റെ കൊച്ചി കോർപ്പറേഷൻ 41 -ാം ഡിവിഷനിലുള്ള 818 എ, 818 ബി എന്നി കെട്ടിടങ്ങളിൽ ധാർമിക കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ഭാഗികമായി നികുതി ഇളവ് അനുവദിക്കുന്നതിന് തീരുമാനിച്ചു. 47 | 41/818 എ നമ്പറിന് അർദ്ധവാർഷിക നികുതി 49,283/- രൂപയായിരുന്നത് റിവിഷൻ പെറ്റീഷൻ പ്രകാരം 44,358/- രൂപയായും, തുടർന്ന് അപ്പീൽ പെറ്റീഷൻ പ്രകാരം 35,138/ രൂപയായും കുറവ് ചെയ്തിട്ടുള്ളതുമാണ്. 41/818 എ നമ്പറിന് അർദ്ധവാർഷിക നികുതി 27,233/- രൂപയായിരുന്നത് റിവിഷൻ പെറ്റീഷൻ പ്രകാരം 24,788/- രൂപയായും തുടർന്ന് അപ്പീൽ പെറ്റീഷൻ പ്രകാരം 19,838/ രൂപയായും കുറവ് ചെയ്തിട്ടുള്ളതുമാണ്. ധനകാര്യവകുപ്പും നിയമവകുപ്പും പ്രസ്തുത കെട്ടിടങ്ങൾക്ക് 1994 - ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന് 235 -ാം വകുപ്പു പ്രകാരം നികുതി ഇളവ് നൽകാൻ കഴിയുകയില്ലെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. നിയമവകുപ്പിന്റെയും ധനകാര്യവകുപ്പിന്റെയും അഭിപ്രായം മറികടന്നാണ് പ്രസ്തുത തീരുമാനം എടുത്തിട്ടുള്ളത്. തീരുമാനം റദ്ദാക്കേണ്ടതാണ്. |
| 84 (17) | **ആവശ്യമില്ല , ഒഴിവാക്കാവുന്നതാണ്** | 8356, **തീയതി** 17/02/2016 (**OA**) | പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ചീഫ് രജിസ്ട്രാർ തസ്തിക അഡീഷണൽ ഡയറക്ടർ പദവിയിലേയ്ക്ക് ഉയർത്തി ജനന മരണ ചീഫ് രജിസ്ട്രാറാക്കി മാറ്റുന്നതും ഐ. കെ. എം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ എന്നിവിടങ്ങളിൽ നിലവിലുള്ള ഗ്രൂപ്പ് ഡയറക്ടർ, ജോയിന്റ് സെക്രട്ടറി തസ്തികകൾ പഞ്ചായത്ത് വകുപ്പിന്റെ അഡീഷണൽ ഡയറക്ടർ പദവിയിലുള്ള എക്സ് കേഡർ തസ്തികകളാക്കി | ബഹു. സുപ്രീംകോടതിയുടെ 24.09.2010 - ലെ WP (c) No. 37/2009 നമ്പർ ഹർജിയിലെ വിധിയിൽ ജനന-മരണ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ജോലികൾക്കായി ഒരു മുഴുവൻ സമയ ചീഫ് രജിസ്ട്രാറെ നിയമിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ പഞ്ചായത്ത് വകുപ്പിൽ ജനന-മരണ ചീഫ് രജിസ്ട്രാറുടെ ചുമതല നിർവ്വഹിച്ചിരുന്നത് പഞ്ചായത്ത് ഡയറക്ടറായിരുന്നു. പഞ്ചായത്ത് ഡയറക്ടർക്ക് |

| | | | | |
|---|---|---|---|---|
| | | | ഉയർത്തുന്നതും, പഞ്ചായത്ത് വകുപ്പിലെ നിലവിലുള്ള ഭരണ, വികസന വിഭാഗം ജോയിന്റ് ഡയറക്ടർ തസ്തികകൾ അഡീഷണൽ ഡയറക്ടർ പദവിയിലേയ്ക്ക് ഉയർത്തുന്നതിനും തീരുമാനിച്ചു. | ചീഫ് രജിസ്ട്രാറുടെ ചുമതലകൾകൂടി നിർവ്വഹിക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്താണ് അഡീഷണൽ ഡയറക്ടർക്ക് ചീഫ് രജിസ്ട്രാറുടെ അധിക ചുമതല കൂടി നൽകി ഉത്തരവായത്. ബഹു. സുപ്രീംകോടതിയുടെ വിധിയിലെ നിർദ്ദേശം പൂർണ്ണമായി പാലിക്കുന്നതിനായി ധനകാര്യവകുപ്പുമായി കൂടിയാലോചിച്ച് തീരുമാനം എടുക്കേണ്ടതാണ്. ഫയൽ 16.06.2016 മുതൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചിരിക്കുന്നു എന്ന് ഭരണവകുപ്പ് അറിയിച്ചിട്ടുണ്ട്. ബഹു. സുപ്രീംകോടതി വിധി ലംഘിച്ചാണ് തീരുമാനമെടുത്തിരിക്കുന്നത്. ബഹു. സുപ്രീംകോടതി വിധിക്കനുസൃതമായി തീരുമാനമെടുക്കേണ്ടതാണ്.<br>**ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല** |
| 85 (23 & 24) | 25206/ഇ.പി.2/2013/<br>ത.സ്വ.ഭ.വ | 8409<br>തീയതി 24.02.2016<br>8410<br>തീയതി 24.02.2016 | ശ്രീമതി. ശൈലജ. കെ. പിള്ളയെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരിയായി സ്ഥിരപ്പെടുത്തി കൊണ്ടുള്ള ഉത്തരവ് നിലനിർത്തുന്നതിന് തീരുമാനിച്ചു. അഞ്ചൽ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള പനയംചേരി നഴ്സറി സ്കൂളിൽ 1995 മുതൽ ഓണറേറിയം വ്യവസ്ഥയിൽ നഴ്സറി ടീച്ചറായി ജോലി നോക്കിയിരുന്ന ശ്രീമതി ഷൈലജ.കെ.പിള്ളയെ 19.06.2006 – ൽ പഞ്ചായത്ത് കമ്മിറ്റി നിയമാനുസൃതമായ നടപടി ക്രമങ്ങൾ പാലിക്കാതെ പിരിച്ചു വിടുകയും ശ്രീമതി. ആർ. ബിജിയെ നഴ്സറി ടീച്ചറായി ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കുകയും ചെയ്തു. 31.12.2000 ത്തിനോ അതിനുമുൻപോ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ പതിനൊന്നിനപരിപാടി പ്രകാരം ലൈബ്രേറിയൻമാർ, നഴ്സറി ടീച്ചർമാർ, ആയമാർ എന്നിവരുടെ നിയമനം സ്ഥിരപ്പെടുത്തുന്നതിന് 06.08.2010 – ലെ G.O(MS) 170/10/LSGD ഉത്തരവ് പ്രകാരം പഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിന്റെ വെളിച്ചത്തിൽ ശ്രീമതി. ഷൈലജ. കെ.പിള്ള ടിയാളെ ജോലിയിൽ സ്ഥിരപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചിരുന്നു. 31.12.2000 ന് മുമ്പ് ജോലിയിൽ പ്രവേശിച്ചിരുന്നതിനാൽ ജോലിയിൽ | ശ്രീമതി. ഷൈലജ.കെ.പിള്ളയെ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവിനെതിരെ ഇപ്പോൾ ടി ഗ്രാമ പഠായത്തിൽ നഴ്സറി ടീച്ചറീയി ജോലി ചെയ്യുന്ന ശ്രീമതി. ആർ. ബിജി. ബഹു. ഹൈക്കോടിയിൽ WP(C) No. 9909/13 നമ്പരായി കേസ്സ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസ്സിൽ ബഹു. ഹൈക്കോടതി നൽകിയ വിധിന്യായത്തിൽ ശ്രീമതി. ഷൈലജ.കെ.പിള്ള യെ പനയംചേരി ഗ്രാമ പഞ്ചായത്തിൽ നിന്നും പിരിച്ചുവിട്ടത് 2006 – ൽ ആയതിനാൽ പതിനൊന്നിന പരിപാടി പ്രകാരം നിയമിതരായ ഓണറേറിയം ജീവനക്കാരുടെ നിയമനം 2010 – ൽ ക്രമവൽക്കരിച്ചപ്പോൾ ടിയാൾ ഗ്രാമ പഞ്ചായത്തിൽ തുടർന്നിരുന്നില്ല എന്ന് നിരീക്ഷിക്കുകയും ടിയാളെ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് റദ്ദാക്കുകയും ബഹു. ഓംബുഡ്സ്മാന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കാവുൽതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ ബഹു. ഹൈക്കോടതിയുടെ ഉത്തരവിന് മുമ്പ് തന്നെ ബഹു. കോടതിയുടെ അന്തിമവിധിയുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുവാൻ ബഹു. ഓംബുഡ്സ്മാൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. |

| | | | | |
|---|---|---|---|---|
| | | | തുടർന്നിരുന്നുവെങ്കിൽ ശ്രീമതി ഷൈലജ.കെ.പിള്ളയും ജോലിയിൽ സ്ഥിരപ്പെടുമായിരുന്നുവെന്ന് പഞ്ചായത്തു ഡയറക്ടർ റിപ്പോർട്ടു ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ശ്രീമതി ഷൈലജ കെ. പിള്ളയുടെ അപേക്ഷ വിശദമായി പരിശോധിക്കുകയും 14.03.2013 – ലെ സ.ഉ (സാധാ) നം. 652/13/ത.സ്വ.ഭ.വല ഉത്തരവ് പ്രകാരം ടിയാളെ കൊല്ലം ജില്ലയിലെ അഞ്ചൽ ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരിയായി സ്ഥിരപ്പെടുത്തി ഉത്തരവാകുകയും ചെയ്തിരുന്നു. | വിഷയം ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് വിടണമെന്ന നിയമവകുപ്പിന്റെയും ഇത്തരം റഗുലറൈസേഷൻ അഭികാമ്യമല്ലാത്ത കീഴ് വഴക്കം സൃഷ്ടിക്കുമെന്ന ധനകാര്യവകുപ്പിന്റെയും അഭിപ്രായങ്ങളെ മറികടന്ന് കൊല്ലം ജില്ലയിലെ അഞ്ചൽ ഗ്രാമ പഞ്ചായത്തിലെ പനയംച്ചേരി നഴ്സറി സ്കൂളിൽ, നഴ്സറി സ്കൂളിൽ ടീച്ചറായി ഹോണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ശ്രീമതി. ഷൈലജ.കെ.പിള്ളയെ പ്രസ്തുത ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരിയായി സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള 14.03.2013 ലെ സഉ (സാധാ)നം. 652/13/തസ്വഭവ ഉത്തരവ് നിലനിർത്തി ഉത്തരവ് പുറപ്പെടുവിക്കുവാൻ തീരുമാനിച്ചു. ബഹു. ഹൈക്കോടതി റദ്ദാക്കിയ ഉത്തരവ് മന്ത്രിസഭയോഗ തീരുമാന പ്രകാരം നിലനിർത്താൻ സാധിക്കുകയില്ല. ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. തീരുമാനം റദ്ദാക്കേണ്ടതാണ്. |
| 86 (28) | 246/ആർ.ബി.2/2015/ ത.സ്വ.ഭ.വ | 8539 തീയതി 25.02.2016 | കാഞ്ഞങ്ങാട് നഗരസഭ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് തീരുമാനിച്ചു. കാഞ്ഞങ്ങാട് നഗരസഭയിലെ സർവ്വെ 77/3 – ൽ പ്പെട്ട സ്ഥലത്ത് നിർമ്മാണം പൂർത്തിയാക്കിയ വാണിജ്യ കെട്ടിടം ക്രമവൽക്കരിക്കുന്നതിന് നിലവിലുള്ള ക്രമവൽക്കരണ ചട്ട പ്രകാരം ശ്രീ. അബ്ദുൾ ഖാദർ സമർപ്പിച്ച അപേക്ഷയാണ് ആ ഫയലിലെ വിഷയം. | കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 407 പ്രകാരം 31.03.2013 – ന് മുമ്പ് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനാണ് വ്യവസ്ഥചെയ്തിട്ടുള്ളത്. മേൽ നിയമ പ്രകാരമാണ് ജി ഒ (എം എസ്) നം. 39/2014/തസ്വഭവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. മേൽ ഉത്തരവ് പ്രകാരമുള്ള സിറ്റിപിയുടെ സാങ്കേതികാപരിശോധനാ റിപ്പോർട്ടിൽ 31.03.2013 മുമ്പ് പൂർത്തിയാക്കിയ കെട്ടിടങ്ങളാണ് ക്രമവൽക്കരണ ഉത്തരവിന്റെ പരിധിയിൽ വരുന്നതെന്നും പരാമർശ കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത് 15.07.2013 ലാണെന്നും ടി നിർമ്മാണത്തിന് സ്ട്രക്ച്ചറൽ സ്റ്റബലിറ്റി സർട്ടിഫിക്കറ്റ് സമർപ്പിച്ചത് 20.05.2015 ലാണെന്നും ടി നിർമ്മാണം 15.05.2014 – ലാണ് പൂർത്തിയായതെന്നും മുൻസിപ്പൽ എൻജിനിയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായു സിറ്റിപി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ പരാമർശ കെട്ടിടം 31.03.2013 – ന് മുമ്പ് പൂർത്തിയായതായി Form 1 – 1B പ്രകാരം സെക്രട്ടറി |

| | | | | |
|---|---|---|---|---|
| | | | | സാക്ഷ്യപ്പെടുത്തിയിട്ടില്ലായെന്നും, ടി നിർമ്മാണത്തിന് Kerala Municipal Building Rules ചട്ടം 42 (Fire escape stair), 40(A) (Facilities for disabled persons) എന്നിവ ലംഘിക്കുന്നതായും ഇതിലൂടെ ക്രമവൽക്കരണ ചട്ടത്തിലെ Appendix (2), (3) എന്നിവ ലംഘിക്കുന്നതായും സിറ്റിപി അറിയിച്ചിട്ടുണ്ട്. മേൽ നിയമ ലംഘനത്തോടുകൂടിയുള്ള നിർമ്മാണങ്ങളും ക്രമവൽക്കരണ ഉത്തരവിന്റെ പരിധിയിൽ വരുന്നില്ല. 31.03.2013 നു മുമ്പ് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങളെ മാത്രമെ ക്രമവൽക്കരിച്ചു നൽകുവാൻ പാടുള്ളുവെന്ന് KMA സെക്ഷൻ 407 വ്യവസ്ഥചെയ്തിട്ടുള്ള സാഹചര്യത്തിൽ അതിനു വിരുദ്ധമായി ഇളവ് അനുവദിക്കുന്നതിന് അതിന് ശേഷമുള്ള തീയ്യതിയിൽ പണിപൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നിയമ പ്രകാരം ഇളവ് അനുവദിക്കാവുന്നതല്ല. മേൽ സാഹചര്യത്തിൽ 31.03.2013 നു മുമ്പ് പൂർത്തിയായതായി നഗരസഭ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ലാത്തതും 15.07.2013 ൽ മാത്രം പെർമിറ്റ് അനുവദിക്കുകയും ചെയ്ത കെട്ടിടം, അപേക്ഷകന്റെ സാക്ഷ്യപ്പെടുത്തൽ മാത്രം പരിഗണിച്ച് ക്രമവൽക്കരിക്കുന്നത് നിയമപരമായി ശരിയല്ല. തീരുമാനം റദ്ദാക്കേണ്ടതാണ്. |
| 87 (33) | | 8544, **തീയതി** 25/02/2016 | സംസ്ഥാനത്തെ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ 11 ഇന പരിപാടിയുടെ ഭാഗമായി ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കുകയും പിന്നീട് പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തപ്പെട്ടവരുമായ ലൈബ്രേറിയന്മാർ, ആയമാർ, നഴ്സറി സ്കൂൾ ടീച്ചർമാർ എന്നിവർക്ക് പ്രൊമോഷനും മിനിമം പെൻഷനും അനുവദിക്കുന്നതിന് തീരുമാനിച്ചു. | പഞ്ചായത്തുകളിൽ ഫുൾടൈം നഴ്സറി സ്കൂൾ ടീച്ചർ, ഫുൾടൈം ലൈബ്രേറിയൻ, ഫുൾടൈം ആയ എന്നീ കണ്ടിജന്റ് തസ്തികകൾ നിലവിലില്ലാത്തതിനാൽ മറ്റു പാർട്ട്ടൈം തസ്തികകൾക്ക് പ്രൊമോഷൻ നൽകുന്നതുപോലെ വീണ്ടും പ്രൊമോഷൻ നൽകാൻ കഴിയുന്നില്ല. മേൽ സാഹചര്യത്തിൽ മേൽപ്പറഞ്ഞ തസ്തികകളുടെ 35 % തസ്തികകളായി ഉയർത്തി സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് പ്രൊമോഷനും പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിന് തീരുമാനിച്ചു. ധനകാര്യവകുപ്പിന്റെ അഭിപ്രായപ്രകാരം പ്രസ്തുത തീരുമാനം സർക്കാരിന് ഗണ്യമായ സാമ്പത്തിക ബാധ്യതക്ക് കാരണമാകുമെന്നും സമാന തസ്തികകളിൽ |

| | | | | |
|---|---|---|---|---|
| | | | | ജോലി ചെയ്യുന്ന 1000 കണക്കിനുവരുന്ന വലിയൊരു വിഭാഗം ജീവനക്കാരും പ്രസ്തുത ആവശ്യം ഉന്നയിക്കുമെന്നും നിയമ നടപടികളിലേക്ക് നീങ്ങും എന്നതാണ്. എന്നാൽ മന്ത്രിസഭായോഗ തീരുമാനത്തിനുശേഷം ഫയൽ ധനകാര്യവകുപ്പിലേക്ക് അയച്ചപ്പോൾ ഇതിലേക്കാവശ്യമായ ചെലവ് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ടി ൽ നിന്നും കണ്ടെത്തേണ്ടതാണെന്നും ആ ഇനത്തിൽ സർക്കാരിന് യാതൊരു അധിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്നും നിർദ്ദേശിക്കുകയുണ്ടായി. നിയമസഭാ തെരഞ്ഞെടുപ്പ് പൊതു പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. തീരുമാനം പുന:പരിശോധിക്കേണ്ടതാണ്. |
| 88(43) | 82502/ഇഎം2/2014/തസ്വഭവ | 8722 തീയതി 02.03.2016 (OA) | കോട്ടയം ജില്ലാ പഞ്ചായത്ത് 97 - 98 വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്ന കന്യാ വിവാഹ പദ്ധതി നടപ്പിലാക്കാൻ കഴിയാതെ പോയതിന്റെ പേരിൽ ജനപ്രതിനിധികളിൽ നിന്നും നഷ്ടം തിരിച്ചു പിടിക്കുവാൻ തീരുമാനിച്ചിരുന്ന നഷ്ടം എഴുതി തള്ളുവാൻ തീരുമാനിച്ചു. | കോട്ടയം ജില്ലാ പഞ്ചായത്ത് 1997 - 98 വർഷത്തിൽ നടപ്പിലാക്കിയ കന്യവിവാഹ് പദ്ധതി പ്രകാരം 3318 പട്ടികജാതി വിഭാഗം കുട്ടികളെയും 329 പട്ടികവർഗ്ഗ വിഭാഗം കുട്ടികളെയും ഉൾപ്പെടുത്തിയ പദ്ധതി 28,55,588/- രൂപ ഒന്നാം ഗഡു പ്രീമിയമായി LIC യിൽ അടച്ചിരുന്നു. സർക്കാർ അനുമതി ഇല്ലാത്തതിനാൽ തുടർന്ന് പ്രീമിയം അടയ്ക്കാതെ വരികയും തുടർവന്ന് എല്ലാ പോളിസികളും ലാപ്സാകുകയും സറണ്ടർ വാല്യു നൽകാൻ കഴിയില്ലെന്ന് LIC അറിയിക്കുകയും ചെയ്തതിനെ തുടർന്ന് പ്രസ്തുത തുക സർക്കാർ അനുമതി ഇല്ലാതെ നിയമവിരുദ്ധമായും മാർഗ നി ർദ്ദേശങ്ങൾക്ക് വിരുദ്ധമായും പട്ടികജാതി/പട്ടികവർഗ്ഗ ഫണ്ട് വിനിയോഗം ചെയ്തതിനെ തുടർന്ന് 1999 - 2000 കാലയളവിലെ ഭരണ സമിതി അംഗങ്ങളിൽ നിന്നും ഈടാക്കുന്നതിന് ജില്ലാ പഞ്ചായത്ത് നടപടി ആരംഭിച്ചിരുന്നു. എന്നാൽ അക്കൗണ്ടന്റ് ജനറൽ നഷ്ടപ്പെട്ട തുക തിരിച്ചുപിടിക്കുന്നതിന് സ്വീകരിച്ച നടപടികൾ ATR ൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശിച്ചിരുന്നു. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ സജീവ പരിഗണനയിലിരുക്കുന്ന വിഷയമായതിനാലും സർക്കാരിന് പലിശ സഹിതം 79,95,646/- രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടായ കേസ് ആയതിനാലും മന്ത്രിസഭയുടെ |

| | | | | |
|---|---|---|---|---|
| | | | | പരിഗണനയ്ക്ക് സമർപ്പിയ്ക്കുന്നതിനുമുമ്പ് റൂൾസ് ഓഫ് ബിസിനസ് പ്രകാരം ധനകാര്യവകുപ്പിന്റെ അഭിപ്രായം കൂടി തേടേണ്ടത് അനിവാര്യമായതിനാൽ ഫയൽ നേരിട്ട് ACS (ധനകാര്യം) ന് സമർപ്പിച്ചിരുന്നു, ധനകാര്യവ കുപ്പിന്റെ അഭിപ്രായമില്ലാതെ നഷ്ടം എഴുതി തള്ളുവാൻ തീരുമാനിച്ചു. സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായ വിഷയമായതിനാൽ ഈ നടപടി ചട്ടപ്രകാരമല്ല. തീരുമാനം റദ്ദാക്കേണ്ടതാണ് |

## 27. HIGHER EDUCATION DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 89 (8) | 59/ബി3/2016/ഉ.വി.വ | 8226<br>തീയതി 03.02.2016<br>(OA) | പുതിയ കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് നടപടിക്രമം പൂർത്തികരിച്ച താഴെപ്പറയുന്ന സർക്കാർ/എയ്ഡഡ് കോളേജുകൾ 2016-17 അക്കാദമിക് വർഷം മുതൽ ആരംഭിക്കുന്നതിന് അനുമതി നൽകുവാൻ Out of Agenda യായി ഇനം നം. 8226 പ്രകാരം തീരുമാനിച്ചു.<br>1. സയ്യദ് മുഹമ്മദലി ശിഹാബ് തങ്ങൾ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ് കാട്ടിലങ്ങാടി, മലപ്പുറം<br>2. ഗവൺമെന്റ് കോളേജ്, നിലമ്പൂർ.<br>3. എൻ.എസ്. എസ്. കോളേജ്, കാപ്പൂർ, പാലക്കാട്<br>4. ബിഷപ്പ് യേശുദാസൻ സി.എസ്.ഐ ആർട്സ് & സയൻസ് കോളേജ്, മുളയറ, തിരുവനന്തപുരം<br><br>മേൽ പറഞ്ഞവയിൽ സയ്യദ് മുഹമ്മദലി ശിഹാബ് തങ്ങൾ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ് കാട്ടിലങ്ങാടി, മലപ്പുറം ൽ താഴെപ്പറയുന്ന കോഴ്സുകൾ അനുവദിക്കുവാനും<br>i. B.A. English Language & Literature | 1. <u>സയ്യദ് മുഹമ്മദലി ശിഹാബ് തങ്ങൾ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ് കാട്ടിലങ്ങാടി, മലപ്പുറം</u><br>ധനകാര്യവകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. കോഴിക്കോട് സർവ്വകലാശാല നാല് കോഴ്സുകൾ തുടങ്ങുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. സർക്കാരിൽ നിന്നും നിരാക്ഷേപപത്രം അനുവദിക്കുകയും സർക്കാരുമായി Direct payment agreement ഒപ്പുവച്ചിട്ടുള്ളതുമാണ്. സയ്യദ് മുഹമ്മദലി ശിഹാബ് തങ്ങൾ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ് എന്നതിനെ സയ്യദ് മുഹമ്മദലി ശിഹാബ് തങ്ങൾ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ് വനിതാ കോളേജെന്നും പുനർ നാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തീരുമാനം പുനഃപരിശോധിക്കേണ്ടതില്ല.<br><br>2. <u>ഗവൺമെന്റ് കോളേജ്, നിലമ്പൂർ</u><br>നിലവിലുള്ള കോളേജിൽ അധിക കോഴ്സുകൾ അനുവദിക്കാൻ ധനകാര്യവകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | (24 Seats)<br>ii. B.Com Computer Application (40 Seats)<br>iii. B.Sc Psychology (24 Seats)<br>മറ്റ് 3 കോളജുകളിൽ അനുവദിക്കേണ്ട കോഴ്സുകളെ സംബന്ധിച്ച് തീരുമാനിക്കുന്നതിന് ബഹു. മുൻ മുഖ്യമന്ത്രിയെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു. Out of Agenda ആയ മന്ത്രിസഭായോഗ തീരുമാനമനുസരിച്ച് 09.02.2016 - ലെ സ.ഉ.(കൈ) 30/2016/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം മേൽപ്പറഞ്ഞ സർക്കാർ/എയ്ഡഡ് കോളേജുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി. | മൂന്ന് കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് വർക്ക്ലോഡ് സ്റ്റേറ്റ്മെന്റ് സ്പെഷ്യൽ ഓഫീസർ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത കോളേജിന് കോഴ്സുകൾ അനുവദിച്ച് ഉത്തരവായിട്ടില്ല<br><br>3. **എൻ.എസ്. എസ്. കോളേജ്, കാപ്പൂർ, പാലക്കാട്**<br><br>ധനകാര്യവകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. കോഴിക്കോട് സർവ്വകലാശാല നാല് കോഴ്സുകൾ തുടങ്ങുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. സർക്കാരിൽ നിന്നും നിരാക്ഷേപപത്രം അനുവദിക്കുകയും സർക്കാരുമായി Direct payment agreement ഒപ്പുവച്ചിട്ടുള്ളതുമാണ്.<br><br>4. **ബിഷപ്പ് യേശുദാസൻ സി.എസ്.ഐ ആർട്സ് & സയൻസ് കോളേജ്, മുളയറ, തിരുവനന്തപുരം**<br><br>NOC യുടെ ബലത്തിൽ സർവ്വകലാശാലയുടെ Course അനുമതി ലഭിക്കാത്ത കോളേജുകൾക്ക് നൽകിയ അനുമതി റദ്ദാക്കാവുന്നതാണ്. കോളേജുകളിൽ അനുവദിക്കേണ്ട കോഴ്സുകളെ കുറിച്ച് തീരുമാനമെടുക്കാൻ ബഹു. മുഖ്യമന്ത്രിയെ ചുമതലപ്പെടുത്തിയ നടപടി തികച്ചും അസാധാരണമാണ്. |
| 90 (9) | 59/ബി3/2016/ഉ.വി.വ<br>**(Sl No. 9 & 13 of the list)** | 8227<br>തീയതി<br>03.02.2016 (OA)<br><br>8287<br>തീയതി<br>10.02.2016 (OA) | സർവ്വകലാശാലകൾ, ഡയറക്ടറേറ്റ് ഓഫ് കോളേജിയേറ്റ് എഡ്യുക്കേഷൻ എന്നിവിടങ്ങളിൽ നിന്നും ആർട്സ് & സയൻസ് കോളേജുകൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ ലഭിക്കുന്ന മുറക്ക് നടപടിക്രമം അനുസരിച്ചുള്ള നിരാക്ഷേപപത്രങ്ങൾ അനുവദിക്കുന്നതിന് മന്ത്രിസഭായോഗം Out of Agenda ആയി ഇനം നം. 8227 പ്രകാരം തീരുമാനിച്ചു. | 03.02.2016 ലെയും 10.02.2016 ലെയും രണ്ട് ഔട്ട് ഓഫ് അജണ്ട തീരുമാനങ്ങളാണ് വിഷയം. ആർട്സ് & സയൻസ് കോളേജുകൾ ആരംഭിക്കുന്നതിന് സർവ്വകലാശാലകൾ, ഡയറക്ടറേറ്റ് ഓഫ് കോളേജിയേറ്റ് എഡ്യുക്കേഷൻ എന്നിവിടങ്ങളിൽ നിന്നും നിരാക്ഷേപ പത്രങ്ങൾ അടക്കമുള്ള അപേക്ഷകൾ വരുന്ന മുറയ്ക്ക് മാത്രമെ സർക്കാർ അനുമതി നൽകേണ്ടതുള്ളൂ. എന്നാൽ മുൻ മുഖ്യമന്ത്രി ഇതുസംബന്ധിച്ച ലിസ്റ്റ് |

| | | | | |
|---|---|---|---|---|
| | | | 29 | നിഷ്കർഷിച്ചിരിക്കുന്ന നിബന്ധനകൾ പാലിക്കാത്തതിനാൽ പിന്നീട് നിരാക്ഷേപ സർട്ടിഫിക്കറ്റ് സർക്കാരിൽ നിന്ന് നൽകിയിട്ടില്ലാത്തതും കോഴ്സുകൾ അനുവദിച്ചിട്ടില്ലാത്തതുമാകുന്നു.<br>പുതുതായി സ്വകാര്യ എയ്ഡഡ് കോളേജുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ പര്യാപ്തത, മറ്റ് എയ്ഡഡ് കോളേജുകളുടെ സാമിപ്യം, പ്രസ്തുത കോളേജുകളിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന കോഴ്സുകളുടെ അനുയോജ്യത, സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത എന്നിവ ഓരോ കോളേജിന്റെ വിഷയത്തിലും പ്രത്യേകമായി വകുപ്പ് തലത്തി ൽ പരിശോധിച്ച ശേഷം മാത്രം തീരുമാനം എടുക്കേണ്ടതാണ്.<br>തീരുമാനം പുനഃപരിശോധിക്കേ്ണ്ടതാണ്. |
| 91 (15) | 445162/ബി4/16/ഉ.വി.വ | 8290 തീയതി 10.02.2016 (OA) | കൊല്ലം കർമ്മലാറാണി ട്രെയിനിംഗ് കോളേജിലെ എം.എഡ് കോഴ്സ് എയ്ഡഡ് ആക്കി മാറ്റുന്നതിനും 2 പ്രൊഫസർമാരുടേയും 2 അസോസിയേറ്റ് പ്രൊഫസർമാരുടേയും 6 അസിസ്റ്റന്റ് പ്രൊഫസർമാരുടേയും തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു.<br>30 | സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുമെന്നതിനാൽ 17.12.2011 – ൽ ഇതേ ആവശ്യം സർക്കാർ നിരാകരിച്ചുത്തരവായിരുന്നു. എന്നാൽ ഡയറക്ടർ ഓഫ് കോളേജിയേറ്റ് എഡ്യുക്കേഷനിൽ കേരളാ യൂണിവേഴ്സിറ്റിയും പ്രസ്തുത കോളേജിലെ എം.എഡ് കോഴ്സ് എയ്ഡഡ് ആക്കി മാറ്റുന്നതിന് അനുകൂലമായി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. മന്ത്രിസഭായോഗ തീരുമാനപ്രകാരമുള്ള കരട് ഉത്തരവ് ധനകാര്യവകുപ്പിലേക്ക് സൂക്ഷ്മപരിശോധനക്കായി നൽകിയപ്പോൾ 'ജോലിഭാര നിർണ്ണയത്തിന് വിധേയമായി അടുത്ത അദ്ധ്യയന വർഷം കോഴ്സുകൾ തുടങ്ങുന്ന മുറയ്ക്ക്' പുതിയ തസ്തികകൾ സൃഷ്ടിക്കാമെന്ന നിബന്ധനകൂടി കരട് ഉത്തരവിൽ കൂട്ടിച്ചേർക്കാൻ ഭരണവകുപ്പിനോട് ആവശ്യ പ്പെട്ടിരുന്നു. അൺ–എയ്ഡഡ് സരണിയിലുള്ള എം.എഡ് കോഴ്സ് എയ്ഡഡ് ആക്കി മാറ്റുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കിയിട്ടില്ല. തീരുമാനം പുനഃപരിശോധിക്കേണ്ടതാണ്. |

| | | | | |
|---|---|---|---|---|
| 92 (30) | 168/ഡി3/2015/ഉ.വി.വ | 8719<br>തീയതി 02.03.2016<br>(OA) | ചേർത്തല സെന്റ് മൈക്കൽസ് കോളേജിൽ മാനുഷിക പരിഗണന നൽകി ശ്രീമതി. പെട്രീഷ്യ റോബിനിന് ലൈബ്രേറിയൻ ഗ്രേഡ് IV ആയി പ്രായപരിധിയിൽ ഇളവ് അനുവദിച്ച് നിയമനം നൽകാൻ തീരുമാനിച്ചു. | ലൈബ്രേറിയൻ ഗ്രേഡ് IV ആയി ശ്രീമതി. പെട്രീഷ്യ റോബിനിന് മാനേജ്മെന്റ് നിയമനം ന്ൽകിയതുതന്നെ പ്രസ്തുത തസ്തികയിലേക്കുള്ള നിയമന വിജ്ഞാപനത്തിലെ അടിസ്ഥാന നിബന്ധനകൾക്ക് വിരുദ്ധമായിരുന്നു. തെറ്റായ കീഴ് വഴക്കം സൃഷ്ടിക്കുമെന്നതിനാൽ Out of Agenda ഉൾപ്പെടുത്തിയ തീരുമാനം റദ്ദാക്കേണ്ടതാണ്. |
| 93 (33) | 26354/ഡി1/2015/ഉ.വി.വ | | ചങ്ങനാശ്ശേരി അമരയിലെ ജൂനിയർ ആർട്സ് ആന്റ് സയൻസ് കോളേജ് കെട്ടിടം പണിയുന്നതിനായി പ്രത്യക്ഷരക്ഷ ദൈവസഭക്ക് ഒരു കോടി രൂപ ധനസഹായമായി നൽകാൻ തീരുമാനിച്ചു. പ്രസ്തുത വിഷയത്തിൽ ധനകാര്യവകുപ്പ് താഴെപറയുന്ന അഭിപ്രായം ന്ൽകുകയുണ്ടായി. | "In Aided Colleges, the Educational Agency should provide the land, building and all infrastructure. The role of Government is limited to payment of salary to staff appointing eligible teaching and non teaching posts. If Government is providing funds for land and building also, it goes against the very concept of Aided Colleges, and would be a financial irregularity. In such situations, if a college is found to be necessary in area, what should be done is to start a Government college so as to provide educational facilities, not providing land, building etc. and allow the educational agency to make appointments so as to drain out already weak treasury. Hence, Finance Department cannot agree to the proposal."<br><br>ധനകാര്യവകുപ്പിന്റെ എതിരഭിപ്രായത്തിനെ മറികടന്ന് സ്വകാര്യ കോളേജിന് കെട്ടിട നിർമ്മാണത്തിനായി ഒരു കോടി രൂപ ധനസഹായമായി നൽകുന്നത് New India Public School v. HUDA (1996) (5 |

| | | | | |
|---|---|---|---|---|
| | | | | SCC 510) Fó tIknse hn[nb\pkcn¨v "What needs to be emphasised is that the State and/or its agencies/instrumentalities cannot give **largesse** to any person according to the sweet will and whims of the political entities and/or officers of the State. Every action/decision of the State and/or its agencies/instrumentalities to give **largesse** or confer benefit must be founded on a sound, transparent,discernible and well-defined policy, which shall be made known to the public by publication in the Official Gazette and other recognized modes of publicity and such policy must be implemented/executed by adopting a non-discriminatory and non-arbitrary method irrespective of the class or category of persons proposed to be benefited by the policy. The distribution of **largesse** like allotment of land, grant of quota, permit licence, etc. by the State and its agencies/instrumentalities should always be done in a fair and equitable manner and the element of favouritism or nepotism shall not influence the exercise of discretion, if any, conferred upon the particular functionary or officer of the State.." നിയമപരമായി ഉചിതമല്ലാത്ത തീരുമാനം റദ്ദാക്കേണ്ടതാണ്. |

## 28. GENERAL EDUCATION DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 94 (2) | 12036/ആർ3/2014/പൊ.വി.വ | 8014<br>തീയതി 06.01.2016 | കണ്ണൂർ ജി.എച്ച്.എസ്.എസിലെ എച്ച്.എസ്.എ (ഗണിതം) ശ്രീമതി. ജയശ്രീ.എ.എസ്. വിദേശത്തുള്ള പങ്കാളിയുമായി ഒത്തുചേരുന്നതിനായി 12.11.2013 മുതൽ 11.11.2018 വരെ കെ.എസ്.ആർ ഭാഗം ക അനുബന്ധം XII സി പ്രകാരം ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു. | രണ്ട് തവണ അഞ്ച് വർഷങ്ങൾ വീതം ശ്രീമതി. ജയശ്രീക്ക് ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകിയിരുന്നു എന്നാൽ 18.12.2013 ന് അവധി അപേക്ഷ സമർപ്പിച്ചപ്പോൾ 35 ദിവസത്തെ കാലതാമസം ഉണ്ടായി. അസുഖവും ചികിത്സയും മൂലമാണ് യഥാസമയം അവധി അപേക്ഷ സമർപ്പിക്കാൻ കഴിയാതിരുന്നത് എന്ന വിശദീകരണവും ഡോക്ടറുടെ സാക്ഷ്യപത്രവും അപേക്ഷക സർക്കാരിൽ നിന്നും ആവശ്യപ്പെട്ട പ്രകാരം സമർപ്പിക്കുകയുണ്ടായി. കെ.എസ്.ആർ ഭാഗം ക അനുബന്ധം XII സിയിൽ അവധി ദീർഘിപ്പിക്കുന്നതിന് മുൻകൂറായി അപേക്ഷ സമർപ്പിക്കണമെന്ന് വ്യവസ്ഥയുള്ളതിനാൽ അദ്ധ്യാപികക്കെതിരെ കെ.എസ്.ആർ ഭാഗം I അനുബന്ധം XII സി റൂൾ 10 പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് ധനകാര്യവകുപ്പ് അഭിപ്രായപ്പെടുകയുണ്ടായി. കണ്ണൂർ ജി.എച്ച്.എസ്.എസിലെ എച്ച്.എസ്.എ (ഗണിതം) ശ്രീമതി. ജയശ്രീ.എ.എസ്. ന് കെ.എസ്.ആർ ഭാഗം I അനുബന്ധം XII സിയിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥയിൽ അതായത് അവധി ദീർഘിപ്പിക്കുന്നതിന് മുൻകൂറായി അപേക്ഷ സമർപ്പിക്കണം എന്ന വ്യവസ്ഥയിൽ ഇളവ് നൽകി, വിദേശത്തുള്ള പങ്കാളിയുമായി ചേരുന്നതിനായി |

| | | | | |
|---|---|---|---|---|
| | | | | 08.07.2009 - ലെ സ.ഉ (സാധാ) 2801/09/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച ശൂന്യവേതനാവധിക്ക് തുടർച്ചയായി 12.11.2013 മുതൽ 11.11.2018 വരെ, മുൻകാല പ്രാബല്യത്തോടെ, ശൂന്യവേതനാവധി ദീർഘിപ്പിക്കാൻ അനുമതി നൽകാൻ തീരുമാനിച്ചു. കേരള വിദ്യാഭ്യാസചട്ടം 3 പ്രകാരവും KS & SSR ചട്ടം 39 പ്രകാരവുമാണ് ഇളവ് നർകിയിരിക്കുന്നത്. ചട്ടത്തിന്റെ ദുരുപയോഗമാണ്. തീരുമാനം റദ്ദാക്കേണ്ടതാണ്. |
| 95 (17) | 602/എഫ് 1/2015/പൊ.വി.വ | 8243<br>തീയതി 10.02.2016 | കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ റോസ്മല ഗവ. എൽ.പി. സ്കൂൾ യു.പി. സ്കൂളായി ഉയർത്തുന്നതിന് തീരുമാനിച്ചു. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച് സർക്കാർ ഇതുവരെ നയപരമായ തീരുമാനം എടുത്തിട്ടില്ല. | സാധാരണ ഗതിയിൽ പുതിയ സ്കൂളുകൾ തുടങ്ങുന്നതും അപ്ഗ്രേഡ് ചെയ്യുന്നതും വിലക്കിക്കൊണ്ടുള്ള 13.06.2007 - ലെ സ.ഉ.(പി) നം. 107/2007/പൊ.വി.വ പ്രകാരം ഉത്തരവ് നിലവിലുണ്ട്. പുതിയ സ്കൂളുകൾ തുടങ്ങുന്നതോ നിലവിലുള്ള സ്കൂളുകൾ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം V ചട്ടം 2, 2എ എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്ന നടപടിക്രമം അനുസരിച്ചാണ്. ആയതു പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആവശ്യമുള്ള സ്ഥലം കണ്ടെത്തി ഗസറ്റ് വിജ്ഞാപനം ചെയ്ത് അപേക്ഷകൾ സ്വീകരിച്ചു നടപടിയെടുക്കേണ്ടതാണ്. ബഹു. ഹൈക്കോടതി WP (c) 3060/2014 എന്ന കേസിൽ സ്കൂൾ മാപ്പിംഗ് പൂർത്തിയാക്കി സ്കൂളുകളുടെ അപ്ഗ്രഡേഷൻ/പുതുതായി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അതുവരെ സ്കൂളുകളുടെ അപ്ഗ്രഡേഷൻ / പുതുതായി സ്കൂളുകൾ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണിക്കരുതെന്നും ഉത്തരവായിരുന്നു. 18.06.2015 - ലെ വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ള നടപടികൾ പൂർത്തിയാക്കാതെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് പ്രസ്തുത വിധിന്യായത്തിന് വിരുദ്ധമാകുമെന്നും |

| | | | | |
|---|---|---|---|---|
| | | | | കോടതിയലക്ഷ്യത്തിന് കാരണമാകുമെന്നും നിയമവകുപ്പ് അഭിപ്രായം നൽകിയിരുന്നു. കൂടാതെ കേന്ദ്ര വിദ്യാഭ്യാസ നിയമത്തിലെ സ്കൂളുകളുടെ നിർവ്വചനത്തിൽ സർക്കാർ സ്കൂളുകളും ഉൾപ്പെടുമെന്നതിനാൽ സർക്കാർ സ്കൂളുകളുടെ അപ്ഗ്രഡേഷനേയും പ്രസ്തുത വിധിന്യായം ബാധകമാകുമെന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. ആയതിനാൽ സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിലുള്ള സ്കൂൾ അപ്ഗ്രഡേഷൻ നടപടികൾ പൂർത്തിയാകുന്നതിന് മുൻപ് വ്യക്തിഗതമായി സ്കൂളുകൾ അപ് ഗ്രേഡ് ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത് 18.06.2015 ലെ ബഹു. ഹൈക്കോടതി വിധിന്യായത്തിന്റെ ലംഘനമാണ്. ആയതിനാൽ വിദ്യാഭ്യാസ വകുപ്പ് ഇക്കാര്യത്തി ൽ നടപടി ക്രമങ്ങൾ പാലിച്ച് കൊണ്ട് തീരുമാനം കൈക്കൊള്ളേണ്ടതാണ്. |
| 96 (22) | 989/റ്റി2/2016/പൊ.വി.വ | 8298<br>തീയതി 10.02.2016<br>(OA) | 24.11.2014 - ലെ സ.ഉ(കൈ) നം. 247/2014/പൊ.വി.വ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പുതുതായി അനുവദിച്ച നൂറ്റി അറുപത്തിയെട്ട് എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലേയ്ക്ക് ചട്ടപ്രകാരമുള്ള ഭൗതിക സൗകര്യങ്ങളുണ്ടെന്നും ഓരോ ബാച്ചിലും മതിയായ എണ്ണം കുട്ടികൾ പഠിക്കുന്നുണ്ടെന്നും ആർ.ഡി.ഡി/ഡി.ഡി തലത്തിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും വ്യവസ്ഥയിൽ 856 ഹയർ സെക്കന്ററി അദ്ധ്യാപകരുടേയും 972 ജൂനിയർ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെയും 216 ലാബ് അസിസ്റ്റന്റുമാരുടേയും തസ്തികകൾ അനുവദിക്കാൻ തീരുമാനിച്ചു. | 10.02.2016 തീയതിയിലെ ഇനം നം. 8292 മന്ത്രിസഭയോഗ തീരുമാന പ്രകാരം 24.11.2014 - ലെ സ.ഉ.(കൈ) നം. 247/2014/പൊ.വി.വ. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പുതുതായി അനുവദിച്ച എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലേയ്ക്ക് ചട്ട പ്രകാരമുള്ള ഭൗതിക സൗകര്യങ്ങളുണ്ടെന്നും ഓരോ ബാച്ചിലും മതിയായ എണ്ണം കുട്ടികൾ പഠിക്കുന്നുണ്ടെന്നും ആർ.ഡി.ഡി./ഡി.സി. തലത്തിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന വ്യവസ്ഥയിൽ താഴെപ്പറയുന്ന തസ്തികകൾ അനുവദിക്കുവാൻ തീരുമാനിച്ചു.<br>HSST 856<br>HSST (Jr.) 972<br>Lab Assistant 216<br>**Total** 2044 |

| | | | | |
|---|---|---|---|---|
| | | | | മേൽ വിഷയത്തിൽ ധനകാര്യവകുപ്പ് താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.<br><br>i) ഹയർസെക്കന്ററി സ്കൂളുകളിൽ തസ്തിക സൃഷ്ടിക്കുവാൻ ഭരണവകുപ്പിൽ നിന്ന് ലഭിക്കുന്ന ശുപാർശയിൽ ഓരോ സ്കൂളിലും ഓരോ വിഷയത്തിലുമുള്ള പീരീഡ് അടിസ്ഥാനത്തിലുള്ള ജോലി ഭാരം, അംഗീകൃത തസ്തികകൾ തുടങ്ങിയ വിശദാംശങ്ങൾ ഉണ്ടാകും. മേൽ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ ശുപാർശയിൻമേൽ സൂക്ഷമമായ പരിശോധനയുടെ ശേഷമാണ്. ഓരോ സ്കൂളിലും, ഓരോ വിഷയത്തിലുമുള്ള തസ്തികകളുടെ അർഹത നിർണ്ണയിക്കുന്നത്. ഓരോ വിഷയത്തിലുമുള്ള തസ്തികകളുടെ അർഹത നിർണ്ണയിക്കുന്നത്. സൂക്ഷമ പരിശോധന കൂടാതെ ഹയർസെക്കന്ററി സ്കൂളിൽ തസ്തിക സൃഷ്ടിക്കൽ അസാധ്യമാണ്. പിന്നീടുള്ള പരാതികളും തർക്കങ്ങളും കോടതി വ്യവഹാരങ്ങളും ഒഴിവാക്കുവാൻ ഇത് അത്യാവശ്യമാണ്.<br><br>ii) കെ.ഇ.ആർ പ്രകാരം മാർച്ച് മാസം ഹയർസെക്കന്ററി സ്കൂളുകളിൽ നിയമനം പാടില്ല. അടുത്ത അദ്ധ്യയന വർഷാരംഭം മുതൽ മാത്രമേ നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ കഴിയുകയുള്ളൂ. ഈ കാരണത്താൽ, ഈ വിഷയത്തിൽ ഒരു അടിയന്തിര നടപടിക്കുള്ള സാധ്യതയുമില്ല. നടപടിക്രമങ്ങൾ പാലിച്ച്, ക്രമപ്രകാരമുള്ള തസ്തിക സൃഷ്ടിക്കൽ ഉത്തരവ് അദ്ധ്യയന വർഷാരംഭത്തിന് മുമ്പ് പുറപ്പെടുവിക്കാൻ മതിയായ സമയമുണ്ട്.<br><br>പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് **പ്രതിവർഷം 83,39,01,216 രൂപ അധിക സാമ്പത്തിക ബാധ്യതയുണ്ടാകുമെന്ന്** ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ |

| | | | | |
|---|---|---|---|---|
| | | | | റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശുപാർശ ചെയ്തിരിക്കുന്ന സ്കൂളുകളിൽ ചട്ടപ്രകാരമുള്ള ഭൗതിക സൗകര്യങ്ങൾ (സ്ഥലസൗകര്യം, ലാബ്, കെട്ടിടങ്ങൾ ടോയ്‌ലറ്റുകൾ, നിശ്ചിത വിസ്തീർണ്ണമുള്ള ക്ലാസ് മുറികൾ മുതലായവ) ഉണ്ടെന്നും, ഓരോ ബാച്ചിലും മതിയായ എണ്ണം കുട്ടികൾ പഠിക്കുന്നുണ്ടെന്നും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ/ ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും ധനകാര്യവകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. തസ്തികകൾ സൃഷ്ടിക്കാൻ തത്വത്തിൽ തീരുമാനിച്ചെങ്കിലും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ/ ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ ആവശ്യപ്പെട്ടിട്ടുള്ള റിപ്പോർട്ടുകൾ ലഭ്യമായിട്ടില്ല. ധനകാര്യവകുപ്പിന്റെ അഭിപ്രായത്തെ മറികടന്നാണ് മന്ത്രിസഭായോഗത്തിൽ തീരുമാനമെടുത്തത്. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 11.04.2016 - ലെ സ.ഉ (കൈ) 77/2016/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം മേൽപ്പറഞ്ഞ തസ്തികകൾ സൃഷ്ടിക്കാൻ തത്വത്തിൽ ഉത്തരവായി. ധനകാര്യവകുപ്പിന്റെ നിർദ്ദേശപ്രകാരം ഉന്നത വിദ്യാഭ്യാസ ഡയറക്ടറോട് വിശദമായ പ്രൊപ്പോസലുകൾ നൽകുവാൻ ആവശ്യപ്പെടുകയുണ്ടായി. അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. 2014 ൽ പുതുതായി അനുവദിച്ച എയ്ഡഡ്, ഹയർസെക്കന്ററി സ്കൂളുകളിൽ വകുപ്പ് തലത്തിൽ ചട്ടപ്രകാരമുള്ള പരിശോധനകൾ നടത്തി വിദ്യാഭ്യാസ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും പരിശോധനയ്ക്കും അംഗീകാരത്തിനും ശേഷം തീരുമാനം എടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ Out of Agenda ആയി എടുത്ത തീരുമാനം റദ്ദ് ചെയ്യേണ്ടതാണ്. പുനഃപരിശോധിക്കേണ്ടതാണ്. |

| | | | | |
|---|---|---|---|---|
| 97 (26) | 32928/റ്റി1/2011/പൊ.വി.വ | 8309<br>തീയതി 17.02.2016 | സംസ്ഥാനത്തെ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ 1999 മുതൽ നിയമിതരാകുകയും 28.03.2003 മുതൽ മാത്രം നിയമനാംഗീകാരം ലഭിക്കുകയും ചെയ്ത ലാബ് അസിസ്റ്റന്റുമാർക്ക് ശമ്പളകുടിശ്ശികയില്ലാതെ സർവ്വീസ് അംഗീകരിക്കാവുന്നതാണെന്ന് മന്ത്രിസഭായോഗത്തിൽ തീരുമാനിച്ചു. | കരട് ഉത്തരവ് അംഗീകരിക്കുന്നതിനായി ധനകാര്യവകുപ്പിലേക്ക് നൽകിയപ്പോൾ ഇപ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി. "പ്രസ്തുത കാലയളവ് പെൻഷനോ മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾക്കോ പരിഗണിക്കില്ല എന്ന നിബന്ധനയിൽ ദിവസവേതന നിരക്കിൽ ആനുകൂല്യങ്ങൾ അനുവദിക്കുൽതാണ്" എന്ന ധനവകുപ്പിന്റെ അഭിപ്രായം മറികടന്ന് "ലാബ് അസിസ്റ്റന്റുമാർക്ക് ശമ്പള കുടിശ്ശികയില്ലാതെ സർവ്വീസ് അംഗീകരിച്ച് നൽകുന്നതിന്" അനുമതി നൽകിക്കൊണ്ടാണ് കരട് ഉത്തരവ് തയ്യാറാക്കിയിരിക്കുന്നത്. "അംഗീകരിക്കപ്പെട്ട തസ്തികയില്ലാതെ നിയമനം പാടില്ല" എന്ന അടിസ്ഥാന പ്രമാണത്തിന്റെ ലംഘനമാണ് ഈ ഉത്തരവിലൂടെ നടപ്പിലാകാൻ പോകുന്നത്. ഇത്തരത്തിൽ ഉത്തരവ് പുറപ്പെടുവിച്ചാൽ ശമ്പളം ഫിക്സ് ചെയ്യുന്നതു മുതൽ വിവിധ ഇനങ്ങളിലായി സർക്കാരിന് സാമ്പത്തിക ബാധ്യതയുണ്ടാകും. അനവധി ഇത്തരം കേസുകൾ നിലവിലുണ്ട്. അവയ്ക്കെല്ലാം ഇത് ഒരു മാതൃകയായി തീരുമെന്നും നിലവിലുള്ള നിരവധി കോടതി കേസുകളുടെ ഭാവിയേയും ഇതു ബാധിക്കുമെന്നതിനാൽ അംഗീകരിക്കുവാൻ കഴിയുകയില്ല. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കാൻ ബഹു. മുൻ മുഖ്യമന്ത്രി ഉത്തരവിട്ടെങ്കിലും തെരഞ്ഞെടുപ്പു പൊതു പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.<br>തീരുമാനം പുനഃപരിശോധിക്കേണ്ടതാണ്. |
| 98 (29) | 22844/റ്റി1/2013/പൊ.വി.വ | 8312<br>തീയതി 17.02.2016 | ബഹു. കേരള ഹൈക്കോടതി മുമ്പാകെ ശ്രീ. ശ്യാംകുമാറും മറ്റ് മൂന്നുപേരും ഫയൽ ചെയ്ത WP(C)No.29618/05, 7385/03, 5835/13, 7881/13 എന്നീ നമ്പർ കേസുകളിലെ 05.09.2013 - ലെ പൊതു വിധിന്യായം നടപ്പിലാക്കുന്നതിനായി | 05.09.2013 - ലെ പൊതു വിധിന്യായം നടപ്പിലാക്കുന്നതിനായി 17.08.2015 - ലെ സ.ഉ. (കൈ) നം. 220/15/പൊ.വി.വ. ഉത്തരവ് പ്രകാരം ഒരു സ്കീം അംഗീകരിച്ചിരുന്നു. ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ |

| | | | | |
|---|---|---|---|---|
| | | | പുറപ്പെടുവിച്ച 17.08.2015 – ലെ സ.ഉ. (കൈ) നം. 220/15/പൊ.വി.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ലർക്ക്, ഫുൾ/പാർട്ട് ടൈം മീനിയൽ, ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികകൾ സൃഷ്ടിക്കുന്നതാണ് ഫയലിനാധാരമായ വിഷയം. | താഴെപ്പറയുന്ന രീതിയിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി മന്ത്രിസഭായോഗം മുമ്പാകെ കുറിപ്പ് സമർപ്പിക്കുകയുണ്ടായി.<br>1. ആകെയുള്ള 1429 ഹയർ സെക്കന്ററി സ്കൂളുകളിൽ, ഒന്നാം ഘട്ടത്തിലെ ആദ്യ പടിയായി, **അഞ്ഞൂറോ അതിലധികമോ** വിദ്യാർത്ഥികളുള്ള 359 ഹയർ സെക്കന്ററി സ്കൂളുകളിൽ ഓരോ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തിക സൃഷ്ടിക്കുക.<br><br>2. വിദ്യാർത്ഥികളുടെ എണ്ണം അഞ്ഞൂറോ അതിലധികമോ ആകുന്ന മുറയ്ക്ക് അങ്ങനെയുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ ഓരോ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തിക സൃഷ്ടിക്കുക.<br>3. ആകെയുള്ള 1429 ഹയർ സെക്കന്ററി സ്കൂളുകളിൽ ഓരോ പാർട്ട് ടൈം/ഫുൾ ടൈം മീനിയൽ തസ്തികകൾ സൃഷ്ടിക്കുക.<br>4. എയ്ഡഡ് സ്കൂളുകളുടെ കാര്യത്തിൽ, ഒരേ മാനേജുമെന്റിന് കീഴിലുള്ള ഹൈസ്കൂളുകളിലും സർക്കാർ സ്കൂളുകളുടെ ഒരേ റവന്യു ജില്ലയ്ക്കുള്ളിലെ സ്കൂളുകളിലും അനധ്യാപക ജീവനക്കാർ അധികമുള്ളതായി അല്ലെങ്കിൽ സൂപ്പർന്യൂമററി തസ്തികയിൽ തുടരുന്നതായി കണ്ടെത്തിയാൽ, അവരെ മേൽ പറഞ്ഞിട്ടുള്ള പുതുതായി സൃഷ്ടിയ്ക്കപ്പെടുൽ തസ്തികകളിൽ ഉൾക്കൊള്ളിക്കുക.<br>എന്നാൽ 17.07.2016 – ലെ മന്ത്രിസഭാ യോഗ തീരുമാനപ്രകാരം 400 വിദ്യാർത്ഥികൾ ഉള്ള സ്കൂളുകളിൽ തസ്തിക അനുവദിക്കാമെന്ന് ഭേദഗതിയോടെയാണ് തീരുമാനം ഉണ്ടായത്. ആയത് ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന് എതിരാണ്. സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂളുകളിൽ തസ്തിക സൃഷ്ടിക്കുന്നതിന്റെ ഒന്നാം ഘട്ടത്തിലെ ആദ്യ പടിയായി, **അഞ്ഞൂറോ അതിലധികമോ** വിദ്യാർത്ഥികളുള്ള 359 ഹയർ സെക്കന്ററി സ്കൂളുകളിൽ ഓരോ ലോവർ ഡിവിഷൻ |

| | | | | |
|---|---|---|---|---|
| | | | | ക്ലാർക്ക് തസ്തിക സൃഷ്ടിക്കാനും 1429 ഹയർ സെക്കന്ററി സ്കൂളുകളിൽ ഓരോ പാർട്ട് ടൈം/ഫുൾ ടൈം മീനിയൽ തസ്തികകൾ സൃഷ്ടിക്കാനുമാണ് ധനകാര്യവകുപ്പ് അംഗീകാരം നൽകിയത്. എന്നാൽ മന്ത്രിസഭായോഗം 400 വിദ്യാർത്ഥികളായി എണ്ണം കുറച്ചപ്പോൾ 1429 ഹയർ സെക്കന്ററി സ്കൂളുകളിൽ 700 ഹയർ സെക്കന്ററി സ്കൂളികളിൽ പുതിയ എൽ.ഡി. ക്ലാർക്ക് തസ്തിക സൃഷ്ടിക്കേണ്ടതായി വരും. അധിക സാമ്പത്തിക ബാധ്യത വരുമെന്ന കാരണത്താൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം വീണ്ടും തേടേണ്ടതുണ്ട്. മാപ്പിംഗിനുശേഷം പുന:പരിശോധിക്കേണ്ടതാണ്. |
| 99 (31) | 15940/എഫ്1/2015/പൊ.വി.വ | 8386<br>തീയതി 18.02.2016 | മലപ്പുറം ജില്ലയിലെ മറ്റത്തൂർ ജി.എം. എൽ.പി. സ്കൂൾ യു.പി. സ്കൂളായി ഉയർത്തുന്നതിന് തീരുമാനിച്ചു. | ബഹു. ഹൈക്കോടതി WP (c) 3060/2014 എന്ന കേസിൽ സ്കൂൾ മാപ്പിംഗ് പൂർത്തിയാക്കി സ്കൂളുകളുടെ അപ്ഗ്രഡേഷൻ/പുതുതായി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അതുവരെ സ്കൂളുകളുടെ അപ്ഗ്രഡേഷൻ / പുതുതായി സ്കൂളുകൾ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണിക്കരുതെന്നും ഉത്തരവായിരുന്നു. 18.06.2015 - ലെ വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ള നടപടികൾ പൂർത്തിയാക്കാതെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് പ്രസ്തുത വിധിന്യായത്തിന് വിരുദ്ധമാകുമെന്നും കോടതിയലക്ഷ്യത്തിന് കാരണമാകുമെന്നും നിയമവകുപ്പ് അഭിപ്രായം നൽകിയിരുന്നു. കൂടാതെ കേന്ദ്ര വിദ്യാഭ്യാസ നിയമത്തിലെ സ്കൂളുകളുടെ നിർവ്വചനത്തിൽ സർക്കാർ സ്കൂളുകളും ഉൾപ്പെടുമെന്നതിനാൽ സർക്കാർ സ്കൂളുകളുടെ അപ്ഗ്രഡേഷനേയും പ്രസ്തുത വിധിന്യായം ബാധകമാകുമെന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. ആയതിനാൽ |

| | | | | |
|---|---|---|---|---|
| | | | | സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിലുള്ള സ്കൂൾ അപ്ഗ്രഡേഷൻ നടപടികൾ പൂർത്തിയാകുന്നതിന് മുൻപ് വ്യക്തിഗതമായി സ്കൂളുകൾ അപ് ഗ്രേഡ് ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത് 18.06.2015 ലെ ബഹു. ഹൈക്കോടതി വിധിന്യായത്തിന്റെ ലംഘനമാണ്. വിദ്യാഭ്യാസ വകുപ്പ് നിയമ നടപടികൾ പാലിച്ച് തീരുമാനം കൈക്കൊള്ളേണ്ടതാണ്. |
| 100 (33) | 7859/എഫ്1/2016/പൊ.വി.വ | 8435 തീയതി 24.02.2016 (OA) | ആലപ്പുഴ ജില്ലയിലെ ചേപ്പാട് വില്ലേജിലെ കണിച്ചനല്ലൂർ ഗവൺമെന്റ് എൽ.പി.സ്കൂൾ യു.പി. സ്കൂളായി ഉയർത്തുന്നതിന് തീരുമാനിച്ചു. | ബഹു. ഹൈക്കോടതി WP (c) 3060/2014 എന്ന കേസിൽ സ്കൂൾ മാപ്പിംഗ് പൂർത്തിയാക്കി സ്കൂളുകളുടെ അപ്ഗ്രഡേഷൻ/പുതുതായി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അതുവരെ സ്കൂളുകളുടെ അപ്ഗ്രഡേഷൻ / പുതുതായി സ്കൂളുകൾ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണിക്കരുതെന്നും ഉത്തരവായിരുന്നു. 8.06.2015 - ലെ വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ള നടപടികൾ പൂർത്തിയാക്കാതെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് പ്രസ്തുത വിധിന്യായത്തിന് വിരുദ്ധമാകുമെന്നും കോടതിയലക്ഷ്യത്തിന് കാരണമാകുമെന്നും നിയമവകുപ്പ് അഭിപ്രായം നൽകിയിരുന്നു. കൂടാതെ കേന്ദ്ര വിദ്യാഭ്യാസ നിയമത്തിലെ സ്കൂളുകളുടെ നിർവ്വചനത്തിൽ സർക്കാർ സ്കൂളുകളും ഉൾപ്പെടുമെന്നതിനാൽ സർക്കാർ സ്കൂളുകളുടെ അപ്ഗ്രഡേഷനേയും പ്രസ്തുത വിധിന്യായം ബാധകമാകുമെന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. ആയതിനാൽ സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിലുള്ള സ്കൂൾ അപ്ഗ്രഡേഷൻ നടപടികൾ പൂർത്തിയാകുന്നതിന് മുൻപ് വ്യക്തിഗതമായി സ്കൂളുകൾ അപ് ഗ്രേഡ് ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത് 18.06.2015 ലെ ബഹു. ഹൈക്കോടതി വിധിന്യായത്തിന്റെ ലംഘനമാണ്. വിദ്യാഭ്യാസ വകുപ്പ് നിയമ നടപടികൾ പാലിച്ച് തീരുമാനം |

| | | | | |
|---|---|---|---|---|
| | | | | കൈക്കൊള്ളേണ്ടതാണ്. |
| 101 (34) | 7860/എഫ്1/2010/പൊ.വി.വ | 8436<br>തീയതി 24.02.2016 | മലപ്പുറം കരുവാരക്കുണ്ട് പഞ്ചായത്തിലെ വണ്ടൂർ ഗവ. എൽ.പി.സ്കൂൾ, യു.പി. സ്കൂളായി ഉയർത്തുന്നതിന് 24.02.2016 – ലെ ഇനം. നമ്പർ 8436 പ്രകാരം മന്ത്രിസഭായോഗം തീരുമാനിച്ചു. | സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച് സർക്കാർ ഇതുവരെ നയപരമായ തീരുമാനം എടുത്തിട്ടില്ല. സാധാരണ ഗതിയിൽ പുതിയ സ്കൂളുകൾ തുടങ്ങുന്നതും അപ്ഗ്രേഡ് ചെയ്യുന്നതും വിലക്കിക്കൊണ്ടുള്ള 13.06.2007 – ലെ സ.ഉ.(പി) നം. 107/2007/പൊ.വി.വ പ്രകാരം ഉത്തരവ് നിലവിലുണ്ട്. പുതിയ സ്കൂളുകൾ തുടങ്ങുന്നതോ നിലവിലുള്ള സ്കൂളുകൾ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം V ചട്ടം 2, 2എ എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്ന നടപടിക്രമം അനുസരിച്ചാണ്. ആയതു പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആവശ്യമുള്ള സ്ഥലം കണ്ടെത്തി ഗസറ്റ് വിജ്ഞാപനം ചെയ്ത് അപേക്ഷകൾ സ്വീകരിച്ചു നടപടിയെടുക്കേണ്ടതാണ്. ബഹു. ഹൈക്കോടതി WP (c) 3060/2014 എന്ന കേസിൽ സ്കൂൾ മാപ്പിംഗ് പൂർത്തിയാക്കി സ്കൂളുകളുടെ അപ്ഗ്രഡേഷൻ/പുതുതായി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അതുവരെ സ്കൂളുകളുടെ അപ്ഗ്രഡേഷൻ / പുതുതായി സ്കൂളുകൾ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണിക്കരുതെന്നും ഉത്തരവായിരുന്നു. 18.06.2015 – ലെ വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ള നടപടികൾ പൂർത്തിയാക്കാതെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് പ്രസ്തുത വിധിന്യായത്തിന് വിരുദ്ധമാകുമെന്നും കോടതിയലക്ഷ്യത്തിന് കാരണമാകുമെന്നും നിയമവകുപ്പ് അഭിപ്രായം നൽകിയിരുന്നു. കൂടാതെ കേന്ദ്ര വിദ്യാഭ്യാസ നിയമത്തിലെ സ്കൂളുകളുടെ നിർവ്വചനത്തിൽ സർക്കാർ സ്കൂളുകളും ഉൾപ്പെടുമെന്നതിനാൽ സർക്കാർ സ്കൂളുകളുടെ അപ്ഗ്രഡേഷനേയും പ്രസ്തുത വിധിന്യായം |

| | | | | |
|---|---|---|---|---|
| | | | | ബാധകമാകുമെന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. ആയതിനാൽ സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിലുള്ള സ്കൂൾ അപ്ഗ്രഡേഷൻ നടപടികൾ പൂർത്തിയാകുന്നതിന് മുൻപ് വ്യക്തികതമായി സ്കൂളുകൾ അപ് ഗ്രേഡ് ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത് 18.06.2015 ലെ ബഹു. ഹൈക്കോടതി വിധിന്യായത്തിന്റെ ലംഘനമാണ്. വിദ്യാഭ്യാസ വകുപ്പ് നിയമ നടപടികൾ പാലിച്ച് തീരുമാനം കൈക്കൊള്ളേണ്ടതാണ്. |
| 102 (41) | 8263/എഫ്1/2016/പൊ.വി.വ | 8472<br>തീയതി 25.02.2016 | വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിലെ വെള്ളമുണ്ട ഗവ. യു.പി. സ്കൂളിനെ ഹൈസ്കൂളായി ഉയർത്തുന്നതിന് തീരുമാനിച്ചു. | സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച് സർക്കാർ ഇതുവരെ നയപരമായ തീരുമാനം എടുത്തിട്ടില്ല. സാധാരണ ഗതിയിൽ പുതിയ സ്കൂളുകൾ തുടങ്ങുന്നതും അപ്ഗ്രേഡ് ചെയ്യുന്നതും വിലക്കിക്കൊണ്ടുള്ള 13.06.2007 – ലെ സ.ഉ.(പി) നം. 107/2007/പൊ.വി.വ പ്രകാരം ഉത്തരവ് നിലവിലുണ്ട്. പുതിയ സ്കൂളുകൾ തുടങ്ങുന്നതോ നിലവിലുള്ള സ്കൂളുകൾ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം V ചട്ടം 2, 2എ എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്ന നടപടിക്രമം അനുസരിച്ചാണ്. ആയതു പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആവശ്യമുള്ള സ്ഥലം കണ്ടെത്തി ഗസറ്റ് വിജ്ഞാപനം ചെയ്ത് അപേക്ഷകൾ സ്വീകരിച്ചു നടപടിയെടുക്കേണ്ടതാണ്. ബഹു. ഹൈക്കോടതി WP (c) 3060/2014 എന്ന് കേസിൽ സ്കൂൾ മാപ്പിംഗ് പൂർത്തിയാക്കി സ്കൂളുകളുടെ അപ്ഗ്രഡേഷൻ/പുതുതായി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അതുവരെ സ്കൂളുകളുടെ അപ്ഗ്രഡേഷൻ / പുതുതായി സ്കൂളുകൾ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണിക്കരുതെന്നും ഉത്തരവായിരുന്നു. 18.06.2015 – ലെ |

| | | | | |
|---|---|---|---|---|
| | | | | വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ള നടപടികൾ പൂർത്തിയാക്കാതെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് പ്രസ്തുത വിധിന്യായത്തിന് വിരുദ്ധമാകുമെന്നും കോടതിയലക്ഷ്യത്തിന് കാരണമാകുമെന്നും നിയമവകുപ്പ് അഭിപ്രായം നൽകിയിരുന്നു. കൂടാതെ കേന്ദ്ര വിദ്യാഭ്യാസ നിയമത്തിലെ സ്കൂളുകളുടെ നിർവ്വചനത്തിൽ സർക്കാർ സ്കൂളുകളും ഉൾപ്പെടുമെന്നതിനാൽ സർക്കാർ സ്കൂളുകളുടെ അപ്ഗ്രഡേഷനേയും പ്രസ്തുത വിധിന്യായം ബാധകമാകുമെന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. ആയതിനാൽ സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിലുള്ള സ്കൂൾ അപ്ഗ്രഡേഷൻ നടപടികൾ പൂർത്തിയാകുന്നതിന് മുൻപ് വ്യക്തിഗതമായി സ്കൂളുകൾ അപ് ഗ്രേഡ് ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത് 18.06.2015 ലെ ബഹു. ഹൈക്കോടതി വിധിന്യായത്തിന്റെ ലംഘനമാണ്. വിദ്യാഭ്യാസ വകുപ്പ് നിയമ നടപടികൾ പാലിച്ച് തീരുമാനം കൈക്കൊള്ളേണ്ടതാണ്. |
| 103 (44) | 6969/എച്ച് 3/2016/പൊ.വി.വ | 8475<br>തീയതി 25..02.2016 | കോട്ടയം ജില്ലയിലെ കൊല്ലാട് സെന്റ് മേരീസ് യു.പി.സ്കൂളിലെ യു.പി.എസ്.എ ആയി സേവനമനുഷ്ഠിക്കുന്ന ശ്രീമതി. എലിസബത്ത് ചാക്കോയുടെ അപേക്ഷ പരിഗണിച്ച് ഒരു പ്രത്യേക കേസായി പ്രായപരിധിയിൽ ഇളവ് നൽകി ശ്രീമതി. എലിസബത്ത് ചാക്കോയുടെ നിയമനം അംഗീകരിക്കുന്നതിനു തീരുമാനിച്ചു. | കോട്ടയം ജില്ലയിലെ വാകത്താനം എം.ഡി. ഗവ. യു.പി സ്കൂളിൽ ഉണ്ടായ പ്രമോഷൻ ഒഴിവിൽ ശ്രീമതി. എലിസബത്ത് ചാക്കോയെ 23.06.2014 മുതൽ യു.പി. എസ്.എ ആയി മാനേജർ നിയമിക്കുകയുണ്ടായി. പ്രസ്തുത സ്കൂൾ അനാദായകരമായ സാഹചര്യത്തിൽ മാനേജർ ടിയാളെ കൊല്ലാട് സെന്റ് മേരീസ് യു.പി. സ്കൂളിൽ 5 വർഷത്തെ അവധി ഒഴിവിൽ 05.10.2015 മുതൽ നിയമിക്കുകയുണ്ടായി. പ്രസ്തുത നിയമന സമയത്ത് ടിയാൾക്ക് അദ്ധ്യാപക നിയമനത്തിനുള്ള പ്രായപരിധി കഴിഞ്ഞിട്ടുള്ളതിനാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചില്ല. ആയതിനാൽ തനിക്ക് 5 മാസവും 19 ദിവസവും പ്രായപരിധിയിൽ ഇളവ് കെ.ഇ.ആർ അദ്ധ്യായം 1 റൂൾ 1 പ്രകാരം ഒരു പ്രത്യേക കേസായി പരിഗണിക്കാനും 05.10.2015 |

| | | | | |
|---|---|---|---|---|
| | | | | മുതലുള്ള യു.പി. എസ്.എ നിയമനം അംഗീകരിച്ച് നൽകണമെന്ന് അപേക്ഷിച്ചിരുന്നു.<br><br>ശ്രീമതി. എലിസബത്ത് ചാക്കോയെ നിയമിച്ചിരിക്കുന്നത് ശൂന്യവേതനാവധി ഒഴിവിലാണ് കൂടാതെ, 2015 - 16 അക്കാദമിക വർഷത്തിൽ കൊല്ലാട് സെന്റ് മേരീസ് യു.പി. സ്കൂളിലെ ആകെ കുട്ടികളുടെ (V മുതൽ VII വരെ) എണ്ണം 46 ആണെന്നും ടി സ്കൂൾ അനാദായകരമായ സ്കൂളായാണ് പ്രവർത്തിക്കുന്നതെന്നും ഉപജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ അനാദായകരമായ സ്കൂളിലെ ദിവസവേതനാടിസ്ഥാനത്തിൽ മാത്രം അംഗീകാര യോഗ്യമായ അവധി ഒഴിവിലെ ഹർജിക്കാരിയുടെ നിയമനത്തിന് നിലവിലുള്ള ചട്ടപ്രകാരം വയസ്സിളവ് നൽകാൻ വ്യവസ്ഥയില്ല.<br>തീരുമാനം റദ്ദാക്കേണ്ടതാണ്. |
| 104 (45) | 7860/എഫ്1/2010/പൊ.വി.വ | 8616<br>തീയതി 01.03.2016 | മലപ്പുറം കരുവാരക്കുണ്ട് പഞ്ചായത്തിലെ വണ്ടൂർ ഗവ. എൽ.പി.സ്കൂൾ, യു.പി. സ്കൂളായി ഉയർത്തുന്നതിന് 24.02.2016 - ലെ ഇനം. നമ്പർ 8436 പ്രകാരം മന്ത്രിസഭായോഗം തീരുമാനിച്ചു. | പ്രസ്തുത തീരുമാനത്തിൽ കരുവാരക്കുണ്ട് പഞ്ചായത്തിലെ വണ്ടൂർ ഗവ. എൽ.പി.സ്കൂൾ എന്നത് കരുവാരക്കുണ്ട് പഞ്ചായത്തിലെ തരിശ്ശ് ഗവ. എൽ.പി.സ്കൂൾ എന്ന് ഭേദഗതി ചെയ്യുവാൻ തീരുമാനിച്ചു. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച് സർക്കാർ ഇതുവരെ നയപരമായ തീരുമാനം എടുത്തിട്ടില്ല. സാധാരണ ഗതിയിൽ പുതിയ സ്കൂളുകൾ തുടങ്ങുന്നതും അപ്ഗ്രേഡ് ചെയ്യുന്നതും വിലക്കിക്കൊണ്ടുള്ള 13.06.2007 - ലെ സ.ഉ.(പി) നം. 107/2007/പൊ.വി.വ പ്രകാരം ഉത്തരവ് നിലവിലുണ്ട്. പുതിയ സ്കൂളുകൾ തുടങ്ങുന്നതോ നിലവിലുള്ള സ്കൂളുകൾ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം V |

| | | | | | |
|---|---|---|---|---|---|
| | | | | 9 | ചട്ടം 2, 2എ) എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്ന നടപടിക്രമം അനുസരിച്ചാണ്. ആയതു പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആവശ്യമുള്ള സ്ഥലം കണ്ടെത്തി ഗസറ്റ് വിജ്ഞാപനം ചെയ്ത് അപേക്ഷകൾ സ്വീകരിച്ചു നടപടിയെടുക്കേണ്ടതാണ്. ബഹു. ഹൈക്കോടതി WP (c) 3060/2014 എന്ന കേസിൽ സ്കൂൾ മാപ്പിംഗ് പൂർത്തിയാക്കി സ്കൂളുകളുടെ അപ്ഗ്രഡേഷൻ/പുതുതായി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അതുവരെ സ്കൂളുകളുടെ അപ്ഗ്രഡേഷൻ/പുതുതായി സ്കൂളുകൾ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണിക്കരുതെന്നും ഉത്തരവായിരുന്നു. 18.06.2015 - ലെ വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ള നടപടികൾ പൂർത്തിയാക്കാതെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് പ്രസ്തുത വിധിന്യായത്തിന് വിരുദ്ധമാകുമെന്നും കോടതിയലക്ഷ്യത്തിന് കാരണമാകുമെന്നും നിയമവകുപ്പ് അഭിപ്രായം നൽകിയിരുന്നു. കൂടാതെ കേന്ദ്ര വിദ്യാഭ്യാസ നിയമത്തിലെ സ്കൂളുകളുടെ നിർവ്വചനത്തിൽ സർക്കാർ സ്കൂളുകളും ഉൾപ്പെടുമെന്നതിനാൽ സർക്കാർ സ്കൂളുകളുടെ അപ്ഗ്രഡേഷനേയും പ്രസ്തുത വിധിന്യായം ബാധകമാകുമെന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. ആയതിനാൽ സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിലുള്ള സ്കൂൾ അപ്ഗ്രഡേഷൻ നടപടികൾ പൂർത്തിയാകുന്നതിന് മുൻപ് വ്യക്തിഗതമായി സ്കൂളുകൾ അപ് ഗ്രേഡ് ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത് 18.06.2015 ലെ ബഹു. ഹൈക്കോടതി വിധിന്യായത്തിന്റെ ലംഘനമാണ്. വിദ്യാഭ്യാസ വകുപ്പ് നിയമ നടപടികൾ പാലിച്ച് തീരുമാനം കൈക്കൊള്ളേണ്ടതാണ്. |

| | | | | |
|---|---|---|---|---|
| 105 (46) | 8772/എഫ്1/16/പൊ.വി.വ | 8617 തീയതി 01.03.2016 | മലപ്പുറം ജില്ലയിലെ മഞ്ചേരി പുള്ളൂർ ഗവൺമെന്റ് യു.പി. സ്കൂൾ ഹൈസ്കുളായി ഉയർത്തുന്നതിന് മന്ത്രിസഭായോഗത്തിൽ തീരുമാനിച്ചു | ബഹു. ഹൈക്കോടതി WP (c) 3060/2014 എന്ന കേസിൽ സ്കൂൾ മാപ്പിംഗ് പൂർത്തിയാക്കി സ്കൂളുകളുടെ അപ്ഗ്രഡേഷൻ/പുതുതായി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അതുവരെ സ്കൂളുകളുടെ അപ്ഗ്രഡേഷൻ/ പുതുതായി സ്കൂളുകൾ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണിക്കരുതെന്നും ഉത്തരവായിരുന്നു. 18.06.2015 - ലെ വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ള നടപടികൾ പൂർത്തിയാക്കാതെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് പ്രസ്തുത വിധിന്യായത്തിന് വിരുദ്ധമാകുമെന്നും കോടതിയലക്ഷ്യത്തിന് കാരണമാകുമെന്നും നിയമവകുപ്പ് അഭിപ്രായം നൽകിയിരുന്നു. കൂടാതെ കേന്ദ്ര വിദ്യാഭ്യാസ നിയമത്തിലെ സ്കൂളുകളുടെ നിർവ്വചനത്തിൽ സർക്കാർ സ്കൂളുകളും ഉൾപ്പെടുമെന്നതിനാൽ സർക്കാർ സ്കൂളുകളുടെ അപ്ഗ്രഡേഷനേയും പ്രസ്തുത വിധിന്യായം ബാധകമാകുമെന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. ആയതിനാൽ സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിലുള്ള സ്കൂൾ അപ്ഗ്രഡേഷൻ നടപടികൾ പൂർത്തിയാകുന്നതിന് മുൻപ് വ്യക്തികതമായി സ്കൂളുകൾ അപ് ഗ്രേഡ് ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത് 18.06.2015 ലെ ബഹു. ഹൈക്കോടതി വിധിന്യായത്തിന്റെ ലംഘനമാണ്. വിദ്യാഭ്യാസ വകുപ്പ് നിയമ നടപടികൾ പാലിച്ച് തീരുമാനം കൈക്കൊള്ളേണ്ടതാണ്. |
| 106 (48) | 2095/എഫ് 1/2015/പൊ.വി.വ | 8589 തീയതി 02.03.2016 | ഇടുക്കി ജില്ലയിലെ വട്ടവട പഞ്ചായത്തിലെ ഊർക്കാട് എന്ന സ്ഥലത്ത് 2001 - 2002 അദ്ധ്യയന വർഷം മുതൽ ഒരു എയ്ഡഡ് ലോവർ പ്രൈമറി സ്കൂൾ തുടങ്ങുന്നതിന് 31.01.2001 - ലെ സ.ഉ. (എം.എസ്) 32/01/പൊ.വി.വ എന്ന ഉത്തരവ് പ്രകാരം | പുതിയ എയ്ഡഡ് ലോവർ പ്രൈമറി സ്കൂൾ ആരംഭിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർ 05.05.2015 വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. 18.06.2015 - ൽ WP (c) 3060/2014 എന്ന കേസിൽ ബഹു. ഹൈക്കോടതി സ്കൂൾ മാപ്പിംഗ് |

| | | | | |
|---|---|---|---|---|
| | | | അനുമതി നൽകിയിരുന്നു. ടി പ്രദേശത്തെ ജനങ്ങൾ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ടവരാണ്. പ്രസ്തുത സ്കൂളിൽ ആവശ്യമായ അദ്ധ്യാപകരെ സർക്കാരിന് സാമ്പത്തികബാധ്യത ഉണ്ടാവാത്ത തരത്തിൽ ടീച്ചേഴ് ബാങ്കിൽ നിന്നും നിയമിക്കാൻ ധനകാര്യവകുപ്പ് അംഗീകാരം നൽകുകയുണ്ടായി. | പൂർത്തിയാക്കി സ്കൂളുകളുടെ അപ്ഗ്രഡേഷൻ/പുതുതായി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അതുവരെ സ്കൂളുകളുടെ അപ്ഗ്രഡേഷൻ / പുതുതായി സ്കൂളുകൾ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണിക്കരുതെന്നും ഉത്തരവായിരുന്നു. എന്നാൽ ഫയലിനാസ്പദമായ വിഷയത്തിൽ 2001 - 2002 അദ്ധ്യയന വർഷത്തിൽ പുതിയ എയ്ഡഡ് ലോവർ പ്രൈമറി സ്കൂൾ ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിരുന്നെങ്കിലും തുടർ നടപടികൾ പൂർത്തിയാക്കിയിരുന്നില്ല. മേൽ സാഹചര്യത്തിലാണ് 02.03.2016 - ലെ മന്ത്രിസഭായോഗ തീരുമാനപ്രകാരം ഇടുക്കി ജില്ലയിലെ വട്ടവട പഞ്ചായത്തിലെ ഊർക്കാട് എന്ന സ്ഥലത്ത് കുര്യാക്കോസ് ഏലിയാസ് ഹൈസ്കൂളിനോടനുബന്ധിച്ച് 2016 - 2017 അദ്ധ്യയന വർഷം മുതൽ ഒരു പുതിയ എയ്ഡഡ് ലോവർ പ്രൈമറി സ്കൂൾ ആരംഭിക്കുന്നതിന് തീരുമാനിച്ചത്. മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.<br>ടി മന്ത്രിസഭായോഗ തീരുമാന പ്രകാരം നടപ്പിലാക്കണമെന്ന ആവശ്യവുമായി സ്കൂൾ മാനേജ്മെന്റ് ബഹു. ഹൈക്കോടതി മുമ്പാകെ WP (c) No.2216/16 എന്ന കേസ് ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിൽ സർക്കാർ വസ്തുത വിവരണ പത്രിക തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രദേശത്തിന്റെ പിന്നോക്കാവസ്ഥയും വിദ്യാഭ്യാസ ആവശ്യകതയും പരിഗണിച്ച് വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയും 18.06.2015 - ൽ WP (c) 3060/2014 എന്ന കേസിലെ ബഹു. ഹൈക്കോടതിയുടെ വിധിയനുസരിച്ചുള്ള സ്കൂൾ മാപ്പിംഗ് പൂർത്തിയാക്കിയ ശേഷം പുതിയ എയ്ഡഡ് ലോവർ പ്രൈമറി സ്കൂൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിന് നിയമ തടസ്സമില്ല. |

| | | | | |
|---|---|---|---|---|
| | | | \\ | വിദ്യാഭ്യാസ വകുപ്പ് നിയമ നടപടികൾ പാലിച്ച് തീരുമാനം കൈക്കൊള്ളേണ്ടതാണ്. |
| 107 (53) | 8263/എഫ്1/2016/പൊ.വി.വ | 8730 തീയതി 02.03.2016 (OA) | വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിലെ വെള്ളമുണ്ട ഗവ. യു.പി. സ്കൂളിലെ ഹൈസ്കൂളായി ഉയർത്തുന്നതിന് 25.02.2016 – ലെ ഇനം നം. 8472 പ്രകാരം മന്ത്രിസഭായോഗം തീരുമാനമെടുക്കുകയുണ്ടായി. | സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച് സർക്കാർ ഇതുവരെ നയപരമായ തീരുമാനം എടുത്തിട്ടില്ല. സാധാരണ ഗതിയിൽ പുതിയ സ്കൂളുകൾ തുടങ്ങുന്നതും അപ്ഗ്രേഡ് ചെയ്യുന്നതും വിലക്കിക്കൊണ്ടുള്ള 13.06.2007 – ലെ സ.ഉ. (പി) നം. 107/2007/പൊ.വി. പ്രകാരം ഉത്തരവ് നിലവിലുണ്ട്. പുതിയ സ്കൂളുകൾ തുടങ്ങുന്നതോ നിലവിലുള്ള സ്കൂളുകൾ ഉയർത്തുന്നതോ സംബന്ധിച്ച് നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടത് കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം V ചട്ടം 2, 2എ എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്ന നടപടിക്രമം അനുസരിച്ചാണ്. ആയതു പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആവശ്യമുള്ള സ്ഥലം കണ്ടെത്തി ഗസറ്റ് വിജ്ഞാപനം ചെയ്ത് ആയതുപ്രകാരം അപേക്ഷകൾ സ്വീകരിച്ചു നടപടിയെടുക്കേണ്ടതാണ്. മേൽ വിഷയത്തിൽ നിയമവകുപ്പിൽനിന്ന് താഴെപറയുന്ന പ്രകാരം അഭിപ്രായം നൽകിയിട്ടുണ്ട്.<br>“സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ബഹു.ഹൈക്കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ട ഒരു കൂട്ടം ഹർജികൾ തീർപ്പാക്കിക്കൊണ്ട് (WP (c) No. 3060/2014 and connected cases) 18.06.2015 ൽ പുറപ്പെടുവിച്ച വിധിന്യായപ്രകാരം ഓരോ പ്രദേശത്തെയും വിദ്യാഭ്യാസ ആവശ്യകത സ്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം സർക്കാർ കൈക്കൊള്ളുകയും വിദ്യാഭ്യാസ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് നടപടി ക്രമങ്ങൾ |

| | | | | |
|---|---|---|---|---|
| | | | | പൂർത്തിയാക്കി അപ്ഗ്രേഡേഷൻ അനുവദിക്കണമെന്നും അതുവരെ ഒരു സ്കൂളും അപ്ഗ്രഡേഷൻ ചെയ്യരുതെന്നും പ്രസ്തുത വിധിന്യായത്തിൽ ബഹു. ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പ്രസ്തുത വിധിന്യായം നടപ്പാക്കിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നുവെന്ന് ഭരണവകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 18.06.2015 ലെ വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ള നടപടികൾ പൂർത്തിയാകാതെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് പ്രസ്തുത വിധിന്യായത്തിനു വിരുദ്ധമാകുംതും കോടതിയലക്ഷ്യത്തിനു കാരണമാകുന്നതുമാണ്." മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. വിദ്യാഭ്യാസ വകുപ്പ് നിയമ നടപടികൾ പാലിച്ച് തീരുമാനം കൈക്കൊള്ളേണ്ടതാണ്. |
| 108 (57) | 51784/റ്റി2/2015/പൊ.വി.വ | 8759<br>തീയതി 16.03.2016 | ഹയർസെക്കന്ററി വിദ്യാഭ്യാസം - എയ്ഡഡ് - 06.11.2014 - ലെ സ.ഉ (കൈ) നം. 229/2014/പൊ.വി.വ., 24.08.2015 തീയതിയിലെ സ.ഉ.(കൈ) നം. 223/2015/പൊ.വി.വ എന്നീ ഉത്തരവുകൾ പ്രകാരം അദ്ധ്യാപക നിയമനം അംഗീകരിക്കുന്നതിന് നൽകിയ അനുമതി 9 സ്കൂൾ മാനേജ്മെന്റുകൾക്ക് കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചു. | 06.11.2014 - ലെ സ.ഉ (കൈ) നം. 229/2014/പൊ.വി.വ., ഉത്തരവ് പ്രകാരം നിബന്ധനകൾക്ക് വിധേയമായി 6 കോർപ്പറേറ്റ് മാനേജ്മെന്റുകൾക്കും 24.08.2015 -ലെ സ.ഉ.(കൈ) നം. 223/2015/പൊ.വി.വ ഉത്തരവ് പ്രകാരം നിബന്ധനകളോടെ മൂന്ന് മാനേജ്മെന്റുകൾക്കും 15.07.2013 തീയതിയിലെ സ.ഉ.(കൈ)211/13/പൊ.വി.വ ഉത്തരവ് പ്രകാരം തസ്തിക സൃഷ്ടിച്ച 15.07.2013 മുതൽ 30 ദിവസം പൂർത്തീകരിച്ച ദിവസം മുതൽ അംഗീകരിച്ച് നൽകുന്നതിന് നൽകിയ ഉത്തരവിന്റെ ആനുകൂല്യം ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ട്, തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടങ്ങൾക്ക് വിധേയമായി, 9 സ്കൂൾ മാനേജ്മെന്റുകൾക്ക് കൂടി ബാധകമാക്കി |

| | | | | |
|---|---|---|---|---|
| | | | | ഉത്തരവ് പുറപ്പെടുവിക്കാനാണ് തീരുമാനിച്ചത്. പ്രസ്തുത സ്കൂളുകൾ താഴെപ്പറയുന്നവയാണ്.<br><br>1. എൻ.എസ്.എസ്.സ്കൂൾസ്, പെരുന്ന, ചങ്ങനാശ്ശേരി<br>2. എം.എസ്.പി.എച്ച്.എസ്.എസ്, മലപ്പുറം<br>3. കടമ്പൂർ എച്ച്.എസ്.എസ്, കടമ്പൂർ, കണ്ണൂർ<br>4. പി.പി.റ്റി.എം.വൈ.എച്ച്.എസ്.എസ്.എസ്, ചേറ്റൂർ, മലപ്പുറം<br>5. എസ്.ഡി.വി. സ്കൂൾ, ആലപ്പുഴ<br>6. എം.എസ്.എം.എച്ച്.എസ്.എസ്, ചാത്തിനാംകുളം, കൊല്ലം<br>7. സെന്റ് ജോസഫ്സ് കനോഷ്യൻ കോൺവെന്റ്, ആലപ്പുഴ<br>8. എം.എസ്.എം. എച്ച്.എസ്.എസ്. കായംകുളം<br>9. എസ്.എസ്.എച്ച്.എശ്.എശ്, മൂർക്കനാട്, മലപ്പുറം.<br><br>പ്രസ്തുത ഫയലിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.<br><br>"In this case, the managers have made appointment without sanctioned posts and at a later stage have forced Government to approve their wrong actions. Such action on the part of managers should not be encouraged by Government. However, the repeated action on the part of the Administrative Department in approving such irregular appointments by creating posts involving huge financial commitment by directly taking up the matter to the Cabinet without the approval of Finance Department |

| | | | | |
|---|---|---|---|---|
| | | | 13 | cannot be justified. And at a later stage or when such similar cases or court cases arises files are forwarded to Finance Department for remarks. It is a clear breach of rule 10(ii) of the Rules of Business.<br>Administrative Department is informed of the above fact and is directed to refrain from such actions and also that the present request cannot be considered as the financial position of the Government is very weak."<br><br>ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടന്ന് എടുത്ത തീരുമാനം പുന:പരിശോധിക്കേണ്ടതാണ്. |
| 109 (58) | 27455/റ്റി2/2015/പൊ.വി.വ | 8760<br>തീയതി 16.03.2016 | ഹയർ സെക്കന്ററി സ്കൂളുകളിലെ 10 എച്ച്. എസ്. എസ്.റ്റി (ജൂനിയർ) 2 -ാം ഭാഷാ തസ്തികകൾ 2003 - 2004, 2005 - 2006, 2007 - 2008 മുതൽ 2009 - 2010 അദ്ധ്യയന വർഷങ്ങളിൽ എച്ച്. എസ്. എസ്.റ്റി ആയി ഉയർത്തുന്നത് സംബന്ധിച്ച ഫയലാണ്. 23 ഹയർ സെക്കന്ററി സ്കൂളുകളിലെ തസ്തികകൾ ഉയർത്തുന്നതിന് ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിരുന്നെങ്കിലും ധനകാര്യ വകുപ്പ് 10 എച്ച്. എസ്. എസ്.റ്റി (ജൂനിയർ) തസ്തികകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് അനുമതി നൽകിയിരുന്നു | 2010-11, 2011-12 എന്നീ അദ്ധ്യയനവർഷങ്ങളിലേക്കുള്ള തസ്തികകളുടെ അപ്ഗ്രേഡേഷൻ 23.02.2013 - ലെ സ.ഉ (കൈ)നം.76/2013/പൊ.വി.വ പ്രകാരം ഉത്തരവായിരുന്നതിന് മുൻകാല പ്രാബല്യം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് ശ്രീ. കെ.വി. ശ്രീജിത്തും മറ്റുള്ളവരും ചേർന്ന് ബഹു. ഹൈക്കോടതിയിൽ WP (C) 20849/13 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിലെ 19.09.2014 - ലെ വിധിപ്രകാരം കോടതി 23.02.2013 -ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുകയും, Rule 1 (d) Chapter XXXII KER പ്രകാരം പരിശോധിച്ച് ബോദ്ധ്യപ്പെട്ടാൽ, 1061 തസ്തികകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് 2011-12 അദ്ധ്യയനവർഷം മുതൽ മുൻകാലപ്രാബല്യം നൽകുവാൻ ഉത്തരവാകുകയുണ്ടായി. 19.09.2014 - ലെ ഉത്തരവിനെതിരെ സർക്കാർ ബഹു. കോടതി ഡിവിഷൻ ബഞ്ച് മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുകയും, |

| | | | | |
|---|---|---|---|---|
| | | | | 17.08.2015 - ലെ WA 724/15 ലെ ഉത്തരവിൻ പ്രകാരം കോടതി 19.09.2014 - ലെ വിധി നടപ്പാക്കുന്നത് നിറുത്തി വയ്ക്കുകയും ചെയ്തിട്ടുണ്ട്.<br><br>ധനകാര്യ വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിലും, ശ്രീ. കെ.വി. ശ്രീജിത്തും മറ്റ് 9 പേരും ചേർന്ന് ഫയൽ ചെയ്ത WP (C) 20849/13 കേസിലെ 19.9.2014 - ലെ വിധിപ്രകാരം ബഹു. ഹൈക്കോടതി 23.02.2013 - ലെ സ.ഉ(കൈ) നം.76/2013/പൊ.വി.വ ഉത്തരവ് പ്രകാരം 1061 എച്ച്. എസ്.എസ്.റ്റി (ജൂനിയർ) തസ്തികകൾ എച്ച്.എസ്.എസ്.റ്റി ആയി ഉയർത്തിയതിന് ഉത്തരവ് തീയതി മുതൽ മാത്രമേ പ്രാബല്യമുള്ളൂ എന്ന വ്യവസ്ഥ റദ്ദാക്കിയതിനെതിരെ സർക്കാർ ഫയൽ ചെയ്തു WA 724/15 ഉം സമാനസാഹചര്യത്തിലുള്ള അപ്പീലുകളും ബഹു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നതിന്റെ വെളിച്ചത്തിൽ, ചുവടെ പട്ടികയിൽ ചേർത്തിരിക്കുൽ 10 എച്ച്. എസ്.എസ്.റ്റി (ജൂനിയർ) തസ്തികകൾ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ എച്ച്.എസ്.എസ്.റ്റി ആയി ഉയർത്തുന്നതിന് തീരുമാനിച്ചു.<br><br>മേൽ വിഷയം സംബന്ധിച്ച് കേസുകൾ ബഹു. ഹൈക്കോടതിയുടെ പരിഗണനയിൽ ഉള്ള സാഹചര്യത്തിലും നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ല. ധനകാര്യവകുപ്പിന്റെ അഭിപ്രായമനുസരിച്ച്, ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ വരുന്ന വിധത്തിലാണ് എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികകൾ അപ്ഗ്രേഡ് ചെയ്തിരിക്കുന്നത് തെരഞ്ഞെടുപ്പ് പൊതു പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാൽ **ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.**<br>കേസിന്റെ തീർപ്പനുസരിച്ച് തീരുമാനം നടപ്പാക്കാവുന്നതാണ്. |

15

| | | | | |
|---|---|---|---|---|
| 110 (65) | 37415/ബി1/2015/പൊ.വി.വ | 8860<br>തീയതി 20.04.2016 | മലപ്പുറം ജില്ലയിലെ കൊടിഞ്ഞി ജി.എം.യു.പി.എസ്സിലെ എൽ.പി.എസ്.എ ആയ ശ്രീമതി. അനുഷ അശോകിന്റെ അന്തർജില്ല, സഹതാപർഹ സ്ഥലംമാറ്റം സംബന്ധിച്ച 03.03.2016 – ലെ സ.ഉ. (സാധാ) നം. 955/2016/പൊ.വി.വ. നമ്പർ ഉത്തരവിന് സാധൂകരണം നൽകാൻ തീരുമാനിച്ചു. | ഒരു ജില്ലയിൽ 5 വർഷം സർവ്വീസ് പൂർത്തിയായതിനുശേഷമേ അന്തർ ജില്ലാ സഹതാപർഹ സ്ഥലമാറ്റത്തിന് അപേക്ഷിക്കുവാൻ സാധിക്കുകയുള്ളൂ. ശ്രീമതി. അനുഷ അശോക് അപേക്ഷ സമർപ്പിക്കുന്ന സമയത്ത് 5 വർഷം പൂർത്തിയായിട്ടില്ല. ഒരു പ്രത്യേക കേസായി പരിഗണിച്ച് ഉത്തരവിട്ട ശേഷം സാധൂകരിക്കുകയാണുണ്ടായത്. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ തീരുമാനം ഒഴിവാക്കേണ്ടതാണ്. |

## 29. GENERAL ADMINISTRATION DEPARTMENT

**പുനഃപരിശോധിക്കേണ്ട ഫയലുകളില്ല.**

## 30. FISHERIES & PORTS DEPARTMENT

**പുനഃപരിശോധിക്കേണ്ട ഫയലുകളില്ല.**

## 31. LABOUR SKILL DEPARTMENT

**പുനഃപരിശോധിക്കേണ്ട ഫയലുകളില്ല.**

## 32. AGRICULTURE DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 111 (5) | 28431/എൻസിഎ3/2013/അഗ്രി | 5939<br>തീയതി 15.02.2016 | 2008 –ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം – ശോഭ സീനിയർ സ്കൂൾ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി ശ്രീ കുറുംബ ട്രസ്റ്റ് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച ഫയലാണ്. | ബഹു. മുഖ്യമന്ത്രിക്ക് ഫയൽ ചംക്രമണം ചെയ്തതായി ഭരണവകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട്. 2008 – ലെ നെൽവയൽ തണ്ണീർതട സംരക്ഷണ ആക്ടിന്റെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിയമവിരുദ്ധമായതിനാൽ തീരുമാനം റദ്ദാക്കേണ്ടതാണ്. |

33. <u>PUBLIC WORKS DEPARTMENT</u>

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 112 (3) | 740869/ബി2/2016/പൊ.മ.വ | 8190<br>തീയതി 03.02.2016 | തദ്ദേശസ്വയംഭരണവകുപ്പിൽ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ. ഉസ്മാന് പൊതുമരാമത്ത് വകുപ്പിലേക്ക്, അന്തർവകുപ്പ് സ്ഥലംമാറ്റം സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവു വരുത്തി പുതിയ വകുപ്പിൽ ഏറ്റവും ജൂനിയറായി പ്രവേശിച്ചു നിശ്ചിത പ്രൊബേഷൻ പുതിയ വകുപ്പിൽ പൂർത്തിയാക്കണം എന്ന വ്യവസ്ഥയോടെ, അസിസ്റ്റന്റ് എന്നിനീയറായി, അന്തർവകുപ്പ് സ്ഥലമാറ്റം അനുവദിക്കുന്നതിന് തീരുമാനിച്ചു. | ഉദ്യോഗസ്ഥ ഭരണപരിഷ്കാരവകുപ്പിന്റെ അഭിപ്രായമനുസരിച്ച് ശ്രീ. ഉസ്മാൻ.പി യ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് പൊതുമരാമത്ത് വകുപ്പിലേയ്ക്ക് അന്തർവകുപ്പ് സ്ഥലമാറ്റം വ്യവസ്ഥയിൽ ഇളവുവരുത്തിപോലും അനുവദിക്കുന്നത് ഉചിതമല്ല എന്നതാണ്. ഒരു വകുപ്പിലെ നിയമനത്തിനു മാത്രമായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമിതനാകുന്ന ജീവനക്കാരന് മറ്റൊരുവകുപ്പിലേക്ക് സ്ഥലമാറ്റം അനുവദിക്കാനാവില്ല. ആയത് തെറ്റായ കീഴ് വഴക്കത്തിനും കോടതി വ്യവഹാരങ്ങൾക്കും കാരണമാകുകയും ചെയ്യും. മന്ത്രിസഭയോഗത്തിനുള്ള കരട് കുറിപ്പ് സമർപ്പിച്ചപ്പോൾ ബഹു. മുൻ ചീഫ് സെക്രട്ടറിയും ശ്രീ. ഉസ്മാന് അന്തർവകുപ്പ് സ്ഥലമാറ്റം അനുവദിക്കുമ്പോൾ, ആ തസ്തികയിലേയ്ക്ക് നിയമനം കാത്തിരിക്കുന്ന പി.എസ്.സി ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളെ തീർച്ചയായും ദോഷകരമായി |

| | | | | |
|---|---|---|---|---|
| | | | | ബാധിക്കുമെന്നതിനാൽ തീരുമാനം പുന:പരിശോധിക്കേണ്ടതാണെന്ന് അറിയിക്കുകയുണ്ടായി.<br>തദ്ദേശസ്വയംഭരണവകുപ്പിൽ അഞ്ചുവർഷം സർവ്വീസ് പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ പുതിയ വകുപ്പിൽ ഏറ്റവും ജൂനിയറായി സർവ്വീസിൽ പ്രവേശിച്ച് പ്രസ്തുത വകുപ്പിൽ പ്രൊബേഷൻ പൂർത്തിയാക്കണമെന്നുള്ള നിബന്ധനയോടെയാണ് ശ്രീ. ഉസ്മാന് അന്തർവകുപ്പ് സ്ഥലമാറ്റം അനുവദിക്കാൻ തീരുമാനിച്ച് ഉത്തരവായത്. നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾക്ക് എതിരായ തീരുമാനം റദ്ദാക്കേണ്ടതാണ്. |
| 113 (8) | ഫയൽ നം. 2763/എച്ച്.കെ.ബി. 3/14/പൊ.ഭ.വ<br>ഫയൽനം. 5147/ഇ1/2016/പൊ.മ.വ | 8516<br>തീയതി 25.02.2016 | ബഹു. മുൻ ആഭ്യന്തരവകുപ്പ് മന്ത്രിയുടെ ഓഫീസ് നവീകരിക്കണമെന്ന ആവശ്യം പരിഗണിച്ച് പൊതുമരാമത്ത് വകുപ്പിനെ സർക്കാർ ഈ പ്രവൃത്തി ഏൽപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ടി ഓഫീസ് നവീകരണത്തിനായി 07.02.2014 - ലെ സ.ഉ.(സാ.ധ) നം. 1192/14/പൊ.ഭ.വ നമ്പർ ഉത്തരവുപ്രകാരം 10,00,000/ രൂപയുടെ ഭരണാനുമതി നൽകുകയും, പ്രവർത്തി ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. | ഓഫീസിലെ ടോയ്‌ലറ്റ് നവീകരണ പ്രവൃത്തിമാത്രം നടത്തിയാൽ മതിയെന്ന് ബഹു. മന്ത്രിയുടെ ഓഫീസിൽ നിന്ന് അറിയിച്ചതിനെ തുടർന്ന്, പൊതുമരാമത്ത് വകുപ്പ് ടോയ്‌ലറ്റ് നവീകരണം മാത്രം നടത്തുകയും, ബാക്കിയുള്ള പ്രവൃത്തികൾ സർക്കാരിന്റെ അറിവോ സമ്മതമോ കൂടാതെ സിഡ്കോ എന്ന പൊതുമേഖലാ സ്ഥാപനം നടത്തുകയാണ് ചെയ്തിട്ടുള്ളത്. ബഹു. മുൻ ആഭ്യന്തരമന്ത്രിയുടെ ഓഫീസിൽ സിഡ്കോ നടത്തിയ പ്രവർത്തികളും സപ്ലൈ ചെയ്ത ഫർണിച്ചറുകളും പൊതുഭരണവകുപ്പുമുഖേനയോ പൊതുഭരണവകുപ്പിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചോ അല്ലാത്തതിനാൽ ടി പ്രവൃത്തികൾ അംഗീകരിച്ചിട്ടുണ്ടായിരുന്നില്ല. സർക്കാരിന്റെ അനുമതി കൂടാതെ സിഡ്കോ ചെയ്ത ഈ പ്രവൃത്തി സാധൂകരിക്കേണ്ടതിനും ബിൽ തുകയായ **55,01,811/ രൂപ** അനുവദിച്ച് നൽകുവാനും പ്രത്യേക അനുമതി ലഭിക്കണമായിരുന്നു.<br>പ്രസ്തുത വിഷയം Out of Agenda ആയി 25.02.2016 - ലെ മന്ത്രിസഭായോഗത്തിൽ ഇനം നം. 8516 ആയി പരിഗണിക്കുകയും ആഭ്യന്തര വിജിലൻസ് വകുപ്പ് മന്ത്രിയുടെ ഓഫീസ് നവീകരിച്ച ഇനത്തിൽ ചെലവ് 55 ലക്ഷം രൂപ സിഡ്കോയ്ക്ക് അനുവദിക്കാവുന്നതാണ് എന്ന നിർദേശം അംഗീകരിക്കുകയും ഉണ്ടായി. കരട് ഉത്തരവ് ധനകാര്യവകുപ്പിന്റെ |

| | | | | |
|---|---|---|---|---|
| | | | 14 | പരിശോധനയ്ക്കായി അയയ്ക്കുകയുണ്ടായി. ധനകാര്യവകുപ്പ് താഴെ പറയുന്ന അഭിപ്രായം നൽകുകയുണ്ടായി.<br>"M/s SIDCO has done the said work without the permission of GAD and no Administrative sanction was issued. Only a quotation from SIDCO was available. The bills are not seen submitted and the furniture are reportedly not added to the stock. Any certificate regarding the completion of the work is not furnished. The matter has been placed in the council as OA.<br>Hence, Administrative Department is informed that Finance is not in a position to offer remarks at this stage without the support of the said details and the works/supply of furniture done without the support of an administrative sanction is irregular."<br>ഓഡിറ്റിനു വിധേയമാക്കേണ്ടതാണ്. |
| 114 (9) | 5414/ഡി3/2016/പൊ.മ.വ | 8627<br>തീയതി 01.03.2016 | തിരുവനന്തപുരം ജില്ലയിലെ ക്വാറികളുടെ പ്രവർത്തനം നിരോധിച്ചിരുന്ന സമയത്ത് കരമന - കളിയിക്കാവിള റോഡിന്റെ ഒന്നാംഘട്ട പ്രവൃത്തിക്കായി പത്തനംതിട്ടയിലെ വടശ്ശേരിക്കരയിൽ നിന്നും മെറ്റൽ കൊണ്ടുവരുന്നതിനും അതിന് അധികമായി വേണ്ടിവരുന്ന "കൺവേയൻസ് ചാർജ്ജ്" കരാറുകാരന് അനുവദിക്കാമെന്നുള്ള 25.03.2015 - ലെ മുൻമുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ തീരുമാനിക്കുകയും പ്രസ്തുത തീരുമാനം മന്ത്രിസഭായോഗത്തിൽ സാധൂകരണം നൽകുകയും ചെയ്തു. | Out of Agenda യായി എടുത്ത തീരുമാനപ്രകാരം 19.89 കോടി രൂപ കൺവേയൻസ് ചാർജ്ജ് ഇനത്തിൽ അധികമായി കരാറുകാരന് അനുവദിക്കുവാൻ തീരുമാനിച്ചു. ഇത്തരം ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുമ്പ് ധനകാര്യവകുപ്പുമായി കൂടിയാലോചിച്ചതായി കാണുന്നില്ല.<br>മുക്കുന്നിമലയിൽ ഉണ്ടായ ക്വാറി നിരോധനത്തെ തുടർന്ന് റോഡ് നിർമ്മാണത്തിന് പര്യാപ്തമായ മെറ്റൽ പത്തനംതിട്ട വടശ്ശേരിക്കരയിൽ നിന്നും ലഭ്യമാക്കുന്നതിനും 80 സാ ദൂരമുള്ളതിനാൽ **19.89 കോടി** രൂപ കൺവെയൻസ് ചാർജ്ജായി നൽകാൻ 25.3.2015 ലെ യോഗത്തിലാണ് തീരുമാനമാനിച്ചു. മന്ത്രിസഭായോഗ തീരുമാനം ഉണ്ടായത്. വകുപ്പ് തലത്തി ൽ ഇതേ ആവശ്യം പരിശോധിച്ച് ശുപാർശ നൽകുകയോ ധനകാര്യ വകുപ്പ് അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും ഈ തുക |

| | | | | |
|---|---|---|---|---|
| | | | 15 | അധികമായതിനാൽ പൊതുമരാമത്ത് വകുപ്പിന്റെ വിജിലൻസ് വിംഗിനെ കൊണ്ട് അന്വേഷണം നടത്തണമെന്ന് ധനകാര്യവകുപ്പ് അഭിപ്രായപ്പെടുകയുണ്ടായി. സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക ഇതുവരെ കരാറുകാരന് നൽകിയിട്ടില്ല. കൂടാതെ Chief Technical Examiner പരിശോധിച്ചുവരുകയാണ്. CTE യുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ (വിജിലൻസ് കേസ് ഉൾപ്പെടെ) എടുക്കാവുന്നതാണ്. |

## 34. POWER DEPARTMENT

**പുന:പരിശോധിക്കേണ്ട ഫയലുകളില്ല.**

## 35. SPORTS AND YOUTH AFFAIRS DEPARTMENT

**പുന:പരിശോധിക്കേണ്ട ഫയലുകളില്ല.**

## 36. TRANSPORT DEPARTMENT

**പുന:പരിശോധിക്കേണ്ട ഫയലുകളില്ല.**

## 37. FOOD AND CIVIL SUPPLIES DEPARTMENT

**പുന:പരിശോധിക്കേണ്ട ഫയലുകളില്ല.**

## 38. SOCIAL JUSTICE DEPARTMENT

| ക്രമ നമ്പർ | ഫയൽ നമ്പർ | മന്ത്രിസഭായോഗ തീരുമാനം നമ്പർ/തീയതി | വിഷയം | സംഗ്രഹം |
|---|---|---|---|---|
| 115 (7) | 998/ഡി3/2016/ സാ.നീ.വ | 8219<br>തീയതി 03.02.2016<br>(OA) | ഭിന്നശേഷിയുള്ള വ്യക്തികളുടെ സംസ്ഥാന അത്‌ലറ്റിക് മീറ്റിന് 50 ലക്ഷം രൂപ അനുവദിക്കാൻ തീരുമാനിച്ചു.<br>ഗ്രാന്റ്-ഇൻ-എയ്ഡ് ചട്ടപ്രകാരം കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക അസോസിയേഷനുകൾക്കാണ് സർക്കാർ ധനസഹായം അനുവദിക്കുന്നത്. | സ്പെഷ്യൽ അത്‌ലറ്റിക് മത്സരങ്ങൾ നടത്തുന്നതിലേക്ക് കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിലിന്റെ 2015-16 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ തുക വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ടി തുക അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് കേരള സ്പോർട്ട്സ് കൗൺസിൽ സെക്രട്ടറി അഭിപ്രായപ്പെട്ടിട്ടുണ്ട്.<br>ധനകാര്യവകുപ്പിന്റെ അനുമതി ഇല്ലാതെ എടുത്ത തീരുമാനം റദ്ദാക്കേണ്ടതാണ്. |

## 39. AYUSH DEPARTMENT

പുനഃപരിശോധിക്കേണ്ട ഫയലുകളില്ല.

## 40. HEALTH & FAMILY WELFARE DEPARTMENT

പുനഃപരിശോധിക്കേണ്ട ഫയലുകളില്ല.

Mochala Kunju R

MOCHALA KUNJU. R
SECTION OFFICER
LAW DEPARTMENT
GOVT. SECRETARIAT
THIRUVANANTHAPURAM

അനുബന്ധം II

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 14-03-2017.**

ഫയൽ നം.63/എസ്.സി.1/2017/പൊ.ഭ.(എസ്.സി.) ഇനം നം: 715

വിഷയം : പൊതുഭരണ വകുപ്പ് - കഴിഞ്ഞ മന്ത്രിസഭയുടെ അവസാനകാലത്തെ 01.01.2016 മുതൽ 30.04.2016 വരെയുള്ള മന്ത്രിസഭായോഗ തീരുമാനങ്ങൾ പുനഃപരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള മന്ത്രിസഭാ ഉപസമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നത്.

തീരുമാനം : കഴിഞ്ഞ മന്ത്രിസഭയുടെ അവസാനകാലത്തെ 01.01.2016 മുതൽ 30.04.2016 വരെയുള്ള മന്ത്രിസഭായോഗ തീരുമാനങ്ങൾ പുനഃപരിശോധിക്കുന്നതിനായി രൂപീകരിച്ച മന്ത്രിസഭാ ഉപസമിതി സമർപ്പിച്ച റിപ്പോർട്ടും ശിപാർശകളും മന്ത്രിസഭാ യോഗം വിശദമായി ചർച്ച ചെയ്ത് താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

| അനുബന്ധത്തിലെ ക്രമ നമ്പർ | തീരുമാനം |
|---|---|
| | **ക്രമവിരുദ്ധ നിയമനങ്ങൾ** |
| 1-27 | ഉപസമിതിയുടെ ശിപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചു. |
| | **റവന്യൂ വകുപ്പ്** |
| 28-40 | ഉപസമിതിയുടെ ശിപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചു. |
| 41 | ഇക്കാര്യത്തിൽ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി റവന്യൂ വകുപ്പ് പുനഃപരിശോധിക്കേണ്ടതാണ്. |
| 42 | ഉപസമിതിയുടെ ശിപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചു. |

(...2)

| | |
|---|---|
| 43 | ഉപസമിതിയുടെ ശിപാർശ ഭേദഗതി ചെയ്തുകൊണ്ട് ഇക്കാര്യം പുനഃപരിശോധനയ്ക്കു വിധേയമാക്കുവാൻ തീരുമാനിച്ചു. |
| 44-51 | ഉപസമിതിയുടെ ശിപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചു. |
| 52 | ഇക്കാര്യത്തിൽ മുൻ മന്ത്രിസഭാ തീരുമാനം റദ്ദാക്കപ്പെട്ടിരുന്നു [സ.ഉ.(എം.എസ്.) നം. 302/2016/ആർ.ഡി. തീയതി 16.04.2016] എന്ന ഉപസമിതി റിപ്പോർട്ടിലെ സാഹചര്യം മന്ത്രിസഭ 'നോട്ട്' ചെയ്തു. |
| 53 | ഇക്കാര്യത്തിൽ ഉപസമിതിയുടെ ശിപാർശ ഭേദഗതി ചെയ്തുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പുമായി കൂടിയാലോചിച്ച് പുനഃപരിശോധനയ്ക്കു വിധേയമാക്കുവാൻ തീരുമാനിച്ചു. |
| 54 | ഉപസമിതിയുടെ ശിപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചു. |
| 55 | ഇക്കാര്യത്തിൽ മുൻ മന്ത്രിസഭാ തീരുമാനം റദ്ദാക്കപ്പെട്ടിരുന്നു [സ.ഉ.(എം.എസ്.) നം. 283/2016/ആർ.ഡി. തീയതി 23.03.2016] എന്ന ഉപസമിതി റിപ്പോർട്ടിലെ സാഹചര്യം മന്ത്രിസഭ 'നോട്ട്' ചെയ്തു. |
| 56-59 | ഉപസമിതിയുടെ ശിപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചു. |
| 60 | ഇക്കാര്യത്തിൽ മുൻ മന്ത്രിസഭാ തീരുമാനം റദ്ദാക്കപ്പെട്ടിരുന്നു [സ.ഉ.(എം.എസ്.) നം. 279/2016/റവന്യു തീയതി 15.03.2016] എന്ന ഉപസമിതി റിപ്പോർട്ടിലെ സാഹചര്യം മന്ത്രിസഭ 'നോട്ട്' ചെയ്തു. |
| 61 | ഉപസമിതിയുടെ ശിപാർശയ്ക്കു അനുസൃതമായി ഇക്കാര്യം പുനഃപരിശോധനയ്ക്കു വിധേയമാക്കുവാൻ തീരുമാനിച്ചു. |

(...3)

| | |
|---|---|
| 62 | ഇക്കാര്യത്തിൽ മുൻ മന്ത്രിസഭാ തീരുമാനം റദ്ദാക്കപ്പെട്ടിരുന്നു [സ.ഉ.(എം.എസ്.) നം. 278/2016/റവന്യു തീയതി 09.03.2016] എന്ന ഉപസമിതി റിപ്പോർട്ടിലെ സാഹചര്യം മന്ത്രിസഭ 'നോട്ട്' ചെയ്തു. |
| 63-68 | ഉപസമിതിയുടെ ശിപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചു. |
| 69 | ഉപസമിതിയുടെ ശിപാർശയ്ക്കു അനുസൃതമായി ഇക്കാര്യം പുനഃപരിശോധനയ്ക്കു വിധേയമാക്കുവാൻ തീരുമാനിച്ചു. |
| **മൃഗസംരക്ഷണ വകുപ്പ്** | |
| 70 | ഉപസമിതിയുടെ ശിപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചു. |
| **ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്** | |
| 71 | ഉപസമിതിയുടെ ശിപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചു. |
| **പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്** | |
| 72-74 | ഉപസമിതിയുടെ ശിപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചു. |
| **ജലവിഭവ വകുപ്പ്** | |
| 75 | ഉപസമിതിയുടെ ശിപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചു. |
| **പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്** | |
| 76 | ഉപസമിതിയുടെ ശിപാർശ ഭേദഗതി ചെയ്തുകൊണ്ട് ഇക്കാര്യം പുനഃപരിശോധനയ്ക്കു വിധേയമാക്കുവാൻ തീരുമാനിച്ചു. |

(...4

| | |
|---|---|
| **നിയമ വകുപ്പ്** | |
| 77 | അഡ്വ. സുധീർ ജേക്കബ്ബ്, കൊല്ലം ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ-ന്റെ സേവനം 08.03.2017-ലെ മന്ത്രിസഭാ തീരുമാനം ഇനം നമ്പർ 788 അനുസരിച്ച് 09.03.2017-ലെ സ.ഉ.(എം.എസ്.) നം.46/17/നിയമം പ്രകാരം അവസാനിപ്പിച്ചിട്ടുള്ളത് മന്ത്രിസഭ 'നോട്ട്' ചെയ്തു. |
| **ആഭ്യന്തര വകുപ്പ്** | |
| 78 | ഉപസമിതിയുടെ ശിപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചു. |
| **വിജിലൻസ് വകുപ്പ്** | |
| 79 | ഉപസമിതിയുടെ ശിപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചു. |
| **വ്യവസായ വകുപ്പ്** | |
| 80 | ഉപസമിതിയുടെ ശിപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചു. |
| **വനം വന്യജീവി വകുപ്പ്** | |
| 81 | ഉപസമിതിയുടെ ശിപാർശ ഭേദഗതി ചെയ്തുകൊണ്ട് ഇക്കാര്യം പുനഃപരിശോധനയ്ക്കു വിധേയമാക്കുവാൻ തീരുമാനിച്ചു. |
| **തദ്ദേശ സ്വയംഭരണ വകുപ്പ്** | |
| 82-83 | ഉപസമിതിയുടെ ശിപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചു. |
| 84 | ഇക്കാര്യത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലായെന്ന സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം കൂടി ലഭ്യമാക്കി ബഹു. സുപ്രീം കോടതി വിധിക്കു അനുസൃതമായി പുനഃപരിശോധനയക്കു വിധേയമാക്കുവാൻ തീരുമാനിച്ചു. |

(...5

| | |
|---|---|
| 85-88 | ഉപസമിതിയുടെ ശിപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചു. |
| | ഉന്നത വിദ്യാഭ്യാസ വകുപ്പ് |
| 89 | സർക്കാർ/എയ്ഡഡ് മേഖലയിൽ പുതിയ കോളേജുകൾ/കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച ഇതിലെ തീരുമാനങ്ങൾ പുനഃപരിശോധിക്കുകയോ റദ്ദ് ചെയ്യുകയോ വേണ്ടെന്ന് തീരുമാനിച്ചു. |
| 90-91 | ഉപസമിതിയുടെ ശിപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചു. |
| 92-93 | ഇക്കാര്യങ്ങളിൽ ഉപസമിതിയുടെ ശിപാർശ ഭേദഗതി ചെയ്തുകൊണ്ട് പുനഃപരിശോധനയ്ക്കു വിധേയമാക്കുവാൻ തീരുമാനിച്ചു. |
| | പൊതു വിദ്യാഭ്യാസ വകുപ്പ് |
| 94 | ഇക്കാര്യത്തിൽ ഉപസമിതിയുടെ ശിപാർശ ഭേദഗതി ചെയ്തുകൊണ്ട് പുനഃപരിശോധനയ്ക്കു വിധേയമാക്കുവാൻ തീരുമാനിച്ചു. |
| 95-109 | ഉപസമിതിയുടെ ശിപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചു. |
| 110 | ഇക്കാര്യത്തിൽ ഉപസമിതിയുടെ ശിപാർശ ഭേദഗതി ചെയ്തുകൊണ്ട് പുനഃപരിശോധനയ്ക്കു വിധേയമാക്കുവാൻ തീരുമാനിച്ചു. |
| | കൃഷി വകുപ്പ് |
| 111 | ഉപസമിതിയുടെ ശിപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചു. |
| | പൊതുമരാമത്ത് വകുപ്പ് |
| 112 | ഉപസമിതിയുടെ ശിപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചു. |
| 113 | ഇക്കാര്യത്തിൽ ഉപസമിതിയുടെ ശിപാർശ ഭേദഗതി ചെയ്തുകൊണ്ട് ധനകാര്യ വകുപ്പിന്റെ പുനഃപരിശോധനയ്ക്കു വിധേയമാക്കുന്നതിന് തീരുമാനിച്ചു. |

| | |
|---|---|
| 114 | ഉപസമിതിയുടെ ശിപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചു. |
| | സാമൂഹ്യനീതി വകുപ്പ് |
| 115 | ഇക്കാര്യത്തിൽ ഉപസമിതിയുടെ ശിപാർശ ഭേദഗതി ചെയ്തുകൊണ്ട് പുനഃപരിശോധനയ്ക്കു വിധേയമാക്കുവാൻ തീരുമാനിച്ചു. |

ഇപ്രകാരം പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്നതിന് മന്ത്രിസഭ തീരുമാനിച്ചിട്ടുള്ള മേൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളിലും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ ഒരു മാസത്തിനകം കുറിപ്പുകൾ മന്ത്രിസഭാ യോഗം മുമ്പാകെ കൊണ്ടുവരേണ്ടതാണ്.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

അഡീഷണൽ സെക്രട്ടറി, പൊതുഭരണ (എസ്.സി.) വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, വിജിലൻസ് വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, നോർക്ക വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, വിവര പൊതുജന സമ്പർക്ക വകു-

(...7)

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, തുറമുഖ വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, പിന്നോക്ക സമുദായ വികസന വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, ടൂറിസം വകുപ്പ്.
~~പ്രിൻസിപ്പൽ സെക്രട്ടറി, ഇലക്ഷൻ വകുപ്പ്.~~
പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.
എക്സ് ഒഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി, ശാസ്ത്ര സാങ്കേതിക വകുപ്പ്.
സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.
സെക്രട്ടറി, നിയമ വകുപ്പ്.
സെക്രട്ടറി, കൃഷി (മൃഗസംരക്ഷണ) വകുപ്പ്.
സെക്രട്ടറി, പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്.
സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.
സെക്രട്ടറി, ജലവിഭവ വകുപ്പ്.
സെക്രട്ടറി, തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും വകുപ്പ്
സെക്രട്ടറി, ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്.
സെക്രട്ടറി, കായിക-യുവജനകാര്യ വകുപ്പ്.
സെക്രട്ടറി, ആയുഷ് വകുപ്പ്.
സെക്രട്ടറി, ഗതാഗത വകുപ്പ്.
സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്.
സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.
സ്പെഷ്യൽ സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് - ഇക്കാര്യം ബഹു. മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നാലും.

എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക് - ഇക്കാര്യം ബഹു. മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നാലും.

Mochala Kunju. R

**MOCHALA KUNJU. R**
**SECTION OFFICER**
**LAW DEPARTMENT**
**GOVT. SECRETARIAT**
**THIRUVANANTHAPURAM**